# സത്യജ്വാല മാസിക

**കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി**

മെയ് 2013 | പുസ്തകം 1 | ലക്കം 3



*എഡിറ്റർ*
ജോർജ് മൂലേച്ചാലിൽ
വള്ളിച്ചിറ പി.ഒ. കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
സി.വി.സെബാസ്റ്റ്യൻ മ്ലാട്ടുശ്ശേരിൽ
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
ആർപ്പൂക്കര ഈസ്റ്റ് പി.ഒ., കോട്ടയം- 686008
ഫോൺ: 9496128188

*ബാങ്ക് :* S B T, Pala Branch
**A/c No. 67117548175**
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBTR0000120


അൽമായശബ്ദം ബ്ലോഗ്: www.almayasabdam.blogspot.com

## ഈ ലക്കത്തിൽ


**ഇതോ മതം?**
മുഖക്കുറി 3

**സിവിൽ വിവാഹമോചനവും പള്ളി വിവാഹമോചനവും**
ജോസഫ് പുലിക്കുന്നേൽ 6

**സഭ ഒരു സർക്കാരേതര സംഘനയല്ല!**
-ഫ്രാൻസീസ് മാർപാപ്പ 8

**രാജിക്കു പിന്നിൽ ഇതും...?** 11

**പത്രാധിപർക്ക് ഒരു കത്ത്**
ജെ.വലിയമംഗലം 12

**സീറോ മലബാർസഭയിൽ 'സഭാസിനഡി'ന്റെ അടിയന്തിരപ്രസക്തി**
ഫാ.ഡേവീസ് കാച്ചപ്പിള്ളി സി.എം.ഐ. 15

**ധ്യാനം!**
സാമുവൽ കൂടൽ 17

**എന്താണ് ധ്യാനം...?**
സക്കറിയാസ് നെടുങ്കനാൽ 18

**മുരിങ്ങൂർ ധ്യാനകേന്ദ്രത്തെ സംബന്ധിച്ച് കോടതിയിൽ സമർപ്പിച്ച റിപ്പോർട്ട്** 21

**ആത്മാവിന് ശരിയെന്നു തോന്നുന്ന ചില കാര്യങ്ങൾ**
പ്രൊഫ.മാത്യു പ്രാൽ 22

**വിശ്വാസികളേ ഉണരുവിൻ!**
സൈമൺ ജോസഫ് 23

**ഇടവകവികാരം**
ബർളി തോമസ് 25

**ഗീവർഗീസ് മാർ കൂറിലോസിന്റെ ഇടയലേഖനം** 26

**സാരാംശം- ഭയപ്പെടുത്തരുത്**
ജോസഫ് മറ്റപ്പള്ളി 27

**സ്കൂൾ രൂപതയുടെ അനുവാദമില്ലാതെ നിർത്തലാക്കി**
ബെന്നി പൈക്കാട് 29

**റോമൻസും ആമ്മേനും നമ്മുടെ വിജയം**
ഇപ്പൻ 30

**പുന്നയ്ക്കൽ സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ പ്രശ്നം- മെത്രാന് കാത്തലിക് ലേമെൻസ് അസ്സോസിയേഷന്റെ കത്ത്** 32

**മോണിക്കാ തോമസ് പ്രശ്നം. ഹിന്ദു ഐക്യവേദി രംഗത്ത്** 33

**ചുമ്മാ! നിങ്ങൾക്കുമാകാം യോഗീശ്വരൻ!**
റോഷൻ ഫ്രാൻസീസ് 34


### സത്യജ്വാല മാസിക

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 15 രൂപാ | 70 രൂപാ |
| ഒരു വർഷം | 150 രൂപാ | 750 രൂപാ |
| 5 വർഷം | 600 രൂപാ | 3000 രൂപാ |



8
സഭ ഒരു സർക്കാരേതര സംഘടനയല്ല
-ഫ്രാൻസീസ് മാർപ്പാപ്പ




'റോമൻ'സും 'ആമ്മേ'നും നമ്മുടെ വിജയം
30




[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്] [രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]

"സാത്താൻെറ കുടിലതന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11–12).

മെയ് 2013 പുസ്തകം 1 : ലക്കം 3

സത്യജ്വാല

## മുഖക്കുറി

# ഇതോ മതം?

മതമെന്നാൽ അഭിപ്രായമെന്നാണർത്ഥം. പക്ഷേ, അത് വെറുമൊരു അഭിപ്രായമല്ല. മറിച്ച്, 'ഞാൻ ആര്?, എന്റെ ഉറവിടം ഏത്?, ഉറവിടവും ഞാനും തമ്മിലുള്ള ബന്ധമെന്ത്?' എന്നിങ്ങനെ തന്റെ ഉണ്മ (being) സംബന്ധിച്ചും, തനിക്കു പുറമേയുള്ള 'ഇവയെല്ലാം എന്ത്?, അവയുടെയെല്ലാം അധിഷ്ഠാനം എന്ത്?, എല്ലാം തമ്മിലുള്ള ബന്ധം എന്ത്?' എന്നിങ്ങനെ ബാഹ്യലോകത്തിന്റെ ഉണ്മ സംബന്ധിച്ചും ഉയരുന്ന അടിസ്ഥാനപരമായ ചോദ്യങ്ങൾക്ക് ഉത്തരം തേടിക്കൊണ്ട് മനുഷ്യൻ രൂപംകൊടുക്കുന്ന ആത്യന്തികമായ അഭിപ്രായമാണ്; ജീവിതത്തിന്റെ ആത്യന്തികത(The ultimate dimension of life) യെക്കുറിച്ചുള്ള ദർശനമാണ്. മനുഷ്യൻ തന്റെ ഉള്ളിലേക്കും പുറത്തേക്കും സ്വന്തം ഉൾക്കണ്ണു തുറന്നുനോക്കുമ്പോൾ സ്വന്തം ഉണ്മ സംബന്ധിച്ചും എല്ലാം തമ്മിലുള്ള ബന്ധം സംബന്ധിച്ചും കാണപ്പെടുന്ന സത്യദർശനമാണത്. ഇംഗ്ലീഷിലെ 'Religion' എന്ന പദത്തിനും എല്ലാം തമ്മിലുള്ള ബന്ധം (relationship) സംബന്ധിച്ച ആത്യന്തികദർശനം എന്ന അർത്ഥമാണല്ലോ ഉള്ളത്.

സത്യം ഏകമെങ്കിലും എല്ലാവരുടെയും സത്യദർശനം ഒരുപോലെ ആകണമെന്നില്ല. കാരണം, മനുഷ്യർ വ്യത്യസ്തരാണ്. ബൗദ്ധികവും മാനസ്സികവുമായ ഘടനയിലും കഴിവുകളിലും വ്യത്യസ്തരാണെല്ലാവരും. അതുകൊണ്ടുതന്നെ എത്ര മനുഷ്യരുണ്ടോ അത്രതന്നെ മതദർശനങ്ങളും സാധ്യമാണ്.

എത്ര മതദർശനങ്ങളുണ്ടായാലും മൗലികനിലപാടുകളുടെ അടിസ്ഥാനത്തിൽ അവയെയെല്ലാം ഏതാനും വിഭാഗങ്ങളിലായി വകതിരിക്കാനാവും. ഒന്നാമതായിത്തന്നെ, മതങ്ങളെ ആസ്തികമെന്നും നാസ്തികമെന്നും അഥവാ പ്രകൃത്യാതീതമെന്നും പ്രകൃത്യാനുസൃതമെന്നും, തരംതിരിക്കാവുന്നതാണ്. ആസ്തികമതദർശനങ്ങളെല്ലാം പരമമായ ഒരു അദൃശ്യചൈതന്യത്തെ, അതീതസത്തയെ, സകലതിനും അധിഷ്ഠാനമായി കാണുമ്പോൾ, നാസ്തികമതദർശനങ്ങൾ ഈ പ്രപഞ്ചത്തെത്തന്നെ എല്ലാറ്റിന്റെയും അധിഷ്ഠാനമായി കാണുന്നു.

ആസ്തികമതദർശനങ്ങളിൽ വീണ്ടും വകഭേദങ്ങളുണ്ടാകാം. പരമമായ സത്ത -ദൈവം, ഈശ്വരൻ, പരമാത്മാവ്, അള്ളാഹു, യഹോവ-യുമായുള്ള ബന്ധം സംബന്ധിച്ച ധാരണയെ ആസ്പദമാക്കി, 'സ്രഷ്ടാവ് - സൃഷ്ടികൾ' എന്ന ദ്വൈതദർശനവും, 'ദൈവികസത്തയും ഞാനുൾപ്പെടെ സകലതും ഏകമാണ്' എന്ന അദ്വൈതദർശനവും, 'ദൈവികസത്തയുടെ അംശങ്ങളാണ് ഞാനുൾപ്പെടെ സകലതും' എന്ന വിശിഷ്ടാദ്വൈതദർശനവുമാണവ. സൂക്ഷ്മപരിശോധനയിൽ, ലോകത്തിലുദയംകൊണ്ടിട്ടുള്ള ആസ്തികമതങ്ങളെല്ലാം തന്നെ ഇതിലൊന്നിൽപ്പെടും. നാസ്തികമതദർശനങ്ങളിലും ഇതേ മൂന്നു നിലപാടുകൾ സാധ്യമാണ്. അതായത്, താനുൾപ്പെടെ സകലതിനെയും പ്രകൃതിയുടെ സൃഷ്ടികളായും, പ്രകൃതി തന്നെയായും, പ്രകൃതിയുടെ അംശങ്ങളായും കാണാം.

ചുരുക്കത്തിൽ, മതദർശനങ്ങൾ ആസ്തികമായാലും നാസ്തികമായാലും സർവ്വചരാചരങ്ങളുടെയും അധിഷ്ഠാനമായി ഒരു ആകമാന ഉണ്മയെ അവ സങ്കല്പിക്കുന്നുണ്ട്. അതനുസരിച്ചു നോക്കുമ്പോൾ, ഞാനും മറ്റുള്ളവരും ആത്യന്തികമായി ഒരേയൊരു ഉണ്മയുടെ സൃഷ്ടികളോ അംശങ്ങളോ ആ ഉണ്മയിൽ ഒന്നായിരിക്കുന്നവരോ ആണെന്നു വരുന്നു; ഒരേ സ്രോതസിൽനിന്നുള്ളവരാണെന്നു വരുന്നു; ഒരേ പൈതൃകമുള്ളവരാണെന്നു വരുന്നു; യേശുവിന്റെ ഭാഷയിൽ, ഒരേ പരമപിതാവിന്റെ മക്കളാണെന്നു വരുന്നു; എല്ലാവരും നേർസഹോദരന്മാരാണെന്നു വരുന്നു.

ഒരു മതത്തിലും വിശ്വസിക്കാത്ത സ്വതന്ത്രബുദ്ധിയായ ഒരാൾക്കുപോലും ഒരല്പനേരം

മനനം ചെയ്താൽ ഈ ഏകത്വദർശനത്തിലും വിശ്വസാഹോദര്യത്തിലും സ്വന്തം നിലയിൽത്തന്നെ എത്തിച്ചേരാനാകും എന്നതാണ് മറ്റൊരു കാര്യം. അതായത്, സ്വതന്ത്രമായ ഏതു സത്യാന്വേഷണവും അവസാനം എത്തിച്ചേരുക, വ്യത്യസ്തരീതികളിലാണെങ്കിലും ഏകത്വദർശനത്തിലും സാഹോദര്യഭാവത്തിലുമാണ്. സ്നേഹത്തിന്റെ ദാർശനികാടിത്തറയും സ്രോതസ്സുമായി വർത്തിക്കുകയാണ്, ഓരോ മതദർശനവും. മതദർശനം ഏതുമാകട്ടെ, അവ മനുഷ്യരിൽ ഉളവാക്കുന്നത് കേവലം ബൗദ്ധികമായ അവബോധം മാത്രമല്ല; മറിച്ച് പോസിറ്റീവ് ആയ ഹൃദയഭാവങ്ങൾ കൂടിയാണ് എന്ന വസ്തുത നമുക്കിവിടെ തെളിഞ്ഞുകിട്ടുന്നു. മതബോധത്തിന്റെ വേരുകൾ അവബോധതലത്തിൽ ആഴ്ന്നിറങ്ങുന്തോറും സ്നേഹഭാവത്തിന്റെ നറുമലരുകൾ പൂത്തുലഞ്ഞ് മനുഷ്യജീവിതത്തെ സുന്ദരവും സുഗന്ധപൂരിതവുമാക്കുന്നു.

ഈ ദാർശനികപശ്ചാത്തലത്തിലാണ്, എല്ലാ മതങ്ങളും അതാതിന്റെ സവിശേഷശൈലികളിൽ ഒരു വിശ്വമഹാകുടുംബത്തെ ഭാവന ചെയ്തിരുന്നത്. മതങ്ങൾ അവയുടെ തനിമയിൽ വ്യക്തികളിലും, സമൂഹങ്ങളിലും നിലനിന്നിരുന്നുവെങ്കിൽ, എത്രയോ മുമ്പേ ഈ ലോകം 'വസുധൈവകുടുംബക'മായി, അല്ലെങ്കിൽ 'ദൈവരാജ്യ'മായി പരിണമിച്ചേനെ! എന്നാൽ ഇന്നു നാം കാണുന്നത്, മതരാഹിത്യത്തിൽമാത്രം മുളപൊട്ടിവളരുന്ന തൻകാര്യവ്യഗ്രതയുടെയും കാലുഷ്യത്തിന്റെയുമായ മത്സരാധിഷ്ഠിതലോകമാണെന്നോർക്കുക. ഇതിൽനിന്നുതന്നെ, മതമെന്നപേരിലിന്നു വിലസിനിൽക്കുന്നവയൊന്നും മതമല്ലെന്നു തെളിയുന്നു. ഫലത്തിൽനിന്നാണല്ലോ വൃക്ഷത്തെ വിലയിരുത്തേണ്ടത്.

മതമെന്നാൽ ആത്യന്തിക കാഴ്ചപ്പാടാണെങ്കിൽ, ആ കാഴ്ചപ്പാടിലെത്തേണ്ടത് ഓരോ മനുഷ്യവ്യക്തിയുമാണ്. കാരണം, മനനം ചെയ്യാനുള്ള മനസ്സ് നൽകപ്പെട്ടിരിക്കുന്നത് ഓരോ വ്യക്തിക്കുമാണ്; സമൂഹത്തിനോ സമൂഹത്തിലെ ഏതെങ്കിലും വിഭാഗത്തിനോ സംവിധാനത്തിനോ അല്ല. അതായത്, ഓരോ മനുഷ്യന്റെയും സത്യാന്വേഷണത്തിന്റെ ഫലമായി അവന്റെയുള്ളിൽ പിറവികൊള്ളുന്നതേ മതമാകൂ. നിലവിലുള്ള ഒരു മതദർശനത്തിന്റെ കാര്യമായാലും, അത് ഒരുവൻ മനനം ചെയ്ത് സ്വാംശീകരിച്ചാലേ അവൻ ആ മതസ്ഥനാകൂ. ഈ അടിസ്ഥാനത്തിൽ നോക്കിയാൽ, യേശുദർശനത്തെ മനനംചെയ്തു സ്വന്തം മതാവബോധത്തിന്റെ ഭാഗമാക്കാത്ത ആരും ക്രൈസ്തവരല്ല എന്നു സമ്മതിക്കേണ്ടിവരും.

മതസ്ഥനാകുക ഇത്ര ബുദ്ധിമുട്ടുള്ള കാര്യമാണെങ്കിൽ അതങ്ങു വേണ്ടെന്നുവച്ചാൽ പോരേ എന്നു തോന്നാം. പക്ഷേ, മനുഷ്യനു നൽകപ്പെട്ടിരിക്കുന്ന വിശേഷബുദ്ധി വേണ്ടെന്നു കരുതുന്നതുപോലെയായിരിക്കുമത്. മനുഷ്യന്റെ സവിശേഷതയാണു വിശേഷബുദ്ധി. മതവും അങ്ങനെതന്നെയാണ്. കാരണം, വിശേഷബുദ്ധിയെ മണ്ണിൽ കുഴിച്ചിടാതെ മനനത്തിലൂടെ പരിപോഷിപ്പിക്കുമ്പോഴുണ്ടാകുന്നതാണു മതം. അതു വിശേഷബുദ്ധിയുടെ തന്നെ പൂത്തുലയലാണ്. അതു മനുഷ്യസഹജവുമാണ്. അതു വേണ്ടെന്നുവയ്ക്കുകയെന്നാൽ മനുഷ്യന്റെ അസ്തമയമായിരിക്കുമത്. മതം മനുഷ്യന്റെ അടിസ്ഥാനമാണെന്നു ചുരുക്കം. എല്ലാ മാനുഷിക മൂല്യങ്ങളുടെയും ഉറവിടമാണത്. മനുഷ്യസംസ്കാരത്തിന് അടിത്തറയായി നിലകൊള്ളുന്നതും മറ്റൊന്നല്ല.

അതുകൊണ്ട്, മനുഷ്യനെ മതാത്മനാക്കുക എന്ന ഉദാത്തലക്ഷ്യമായിരിക്കണം മനുഷ്യനെന്നും മുഖ്യമായിട്ടുണ്ടാകേണ്ടത്. അതിന്, സ്വന്തം ഉൾക്കണ്ണു തുറക്കാനും, എങ്ങും വ്യാപിച്ചുകിടക്കുന്ന പരംപൊരുളിനെ തന്റെ ഉള്ളിന്റെയുള്ളിലും പുറത്തും പരതി കണ്ടെത്താനും ഓരോരുത്തരും പ്രേരിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. മനുഷ്യനിൽ അവശ്യം നടക്കേണ്ട ഈ അന്വേഷണപ്രക്രിയയെ പ്രോത്സാഹിപ്പിക്കുന്നുണ്ടോ എന്നുനോക്കിയാണ്, ഓരോ മതസംവിധാനവും ആദ്ധ്യാത്മികമോ എന്നു വിലയിരുത്തപ്പെടേണ്ടത്. വേദ-ഉപനിഷത് കാലഘട്ടത്തിൽ, ഭാരതത്തിലെ ആചാര്യന്മാർ ഗുരുകുലവിദ്യാഭ്യാസസമ്പ്രദായത്തിലൂടെ ഈ ധർമ്മം നിർവ്വഹിച്ചിരുന്നതായി നമുക്കറിയാം. അന്വേഷണബുദ്ധിയെ ഉദ്ദീപിപ്പിച്ച് മനനത്തിലൂടെയും ധ്യാനത്തിലൂടെയും പരമസത്യത്തിൽ (ബ്രഹ്മത്തിൽ) എത്താനും വിലയിക്കാനും സഹായിക്കുന്ന ആത്മവിദ്യയുടെ ആദ്യപാഠങ്ങൾ 12 വയസ്സിനുള്ളിൽത്തന്നെ അന്ന് അഭ്യസിക്കപ്പെട്ടിരുന്നുവത്രേ! എത്ര തകർത്തിട്ടും ഇന്ത്യയുടെ ആദ്ധ്യാത്മികസംസ്കൃതി തീർത്തും നശിക്കാതിരിക്കുന്നതിനുകാരണം ഈ പൈതൃകമായിരിക്കാം.

ഇനി ലോകത്തിലെ ഏറ്റവും വലിയ മതമെന്നു പറയപ്പെടുന്ന കത്തോലിക്കാസഭയിലേക്കു നോക്കിയാൽ, അവിടെ ആരിലും ഒരു മതവും ജനിക്കുന്നില്ല എന്നുകാണാം. അതനുവദിക്കപ്പെടുന്നേയില്ല. മറിച്ച്, ആരൊക്കെയോ, എന്നൊക്കെയോ, എന്തിനൊക്കെയോവേണ്ടി പ്രഖ്യാപിക്കുകയും എഴുതിവയ്ക്കുകയും ചെയ്തിട്ടുള്ള വിശ്വാസപ്രമാണങ്ങളും വിശ്വാസസത്യങ്ങളുമെല്ലാം, ആത്യന്തികസത്യമെന്ന നിലയിൽ, തൊണ്ടതൊടാതെ വിഴുങ്ങിക്കൊള്ളണം എന്ന അനിഷേധ്യസാഹചര്യമാണ് കത്തോലിക്കാ മാതാപിതാക്കളിൽ ജനിച്ച ഓരോരുത്തരും നേരിടുന്നത്. അങ്ങനെ കത്തോലിക്കരിൽ മനുഷ്യനെ മതത്തിലേക്കു നയിക്കുന്ന അന്വേഷണബുദ്ധി ആദ്യമേതന്നെ നിരോധിക്കപ്പെടുകയാണ്; മതത്തിന്റെ ഭ്രൂണഹത്യ നടത്തപ്പെടുകയാണ്. അങ്ങനെ നോക്കുമ്പോൾ, കത്തോലിക്കാസഭ ഒരു മതവിരുദ്ധപ്ര

സ്ഥാനമല്ലേ എന്നുപോലും വിലയിരുത്തപ്പെടാവുന്നതാണ്.

ഓരോരുത്തരിലുമുള്ള ദൈവസാന്നിദ്ധ്യത്തെ അന്വേഷിച്ചും മുട്ടിവിളിച്ചും കണ്ടെത്താൻ പഠിപ്പിച്ച യേശുവിന്റെ ഉദാരസമീപനത്തിനു ബദലായി, കത്തോലിക്കാ വേദശാസ്ത്രിമാരുടെ സിദ്ധാന്തങ്ങളുടിച്ചേല്പിച്ച് മനുഷ്യന്റെ അന്വേഷണബുദ്ധിയുടെ തന്നെ കൂമ്പടപ്പിച്ചുകളയുന്ന കത്തോലിക്കാസഭയ്ക്കെങ്ങനെ ഒരു മതമെന്ന മഹനീയസ്ഥാനത്തിനർഹതയുണ്ടാകും? മനുഷ്യരെ ദൈവവിശ്വാസത്തിലേക്കു നയിക്കേണ്ടതിനു പകരം ദൈവശാസ്ത്രവിശ്വാസത്തിലേക്കു നയിക്കുന്ന കത്തോലിക്കാസഭയെങ്ങനെ ഒരു ആദ്ധ്യാത്മികമതമാകും? യേശുവിന്റെ ജീവിതബന്ധിയായ മതദർശനത്തെ പ്രതീകാത്മക അനുഷ്ഠാനങ്ങളാക്കി അവതരിപ്പിച്ചും വ്യാജ ആദ്ധ്യാത്മിക സംതൃപ്തി നൽകിയും, യേശു കല്പിച്ച സ്നേഹ-ശുശ്രൂഷാജീവിതത്തിൽനിന്നു മനുഷ്യരെ വ്യതിചലിപ്പിക്കുന്ന ഈ പുരോഹിതപ്രസ്ഥാനമെങ്ങനെ യേശുവിന്റെ മതമാകും? പുരോഹിതനിയമങ്ങളെല്ലാം വെട്ടിയൊതുക്കി, സ്നേഹമെന്ന ഒരേയൊരു നിയമത്തെ ദൈവപ്രമാണമായി അവതരിപ്പിച്ച യേശുവിന്റെ പേരിൽ ആയിരക്കണക്കിനു പുരോഹിതനിയമങ്ങൾ നിർമ്മിച്ചടിച്ചേല്പിക്കുന്ന കത്തോലിക്കാസഭയ്ക്കെങ്ങനെ യേശുവിന്റെ മതമാകാനാകും? അധികാരമരുതെന്നോതിയ യേശുവിന്റെ പേരിൽ ഒരധികാരസാമ്രാജ്യംതന്നെ കെട്ടിയുയർത്തിക്കൊണ്ട് അത് യേശുവിന്റെ മതമാണെന്നു പറഞ്ഞാൽ സുബോധമുള്ളവർക്കതെങ്ങനെ അംഗീകരിക്കാനാകും? യേശു പറഞ്ഞ ദൈവരാജ്യസൃഷ്ടി വേണ്ടെന്നുവച്ചിട്ട് സമുദായസൃഷ്ടി നടത്തുന്ന ഈ പുരോഹിതമതമെങ്ങനെ യേശുവിന്റേതാകും?

ഇല്ല, മതത്തിന്റെ നിർവ്വചനമനുസരിച്ച് കത്തോലിക്കാസഭയെ ഒരു മതമായിക്കാണാൻ ആർക്കും സാധ്യമല്ല. അല്ലെങ്കിൽ, പുരോഹിതമതമെന്ന് എടുത്തുപറയണം.

പുരോഹിതമതങ്ങളുടെ ഊന്നൽ ദർശനത്തിലല്ല എന്നതുകൊണ്ടാണ് അവയൊന്നും യഥാർത്ഥ മതങ്ങളല്ല എന്നു പറയേണ്ടിവരുന്നത്. പകരം, അവയെല്ലാം ഊന്നുന്നത്, ഏതെങ്കിലും ഒരു ദർശനം അവതരിപ്പിച്ച മഹത്‌വ്യക്തികളിലാണ്. അവരെ ആധാരനാവിഗ്രഹങ്ങളാക്കിമാറ്റി, അവരുടെ പ്രീതിക്കും വ്യക്തിഗതഅനുഗ്രഹങ്ങൾക്കുമായി പൂജാദിഅനുഷ്ഠാനങ്ങൾ നടത്തി, അതിൽ പങ്കുകൊള്ളുന്നതാണ് മത-ആദ്ധ്യാത്മികജീവിതമെന്ന് തെറ്റിദ്ധരിപ്പിക്കുകയാണവ ചെയ്യുന്നത്. അങ്ങനെ സത്യസാക്ഷാത്കാരം നേടിയ മഹാത്മാക്കളുടെ അത്യുദാത്ത ജീവിതദർശനങ്ങളെ-മതങ്ങളെ-അവരെത്തന്നെ ഉപയോഗിച്ചു മറികടക്കുന്നു, പുരോഹിതർ. ചുരുക്കത്തിൽ, മതത്തെ വെടക്കാക്കി തങ്ങൾക്കാക്കുന്ന മതവിരുദ്ധപ്രസ്ഥാനമാണ് പൗരോഹിത്യമെന്നു പറയാം.

അതെ, മെയ്യനക്കാതെ ഉദരപൂരണവും സമൂഹത്തിൽ മാന്യതയും ഉറപ്പാക്കുക എന്ന സങ്കുചിതസ്വാർത്ഥലക്ഷ്യത്തോടെ മതത്തിന്റെ മറപറ്റി ഉദയംകൊണ്ടിട്ടുള്ളവയാണ് പുരോഹിതമതങ്ങൾ. പുരോഹിതരെപ്പറ്റി, 'നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നില്ല. പ്രവേശിക്കാൻ തുനിയുന്നവരെ അതിനനുവദിക്കുന്നുമില്ല' എന്ന് യേശു പറഞ്ഞത് എത്ര ശരി! അതേ ശൈലിയിൽ, 'പുരോഹിതർ മതമെന്ന ആത്യന്തികകാഴ്ചപ്പാടിൽ എത്തുന്നില്ല. അതിനു ശ്രമിക്കുന്നവരെ അവരതിനൊട്ട് അനുവദിക്കുന്നുമില്ല' എന്നും പറയാം. ഈ ഒരു തിരിച്ചറിവ് വ്യാപകമാകുന്നതിനനുസരിച്ച്, യേശുവിന്റെ ദർശനത്തിലേക്കു മാനസാന്തരപ്പെടാൻ, യേശുവിന്റെ മതമാകാൻ, കത്തോലിക്കാസഭ പ്രേരിതമായേക്കാം.

മനുഷ്യനെ ഉദാത്തനാക്കുന്നത്, മനനത്തിലൂടെ അവനെത്തിച്ചേരുന്ന ആത്യന്തികകാഴ്ചപ്പാടുകളാണ്, ജീവിതദർശനങ്ങളാണ്, മതങ്ങളാണ്. 'സർവ്വമതസാരവും ഏക'മായതിനാൽ, ലോകത്തിൽ എത്ര മതങ്ങളുണ്ടായാലും യാതൊരു കുഴപ്പവുമില്ല; നല്ലതുമാണ്. എന്നാൽ, പുരോഹിത-സംഘടിതമതങ്ങളെ യഥാർത്ഥ മതങ്ങളിൽ പറ്റിപ്പിടിച്ചുവളരുന്ന ഇത്തിൾക്കണ്ണികളായിട്ടുതന്നെ കാണേണ്ടതുണ്ട്. പക്ഷേ, ലോകത്തിലിന്നു വിലസിനിൽക്കുന്നത് അവയാണ്. തന്മൂലം, 'മതം' എന്ന വാക്കിനോടുതന്നെ ആധുനികമനുഷ്യനു വെറുപ്പായിക്കഴിഞ്ഞു. അതും അപകടമാണ്. കാരണം, അന്ധമായ മതനിരാസത്തിലേക്ക് അതു മനുഷ്യനെ നയിക്കും. മനുഷ്യർ ജീവിതദർശനമില്ലാത്തവരായി മാറും. വേണ്ടത്, മതവൃക്ഷത്തെ മറച്ചുകളഞ്ഞ ഇത്തിൾക്കണ്ണിമതത്തെ വെട്ടിനീക്കുകയാണ്; മതത്തെ പുരോഹിതനീരാളിക്കൈകളിൽനിന്നു മോചിപ്പിക്കുകയാണ്.

**- എഡിറ്റർ**


## വരിസംഖ്യ പുതുക്കുക

വരിസംഖ്യയുടെ കാലാവധി തീർന്നോ എന്ന് റാപ്പറിൽ ഒട്ടിച്ചിരിക്കുന്ന വിലാസത്തിന്റെ ഏറ്റവും താഴത്തെ ലൈനിൽ നോക്കി കണ്ടെത്തണമെന്നും, **കാലാവധി കഴിഞ്ഞവർ മണിയോർഡർ / പാലായിൽ മാറ്റാവുന്ന ചെക്ക് / അക്കൗണ്ടിലേക്ക് മണിട്രാൻസ്ഫർ, ഇവയിലേതെങ്കിലും ഒരു മാർഗ്ഗത്തിലൂടെ എത്രയും വേഗം വരിസംഖ്യ അയച്ചുതരണമെന്നും ഓരോരുത്തരോടും അപേക്ഷിക്കുന്നു.** കവർ രണ്ടാം പേജിൽ സർക്കുലേഷൻ മാനേജരുടെ വിലാസവും കെ.സി.ആർ.എം.ന്റെ ബാങ്കു വിവരങ്ങളും കൊടുത്തിട്ടുള്ളതു കാണുമല്ലോ. -സർക്കുലേഷൻ മാനേജർ.

# സിവിൽ വിവാഹമോചനവും പള്ളി വിവാഹമോചനവും

**ജോസഫ് പുലിക്കുന്നേൽ**

*[2013 ഏപ്രിൽ ലക്കം 'ഓശാന'യിൽ വന്ന ലേഖനം -എഡിറ്റർ]*



**അ**ടുത്തയിടെ കത്തോലിക്കരുടെ വിവാഹമോചനം കാനോൻ നിയമത്തിൻപടി നടത്തണമെന്ന പള്ളിക്കോടതികളുടെ വിധി രാഷ്ട്രം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരോ സുപ്രീംകോടതിയെ സമീപിച്ചു എന്ന പത്രവാർത്ത കണ്ടു. ഇന്ത്യൻ ഭരണഘടന 44-ാം വകുപ്പ് ഇങ്ങനെ പറയുന്നു: **"പൗരന്മാർക്ക് ഭാരതത്തിന്റെ ഭൂപ്രദേശം ഒട്ടാകെ ഏകരൂപമായ ഒരു സിവിൽ നിയമസംഹിത സംപ്രാപ്തമാക്കുവാൻ രാഷ്ട്രം യത്നിക്കേണ്ടതാണ്."** ഇന്ത്യ സ്വതന്ത്രമായപ്പോൾ 558 നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് ഭരണാധികാരത്തിൻകീഴിലുള്ള ഭൂപ്രദേശവും വിവിധ മതനിയമങ്ങളും പ്രാദേശിക പാരമ്പര്യനിയമങ്ങളും നിലവിലുണ്ടായിരുന്നു. ആ നിയമങ്ങളെയെല്ലാം ഏകരൂപമാക്കിത്തീർക്കുന്നതിനുള്ള പരിശ്രമമാണ് രാഷ്ട്രം ഇക്കാലമത്രയും നടത്തിപ്പോന്നത്. വിവിധമതങ്ങൾക്കും ജാതികൾക്കും അവരവരുടേതായ വിവാഹ - വിവാഹമോചന നിയമങ്ങളുണ്ട്. അവയെ ഏകരൂപമാക്കുവാനുള്ള പരിശ്രമത്തിലാണ് രാഷ്ട്രം. ഇന്ത്യയിലാകെ ഭരണഘടനയ്ക്കനുസൃതമായി പൊതു സിവിൽകോഡ് നടപ്പിലാക്കുന്നതിനിടയിലാണ്, കത്തോലിക്കർക്ക് അവരുടെ മതനിയമപ്രകാരമുള്ള വിവാഹമോചനത്തിന് ഗവൺമെന്റ് അംഗീകാരം നൽകണമെന്ന ഈ ആവശ്യം.

**വിവാഹം**

ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാനഘടകമാണ് വിവാഹം. വിവാഹബന്ധത്തിലൂടെയാണ് പൗരന്മാരുണ്ടാകുന്നതും ഒരു പ്രദേശം രാഷ്ട്രമായിത്തീരുന്നതും. ജനവാസമില്ലാത്ത സഹാറായെ ഒരു രാഷ്ട്രമാക്കുവാൻ സാധ്യമല്ല. കാരണം, സഹാറായിൽ പൗരന്മാരില്ല. അപ്പോൾ ഒരു രാഷ്ട്രം എന്ന ആശയത്തിന് പൗരന്മാരുടെ സംഘാതം എന്ന് വേണമെങ്കിൽ വിളിക്കാം. പൗരന്മാരില്ലെങ്കിൽ രാഷ്ട്രമില്ല. രാഷ്ട്രത്തിന്റെ അടിത്തറയായ പൗരന്മാർ തമ്മിലുണ്ടാക്കുന്ന എല്ലാ കരാറുകളും രാഷ്ട്രനിയമത്തിൻകീഴിലായിരിക്കണം. കാരണം, കരാറുകൾ നടപ്പിലാക്കാനുള്ള രാഷ്ട്രീയാധികാരം രാഷ്ട്രത്തിനു മാത്രമേയുള്ളൂ. ഈ അധികാരം മറ്റാർക്കും കൊടുക്കാവുന്നതല്ല.

വിവാഹം പ്രഥമമായും ഒരു കരാറാണ്. സ്ത്രീയും പുരുഷനുംകൂടി ഒരുമിച്ചു ജീവിച്ചുകൊള്ളാമെന്നുള്ള ഒരു കരാർ. ഈ കരാറനുസരിച്ച് വിവാഹത്തിലേർപ്പെടുന്ന ഓരോ വ്യക്തിക്കും ഇതര വ്യക്തിയുടെമേൽ ചില അവകാശങ്ങൾ ജനിക്കുന്നു. ഇന്നലെവരെ സ്വതന്ത്രയായ ഒരു സ്ത്രീ വിവാഹബന്ധത്തിലേർപ്പെടുമ്പോൾ ആ പുരുഷന്റെ സ്വത്തിൽ മൂന്നിലൊന്നിന് അവകാശിയായിത്തീരും. അതുപോലെ മറിച്ചും. ഇവർ മാത്രമല്ല, ഇവരുടെ മക്കൾക്കും നൈയാമികമായ ചില അവകാശങ്ങൾ പിതാവിന്റെയും മാതാവിന്റെയും സമ്പത്തിന്റെമേൽ ജനിക്കുന്നു.

വിവാഹത്തെ വിവിധ ജനതകൾ വിവിധ രീതിയിലാണു കാണുന്നത്. രാഷ്ട്രത്തിന്റെ ദൃഷ്ടിയിൽ വിവാഹം ഒരു കരാറാണ്. അതുകൊണ്ടാണ് ഇപ്പോൾ എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യണം എന്ന നിയമമുണ്ടായത്. ലോകത്തെമ്പാടും ഇതാണു നില. വിവാഹം രജിസ്റ്റർ ചെയ്യുന്നില്ലെങ്കിൽ ഒരു സ്ത്രീക്കും പുരുഷനും പരസ്പരം നൈയാമികമായ അവകാശങ്ങൾ ഉണ്ടാകുകയില്ല. ഒരു സ്ത്രീയും പുരുഷനുംകൂടി ഒരുമിച്ചു താമസിക്കുന്നതിന് നിയമം അനുവദിക്കുന്നുണ്ട്. പക്ഷേ ഒരു സ്ത്രീയും പുരുഷനും ഒരുമിച്ച് താമസിച്ച് കുട്ടികളുണ്ടായാൽ ആ കുട്ടികൾക്ക് ജന്മം നൽകിയ പിതാവിന്റെ സ്വത്തിന് വിവാഹം രജിസ്റ്റർ ചെയ്തില്ലെങ്കിൽ യാതൊരു അവകാശവും കുട്ടികൾക്ക് ഉണ്ടായിരിക്കുകയില്ല. ഓരോ മതത്തിനും ജാതിക്കും പൗരസഞ്ചയത്തിനും വ്യത്യസ്തങ്ങളായ ആചാരമര്യാദകൾ വിവാഹത്തോടനുബന്ധിച്ചുണ്ട്. പരസ്പരം മോതിരം മാറുക, പരസ്പരം മാല ചാർത്തുക, താലികെട്ടുക, പുടവ കൊടുക്കുക എന്നിങ്ങനെ ഓരോ വിഭാഗത്തിനും അവരവരുടേതായ ആചാരങ്ങളുണ്ട്. ഈ ആചാരങ്ങൾ നിറവേറ്റി എന്നതുകൊണ്ട് കരാർ നൈയാമികമാകുകയില്ല. മറിച്ച്,

വിവാഹം രജിസ്റ്റർ ചെയ്യുകതന്നെവേണം. അതുപോലെതന്നെ, ഈ കരാറിൽനിന്നും പരസ്പരം പിൻവാങ്ങുമ്പോൾ ഭാര്യാഭർത്താക്കന്മാർക്ക് അവരുടെ അവകാശങ്ങൾ നിയമം അനുസരിച്ച് ഇല്ലാതാവുകയില്ല. കാരണം, കരാറുകൾ റദ്ദാക്കണമെങ്കിൽ അതിന്റേതായ നടപടിക്രമങ്ങൾ ആവശ്യമാണ്.

**വിവാഹം കത്തോലിക്കാസഭയിൽ**

കത്തോലിക്കരെ സംബന്ധിച്ചിടത്തോളം വിവാഹം കേവലം കരാർ മാത്രമല്ല, മറിച്ച് അത് ഒരു കൂദാശകൂടിയാണ്. കൂദാശ എന്നാൽ ഈശ്വരാനുഗ്രഹദായകമായ ഒരു കർമം. ഈ കർമം നിർവഹിക്കുന്നത് ഭാര്യയും ഭർത്താവുംകൂടിയാണ്. അവരാണ് കാർമികർ. പുരോഹിതൻ കേവലം സാക്ഷി മാത്രമാണ്. കത്തോലിക്കാ സഭയ്ക്ക് ഇതു സംബന്ധമായി രണ്ടു നിയമസംഹിതകളുണ്ട്. (1) 'കോഡ് ഓഫ് കാനോൻ ലോ' ലോകത്തെമ്പാടുമുള്ള ലത്തീൻ ക്രിസ്ത്യൻ വിഭാഗത്തിനുവേണ്ടിയുള്ള നിയമം. (2) 'പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള പൗരസ്ത്യകാനോൻനിയമം'. ഈ രണ്ടു കാനോൻ നിയമങ്ങൾ അനുസരിച്ചും കത്തോലിക്കർക്ക് വിവാഹമോചനം അസാധ്യമാണ്.

1983-ൽ രൂപംകൊടുത്ത 'കോഡ് ഓഫ് കാനോൻ ലോ'യിൽ 110 വകുപ്പുകൾ വിവാഹത്തെക്കുറിച്ചുള്ളതാണ്. 1057-ാം വകുപ്പ് ഇങ്ങനെ പറയുന്നു:

"1. Marriage is brought about through the consent of the parties, legitimately manifested between persons who are capable according to law of giving consent; no human power can replace this consent.

2. Matrimonial consent is an act of the will by which a man and a woman, through an irrevocable covenant, mutually give and accept each other in order to establish marriage".

പൗരസ്ത്യ സഭകളുടെ കാനോൻ നിയമം 853 ഇങ്ങനെ പറയുന്നു: ''സംയോഗംവഴിയായി പൂർണ്ണത കൈവന്നിട്ടുള്ള കൗദാശികവിവാഹ ബന്ധം വേർപെടുത്തുവാൻ ഏതെങ്കിലും മാനുഷികശക്തിക്കോ, മരണത്തിനല്ലാതെ മറ്റേതെങ്കിലും കാരണത്തിനോ കഴിയില്ല."

കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം സഭാനിയമം അനുസരിച്ച് കൂദാശാകർമം കൊണ്ടുമാത്രം വിവാഹം പൂർണമാകുകയില്ല. പരസ്പരം സമ്മതിച്ച് നടക്കുന്ന ആചാരപരമായ നടപടികൾക്കുശേഷം ഭാര്യാഭർത്താക്കന്മാർ പരസ്പരം ലൈംഗികമായി ബന്ധപ്പെടണം. ഈ ബന്ധത്തോടുകൂടിമാത്രമേ ഒരു കത്തോലിക്കാ വിവാഹം പൂർണമാകുകയുള്ളൂ. അങ്ങനെ പൂർണമാക്കപ്പെട്ട



കരാർ റദ്ദാക്കാൻ കത്തോലിക്കാ സഭാനിയമം അനുസരിച്ച് ഒരു മാനുഷിക ശക്തിക്കും സാധ്യമല്ല. ആ നിലയ്ക്ക് കത്തോലിക്കർക്ക് വിവാഹമോചനം ഇല്ലെന്നുതന്നെ പറയാം. എന്നാൽ ഒരു വിവാഹം കത്തോലിക്കാ വിവാഹനിയമത്തിന് അനുസരിച്ചായിരുന്നില്ല എന്നു തെളിയിക്കുമ്പോൾ മാത്രമാണ്, കത്തോലിക്കാ സഭാധികാരം വിവാഹത്തിന്റെ സ്ഥിരതയെ സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. കാനോൻ നിയമത്തിൽ വിവാഹത്തിനു തടസമാകുന്ന കാര്യങ്ങൾ വിശദമായി എഴുതിയിട്ടുണ്ട്. വിവാഹാവസരത്തിൽ ആ തടസ്സങ്ങൾ നിലനിന്നിരുന്നു എന്നു തെളിയിച്ചാൽ വിവാഹം നടന്നിട്ടേയില്ല എന്ന് സഭ പ്രഖ്യാപിക്കുന്നു. ഇവിടെ വിവാഹമോചനമല്ല നടക്കുന്നത്, വിവാഹമേ നടന്നിട്ടില്ല എന്ന പ്രഖ്യാപനമാണ്.

ഈ വ്യവസ്ഥ രാഷ്ട്രം അംഗീകരിക്കണമെന്നാണ് സഭയുടെ ആവശ്യം. വിവാഹസംബന്ധമായ എല്ലാ കാര്യങ്ങളും നിശ്ചയം മുതൽ സ്ഥലത്തെ വികാരിയച്ചന്റെ അറിവോടും സമ്മതത്തോടും കൂടിയാണ് നടക്കുന്നത്. വിവാഹത്തിനുള്ള തടസ്സങ്ങൾ ഏതെല്ലാമാണെന്ന് ഈ അവസരത്തിൽ ഇരു കൂട്ടരെയും ബോധ്യപ്പെടുത്താൻ സഭയ്ക്കു കഴിയണം; കഴിയുന്നുമുണ്ട്. മാത്രമല്ല, ഇപ്പോൾ വിവാഹത്തിനുമുമ്പ് മൂന്നു ദിവസത്തെ ധ്യാനവും പള്ളിയിൽ ഏർപ്പാടുചെയ്തിട്ടുണ്ട്. അങ്ങനെ വിവാഹത്തെക്കുറിച്ച് പൂർണമായ അറിവുള്ള രണ്ടുപേർ വിവാഹബന്ധത്തിലേർപ്പെട്ടുകഴിഞ്ഞിട്ടു പിന്നെയും വിവാഹം അസാധുവാക്കുക എന്നത് തികച്ചും അസ്വീകാര്യമാണ്. വിവാഹം കഴിഞ്ഞ് കുട്ടികളും ജനിച്ചതിനുശേഷം മൂന്നോ നാലോ കൊല്ലങ്ങൾക്കുമുമ്പ് നടന്ന വിവാഹം സാധുവല്ല എന്ന് പ്രഖ്യാപിച്ചു കഴിയുമ്പോൾ നിസ്സഹായയാകുന്നത് സ്ത്രീകളാണ്. എന്റെ അറിവിൽ പെട്ടിടത്തോളം കുട്ടികളുള്ള പലരും അവരുടെ സ്വാധീനം ഉപയോഗിച്ച് വിവാഹം അസ്ഥിരപ്പെടുത്തിയിട്ടുണ്ട്. വിവാഹം അസ്ഥിരപ്പെടുത്തുകയാണെങ്കിൽ വിവാഹത്തിൽ ജനിക്കുന്ന കുട്ടിക്ക് പിതാവിന്റെ സ്വത്തിനുമേൽ ഒരു അവകാശവും ഉണ്ടാകുകയില്ല. വിവാഹം നടന്നില്ല എന്ന് സഭ പ്രഖ്യാപി

ക്കുമ്പോൾ അന്നുവരെ സ്ത്രീപുരുഷന്മാർ ലൈംഗികമായി ബന്ധപ്പെട്ടത് സഭയുടെ ദൃഷ്ടിയിൽ വ്യഭിചാരമായേ വരുകയുള്ളൂ. വിവാഹത്തോടനുബന്ധമായി സ്ത്രീക്കും മക്കൾക്കും പുരുഷന്റെ സ്വത്തിന്മേൽ ചില അവകാശങ്ങളുണ്ട്. വിവാഹം നടന്നില്ല എന്ന് സഭ പ്രഖ്യാപിക്കുന്നതോടെ ഈ അവകാശങ്ങളെല്ലാം നഷ്ടപ്പെടുകയും സ്ത്രീകളും കുട്ടികളും ഇതിന്റെ ദുർഫലം അനുഭവിക്കേണ്ടിവരുകയും ചെയ്യുന്നു. കോടതിവഴിയുള്ള വിവാഹമോചനം നടന്നാൽ സ്ത്രീക്കും കുട്ടികൾക്കും പുരുഷൻ ചെലവിനുള്ള പണം കൊടുക്കാൻ ബാധ്യസ്ഥനാണ്. വിവാഹത്തിൽ ജനിച്ച കുട്ടികൾക്ക് പിതാവിന്റെ സ്വത്തിൻമേൽ അവകാശവും ഉണ്ടായിരിക്കും.

രാഷ്ട്രനിയമമാണോ മതനിയമമാണോ വിവാഹബന്ധത്തെ സംബന്ധിച്ച അവസാനവാക്ക് എന്നുള്ള അതിപ്രധാനമായ ഒരു ചോദ്യം ഇവിടെ ഉദിച്ചിരിക്കുകയാണ്. രാഷ്ട്രനിയമത്തെ മതനിയമം മറികടക്കുകയോ? ഇത് അനുവദിച്ചുകൊടുത്താൽ എല്ലാ മതക്കാരും അവരവരുടേതായ മതനിയമം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി ആവശ്യപ്പെടുകയില്ലേ? ഭരണഘടനയുടെ 44-ാം വകുപ്പിന് കൊലക്കയർ ആകുകയില്ലേ ഇത്? ഇന്ന് എല്ലാ വിവാഹങ്ങളും ഗവൺമെന്റിൽ രജിസ്റ്റർ ചെയ്യണമെന്ന് നിബന്ധനയുണ്ട്. മാത്രമല്ല, വിവാഹത്തിൽ ഏർപ്പെടുന്ന ഇരുകക്ഷികളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമവും ഉണ്ട്. ആ നിയമവ്യവസ്ഥിതിക്ക് കത്തോലിക്കർ പുറത്താണ് എന്നു വരുമ്പോൾ ഭരണഘടനയുടെ പരമാധികാരം കത്തോലിക്കരെ സംബന്ധിച്ചെങ്കിലും ഇല്ലെന്നാകുകയാണ്.

രാഷ്ട്രം മതകോടതിക്ക് വഴങ്ങിയാൽ ഇന്നലെ വരെ ജാതിമതവർഗങ്ങളായി മാറ്റി നിർത്തിയിരുന്ന ജനതകളെയെല്ലാം ഒരേ നിയമത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള പരിശ്രമത്തിന് തുരങ്കംവയ്ക്കലായിരിക്കും സാധ്യമാകുക. അത് ഒരു പരമാധികാര രാഷ്ട്രത്തിന് അംഗീകരിക്കാനാകുമോ?

**അനുചിന്തനം**: *സഭാക്കോടതിയുടെ വിവാഹമോചനം രാഷ്ട്രം അംഗീകരിക്കണമെന്നാവശ്യപ്പെട്ടുള്ള ഈ നീക്കത്തിനുപിന്നിൽ വേറെയും വലിയ ലക്ഷ്യങ്ങൾ ഒളിഞ്ഞിരിപ്പുണ്ടെന്നു തോന്നുന്നു. ഇനി അഥവാ സഭയുടെ വിവാഹമോചനം നിയമപരമായി സാധുവാണെന്ന് സുപ്രീംകോടതി പ്രഖ്യാപിക്കുകയാണെന്നിരിക്കട്ടെ; അതോടെ, കാനോൻ നിയമത്തിനുതന്നെ നിയമസാധുത ലഭിക്കുകയാണ്. കാരണം, സഭയുടെ വിവാഹമോചനം കാനോൻ നിയമപ്രകാരമാണല്ലോ. അതുകൊണ്ട്, ആത്യന്തികമായി, 'ചർച്ച് ആക്ടി'നെതിരെയുള്ള ഒരു ഒളിയുദ്ധമല്ലേ ഇത് എന്നു സംശയിക്കേണ്ടിയിരിക്കുന്നു.* **-എഡിറ്റർ**



**ക**ത്തോലിക്കാസഭ ഒരു വ്യവസ്ഥാപിത മുതലാളിത്തസംവിധാനമല്ല, മറിച്ച്, ഒരു തീവ്രപ്രണയബന്ധത്തിന്റെ, ഇപ്പോഴും തുടരുന്ന, കഥയാണത്. അനേകം ഭരണ/നിയന്ത്രണ കേന്ദ്രങ്ങൾ സ്ഥാപിച്ച് അതിനൊരു മുതലാളിത്ത സ്വഭാവം നൽകുമ്പോൾ, അതിന്റെ ആത്മാവ് നഷ്ടപ്പെടുകയും, വെറുമൊരു സ്വതന്ത്രസംഘടനയായി അധഃപതിക്കാനുള്ള സാദ്ധ്യത വർദ്ധിക്കുകയും ചെയ്യും. സഭ അത്തരമൊരു സംഘടനയല്ല.

ഈ പ്രണയബന്ധത്തിന്റെ കഥ നിങ്ങളെ ഓർമ്മിപ്പിക്കേണ്ടിവരുന്നതിൽ എനിക്ക് ദുഃഖമുണ്ട്. ചില കാര്യങ്ങളൊക്കെ ഒഴിവാക്കാൻ സാധിക്കുകയില്ല; ഓഫീസുകളും ആവശ്യമുണ്ട്. ഒക്കെ ശരി; പക്ഷേ, ഇതെല്ലാം ഒരു പരിധിവരെയേ ആകാവൂ. ഞാൻ സൂചിപ്പിച്ച പ്രണയബന്ധത്തെ പിന്താങ്ങാൻ വേണ്ടിമാത്രമേ ഇതൊക്കെ ആകാവൂ. പ്രസ്ഥാനം പ്രഥമസ്ഥാനത്തേക്ക് ഉയരുമ്പോൾ പ്രണയം തകരുന്നു. നിസ്സഹായയായ സഭ പൂർണ്ണമായും ഒരു NGO (സ്വതന്ത്ര സർക്കാരേതരസംഘടന) യായി തകരുകയും

# ‘സഭ ഒരു സർക്കാരേതര സംഘടനയല്ല!’ -

## - ഫ്രാൻസീസ് മാർപ്പാപ്പാ

*[വത്തിക്കാനിലെ മതകാര്യ വിഭാഗത്തിലെ ജീവനക്കാർക്ക് ഫ്രാൻസീസ് മാർപ്പാപ്പാ നൽകിയ സന്ദേശം. അവംലംബം. UCANINDIA: April 25, 2013. തർജ്ജമ :* **ജോസഫ് മറ്റപ്പള്ളി** *- എഡിറ്റർ ]*

ചെയ്യുന്നു. പക്ഷേ, മുന്നോട്ടുള്ള വഴിയായിരിക്കേണ്ടത് ഇതല്ല.

ഇന്നത്തെ വായനയിൽ നാം കേട്ടത്, അനുഗാമികൾ കൂടുകയും അങ്ങനെ അതിവേഗം വളരുകയും ചെയ്തുകൊണ്ടിരുന്ന ആദ്യക്രിസ്തീയ കൂട്ടായ്മകളെപ്പറ്റിയാണ്. ഇതൊരു നല്ല കാര്യംതന്നെ. ഈ വളർച്ച തുടരാനാവശ്യമായ തന്ത്രങ്ങൾ രൂപകൽപ്പന ചെയ്യാൻ അതൊരു പ്രേരണയായേക്കാമെങ്കിലും, സഭ ഇങ്ങനെ വളരണമെന്നല്ല യേശു ഉദ്ദേശിച്ചതെന്നു പറയാതെ വയ്യ. പ്രതിബന്ധങ്ങളുടെയും കുരിശിന്റെയും, പീഡനങ്ങളുടെയും ഒരു മാർഗ്ഗമാണ് യേശു തന്റെ സഭയ്ക്കായി വിഭാവനം ചെയ്തത്. അത്ഭുതങ്ങൾ സൃഷ്ടിക്കാൻ അതിനു കഴിയും. സഭ മനുഷ്യനിർമ്മിതമല്ലെന്നുള്ള ചിന്ത അതുണർത്തുകയും ചെയ്യും.

നാം കാണുന്നതിലും കൂടുതൽ ആയിരിക്കേണ്ടതാണ് സഭ. ഒരു ശിഷ്യനും സഭയുടെ നിർമ്മിതിയല്ല; പകരം, എല്ലാവരും യേശുവിന്റെ സന്ദേശവാഹകരാണ്. ക്രിസ്തുവാകട്ടെ, പിതാവിനാൽ നിയോഗിക്കപ്പെട്ടവനുമാണ്. എവിടെയാണ് സഭയുടെ തുടക്കം എന്ന് ശ്രദ്ധിച്ചു മനസ്സിലാക്കൂ. ഈ ആശയം വിഭാവനംചെയ്ത പിതാവിന്റെ ഹൃദയത്തിൽനിന്നാണു തുടക്കം. പിതാവിന് വിഭാവനംചെയ്യാൻ എന്തെങ്കിലും ആശയം ഉണ്ടായിരുന്നുവോയെന്നെനിക്കറിയില്ല. പക്ഷേ, പിതാവിന് സ്നേഹമുണ്ടായിരുന്നുവെന്നു നിശ്ചയമുണ്ട്. സമയ ബന്ധനങ്ങളെ ഭേദിച്ച്, ഇപ്പോഴും തുടരുന്ന ഈ പ്രണയകഥ പിതാവിൽനിന്നാരംഭിച്ചു. സ്ത്രീയും പുരുഷനുമായി ഇവിടെയിരിക്കുന്ന നാമോരോരുത്തരും ഈ പ്രണയകഥയിലെ കഥാപാത്രങ്ങളാണ്, ഈ സ്നേഹച്ചങ്ങലയിലെ കണ്ണികളാണ്. ഇതു നമുക്കു മനസ്സിലാകുന്നില്ലെങ്കിൽ സഭ എന്താണെന്നും മനസ്സിലാക്കാനും നമുക്കു സാധിക്കില്ല.

മനുഷ്യശക്തികൊണ്ട് സഭ വളരുന്നില്ല. ചരിത്രപരമായ കാരണങ്ങളാൽ തെറ്റായ ദിശയിലേക്കു തിരിഞ്ഞ ക്രിസ്ത്യാനികളുണ്ട്. അവർക്കു സൈന്യമുണ്ടായിരുന്നു, അവർ മതയുദ്ധങ്ങൾ നയിക്കുകയും ചെയ്തു. പക്ഷേ, ഞാൻ പറഞ്ഞ സ്നേഹത്തിന്റെ ഇപ്പോഴും തുടരുന്ന കഥയുടെ ഭാഗമല്ല അതൊന്നും നമ്മുടെ തെറ്റുകളിൽനിന്നു പാഠമുൾക്കൊണ്ട് ഈ പ്രണയകഥ എങ്ങനെ മുന്നോട്ടു കൊണ്ടുപോകാമെന്നു പഠിക്കണം. എങ്ങനെയാണ് ഈ കഥ തുടരേണ്ടത്?

കടുകുമണിപോലെയും മാവിലെ പുളിപ്പുപോലെയും നിശ്ശബ്ദമായിട്ടാണ് അതു വളരേണ്ടതെന്ന് യേശു ലളിതമായി പറഞ്ഞു. അതിന്റെ ആഴത്തിലുള്ള കേന്ദ്രത്തിൽനിന്ന് സഭയും സാവധാനം വളരണം. സഭ അതിന്റെ ഭൗതിക വലുപ്പത്തിൽ ഊറ്റം കൊള്ളുകയും, അനേകം ഭരണ/നിയന്ത്രണ കേന്ദ്രങ്ങൾ സ്ഥാപിച്ച് അതിനൊരു മുതലാളിത്ത സ്വഭാവം നൽകുകയും ചെയ്യുമ്പോൾ, അതിന്റെ ആത്മാവ് നഷ്ടപ്പെടുകയും, വെറുമൊരു സംഘടനയായി അധഃപതിക്കാനുള്ള സാദ്ധ്യത വർദ്ധിക്കുകയും ചെയ്യും.

സഭയുടെ തലവന്റെ സൈന്യത്തിന്റെ വലുപ്പം ഒന്നു നോക്കൂ. പരിശുദ്ധാത്മാവിന്റെ ശക്തിയാലല്ലാതെ സൈന്യത്തിന്റെ വലുപ്പത്തിലൂടെ സഭ വളരുകയില്ല. കാരണം, സഭ ഒരു പ്രസ്ഥാനമല്ല, ഒരിക്കലുമല്ല. അത് അമ്മയാണ്, അമ്മ. ഈ ബലിയിൽ സംബന്ധിക്കാൻ എത്തിയിരിക്കുന്നവരിൽ നിരവധി അമ്മമാരുണ്ട്. അവരോട്, ‘നിങ്ങൾ ഒരു വീടിന്റെ മാനേജർ ആണെ’ന്നുപറഞ്ഞാൽ എന്തു തോന്നും? ‘അല്ല ഞാൻ അമ്മയാണ്’ എന്നല്ലേ നിങ്ങൾ പറയൂ? സഭയും

## K.C.R.M പ്രവർത്തനപരിപാടികളുടെ വിലയിരുത്തലും മാർപ്പാപ്പായ്ക്കു മെമ്മോറാണ്ടങ്ങൾ സമർപ്പിക്കുന്നതു സംബന്ധിച്ച ആലോചനയും

### മെയ്മാസ ചർച്ചാപരിപാടി

| | | |
|---|---|---|
| മോഡറേറ്റർ | : | **ശ്രീ.കെ.ജോർജ് ജോസഫ്** (ചെയർമാൻ, കെ.സി.ആർ.എം) |
| സമയം | : | **2013 മെയ് 25, ശനി 2.00 പി.എം.** |
| സ്ഥലം | : | **ടോംസ് ചേമ്പർ ഹാൾ, പാലാ** |

**അ**ടുത്തുതന്നെ നടത്താനിരിക്കുന്ന വാർഷിക പൊതുയോഗത്തിനു മുന്നോടിയായി നടത്തപ്പെടുന്ന ഈ പൊതുയോഗത്തിന്റെ മുഖ്യ അജണ്ട:

1. കെ.സി.ആർ.എം. കർമ്മപരിപാടികൾ - ലഘുലേഖ വിതരണം,പോസ്റ്റർ ഒട്ടിക്കൾ, സമരപരിപാടികൾ, 'അൽമായശബ്ദം' ബ്ലോഗ്, 'സത്യജ്വാല'മാസിക- കെ.സി.ആർ.എം. ഭാരവാഹികളുടെയും നിർവ്വാഹകസമിതി അംഗങ്ങളുടെയും നേതൃത്വത്തിൽ സമഗ്രമായ വിലയിരുത്തലിന് വിധേയമാക്കൽ; കൂടുതൽ ഊർജ്ജസ്വലവും ഫലപ്രദവുമാക്കാനുള്ള മാർഗ്ഗങ്ങളുടെ അന്വേഷണം.
2. കെ.സി.ആർ.എം.ന്റെ 2010-ലെ നയപ്രഖ്യാപനരേഖയെ ആസ്പദമാക്കി, സഭാനവീകരണത്തിനുതകുന്ന പ്രസക്തങ്ങളായ മെമ്മോറാണ്ടങ്ങൾ തയ്യാറാക്കി പുതിയ മാർപ്പാപ്പായ്ക്കു സമർപ്പിക്കുന്നതു സംബന്ധിച്ച് കൂട്ടായ ചർച്ച, ആലോചന.

എല്ലാ കെ.സി.ആർ.എം. പ്രവർത്തകരോടും, 'അൽമായശബ്ദം' - 'സത്യജ്വാല' വായനക്കാരോടും, അനുഭാവികളോടും, നമ്മുടെ പ്രവർത്തനങ്ങളെ ഗുണപരമായി മെച്ചപ്പെടുത്താനുദ്ദേശിച്ചുള്ളതും നമ്മുടെ പ്രസ്ഥാനത്തെ സംബന്ധിച്ച് അതിപ്രധാനവുമായ ഈ വിലയിരുത്തൽ - ആലോചനാ പരിപാടിയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാവരേയും സാദരം ക്ഷണിക്കുന്നു!

**കെ.കെ.ജോസ് കണ്ടത്തിൽ**
-സെക്രട്ടറി, KCRM

---

അമ്മയാണ്. പരിശുദ്ധാത്മാവിന്റെ കൃപയാൽ ഇപ്പോഴും തുടരുന്ന ഒരു പ്രണയകഥയുടെ മദ്ധ്യത്തിലുമാണ് നാം ഓരോരുത്തരും. നാമെല്ലാം ഒരുമിച്ച് ഒരു കുടുംബമായി സഭയാകുന്ന അമ്മയോടൊത്ത് ആയിരിക്കുകയും ചെയ്യുന്നു.

*- സഭ വെറുമൊരു സർക്കാരേതര സംഘടന (Non Governmental Organization - NGO) അല്ലെന്ന് ഫ്രാൻസീസ് മാർപ്പാപ്പാ പറയുമ്പോൾ, അത് NGO -യെപ്പോലെയെയായിരുന്നെങ്കിൽ സാരമില്ലായിരുന്നു എന്നാണ് വിശ്വാസിസമൂഹം ആഗ്രഹിക്കുന്നത്. കാരണം, NGO -കൾ പ്രവർത്തിക്കുന്നത് ഒരു ഗവൺമെന്റിനു കീഴിലായിരിക്കും. അവ എന്തെങ്കിലും നിയമലംഘനം നടത്തിയാൽ അതിന്റെ ഗുണഭോക്താക്കൾക്ക് രാഷ്ട്രത്തിന്റെ ഗവൺമെന്റിനെയും കോടതികളെയും സമീപിച്ചു പരിഹാരം തേടാം. പക്ഷേ, നിലവിൽ സഭയിൽ അങ്ങനെയൊരു സാധ്യതയേയില്ല. കാരണം, സഭ ഒരു സർക്കാരേതര സംഘടനയായല്ല; മറിച്ച്, സർക്കാർ സംഘടനതന്നെയായാണു പ്രവർത്തിക്കുന്നത് എന്നതാണ്. അതും ചോദ്യം ചെയ്യാനാവാത്ത രാജകീയ അധികാരഘടനയോടുകൂടിയ ഒരു ആഗോള സർക്കാർ സംഘടന! ഈ വസ്തുത അറിയാത്ത ആളാകുമോ ഫ്രാൻസീസ് മാർപ്പാപ്പാ?*

*പുതിയ മാർപ്പാപ്പാ നടത്തിക്കൊണ്ടിരിക്കുന്ന കാവ്യാത്മകമായ മധുരവർത്തമാനങ്ങൾക്കനുസൃതമായുള്ള പ്രവൃത്തികൾക്ക് വൈകാതെതന്നെ അദ്ദേഹം തുടക്കം കുറിച്ചില്ലെങ്കിൽ, ജനമനസ്സുകളിൽ അദ്ദേഹം ഉണർത്തിയിരിക്കുന്ന പുത്തൻ പ്രതീക്ഷകളും, കൊടുമുടിയിലെത്തിയിരിക്കുന്ന അദ്ദേഹത്തിന്റെ പ്രതിച്ഛായതന്നെയും തകർന്നടിയുകയേയുള്ളു. അതു സംഭവിക്കാതിരിക്കട്ടെ! സഭയിൽ മാറ്റത്തിന്റെ വിത്തുവിതച്ച 23-ാം ജോൺ മാർപ്പാപ്പായുടെ പാഴായിപ്പോയ ഉദ്യമങ്ങൾക്കു തുടർച്ച നൽകാൻ ഫ്രാൻസീസ് മാർപ്പാപ്പായ്ക്കു കഴിയട്ടെ! സഭയെ സമഗ്രമായി മാറ്റിപ്പണിയാൻപോന്ന, യേശുവിന്റേതാക്കാൻപോന്ന, ഒരു മൂന്നാം വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപിക്കാനുള്ള ദീർഘവീക്ഷണവും കരുത്തും അദ്ദേഹത്തിനുണ്ടാകട്ടെ!*




# രാജിക്കു പിന്നിൽ ഇതും....?

*[2013 മെയ് ലക്കം 'ഓശാന'യിൽ 'പരി. റൂഹായ്ക്ക് തെറ്റില്ല' എന്ന ശീർഷകത്തിൽവന്ന ലേഖനത്തിൽനിന്നും ഒരുഭാഗം-എഡിറ്റർ]*

"......ബനഡിക്ട് മാർപാപ്പാ എന്തിന് രാജിവെച്ചു എന്ന് അന്വേഷണം തുടരുകയാണ്. അതിനെക്കുറിച്ച് 'ടൈംസ് ഓഫ് ഇന്ത്യ'യിൽ വന്ന ഒരു ലേഖനം തർജമ ചെയ്ത് താഴെകൊടുക്കുന്നു:

*'കത്തോലിക്കാ സഭയുടെ ഔദ്യോഗിക പഠനത്തിൽ സ്വവർഗരതി അസ്വീകാര്യമാണ്. ഈ നിലപാടിനെ പിന്തുണക്കുന്നതിന് വേദപുസ്തകത്തിലെ പൗലോസിന്റെ കോറിന്ത്യാക്കാർക്കുള്ള ലേഖനം. 6:9,10, റോമാക്കാർക്കുള്ള ലേഖനം 1 : 26–28, 32 മുതലായ ഭാഗങ്ങൾ ബൈബിളിൽനിന്ന് ഉദ്ധരിക്കപ്പെടുന്നുണ്ട്. സ്വവർഗരതിയെക്കുറിച്ച് സഭ പറയുമ്പോഴും പ്രായോഗികമായി നേർവിപരീതമായിട്ടാണ് കാര്യങ്ങൾ പോകുന്നത്. ചരിത്രത്തിൽ അത്യപൂർവമാംവിധത്തിൽ ബനഡിക്ട് പതിനാറാമൻ പേപ്പൽ സ്ഥാനം രാജിവെച്ചതിനു കാരണമായി പറയുന്നത് സ്വവർഗരതിയിൽ അഭിരമിക്കുന്നവരിൽ ഒരു ചെറിയ വിഭാഗം വത്തിക്കാനിൽ ഉണ്ട് എന്നുള്ളതാണ്. സഭയെ വിഷമിപ്പിക്കുന്ന പുതിയ അറിവുകൾ ഇതു സംബന്ധിച്ച് ഉണ്ടായിട്ടുണ്ട്. 'ഇൻഡിപ്പെന്റന്റ്' എന്ന പത്രത്തിലെ ലേഖകനായ മൈക്കിൾഡേ എഴുതുന്നു: 'ഇരുന്നൂറ്റിപ്പത്തു കോടി യൂറോയ്ക്ക് ഇറ്റലിയിലെ ഏറ്റവും വലിയ സ്വവർഗരതികേന്ദ്രമായ അപ്പാർട്ട്മെന്റിന്റെ ഒരു ബ്ലോക്ക് വത്തിക്കാൻ വാങ്ങി. വത്തിക്കാനിലെ വേദപ്രചാരസംഘത്തിന്റെ തലവനായ കാർഡിനൽ ഇവാൻ ഡയസ് എന്ന സഭാരാജകുമാരൻ 12 മുറികളുള്ള ഒരു അപ്പാർട്ടുമെന്റ് വാങ്ങിയിട്ടുണ്ട്. ഈ അപ്പാർട്ടുമെന്റിലൂടെയാണ് യൂറോപ്പിലെ ഏറ്റവും പ്രധാനപ്പെട്ട സ്വവർഗരതി കേന്ദ്രത്തിൽ പ്രവേശിക്കേണ്ടത്. കാർഡിനൽ ഇവാൻ ഡയസ് ബോംബെയിലെ ആർച്ചു ബിഷപ്പായിരുന്നു. ഇത്തരം പതിനെട്ട് അപ്പാർട്ടുമെന്റുകളാണ് വത്തിക്കാൻ വാങ്ങിയത്. ഈ അപ്പാർട്ടുമെന്റുകൾ വാങ്ങിയത് ബഡിക്ട് മാർപാപ്പായുടെ വലംകൈ എന്ന് അറിയപ്പെട്ടിരുന്ന കാർഡിനൽ ടെർസിസോ ബെർട്ടോണി (Cardinal Tarcisio Bertone) ആയിരുന്നു. കാർഡിനൽ ഡയസ് ഒരു യാഥാസ്ഥിതിക കർദിനാളായിട്ടാണ് അറിയപ്പെടുന്നത്. പ്രകൃതിവിരുദ്ധമായ ലൈംഗികതയ്ക്ക് അടിമപ്പെട്ടവരെ കുമ്പസാരമെന്ന കൂദാശയിലൂടെ രക്ഷപെടുത്താമെന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്."*

പത്രങ്ങൾ പുറത്തുകൊണ്ടുവരുന്ന ഇത്തരം വാർത്തകൾ വത്തിക്കാനെ വല്ലാതെ ഉലച്ചിട്ടുണ്ട്. തന്റെ സഹ കർദിനാളന്മാരുടെ കടിഞ്ഞാണില്ലാത്ത പോക്ക് നിയന്ത്രിക്കാൻ ബനഡിക്ടിന് കഴിഞ്ഞില്ല. അതുകൊണ്ട് അദ്ദേഹം സ്ഥാനത്യാഗം ചെയ്യുകയായിരുന്നു. ഏതായാലും ബനഡിക്ടിന്റെ രാജിക്കു പിന്നിലുള്ള കാരണങ്ങൾ വരും കാലങ്ങളിൽ പുറത്തു വരും എന്ന് വിശ്വസിക്കാം........"

## പത്രാധിപർക്ക്
# ഒരു കത്ത്

**ജെ. വലിയമംഗലം**

1) "നാം കാണാനാഗ്രഹിക്കുന്ന മാറ്റമായിരിക്കണം നാം'' എന്ന ഗാന്ധിജിയുടെ ഉൾക്കാഴ്ച ഏതു തിരുത്തൽ സംരംഭത്തിലും ഉത്തമ വഴികാട്ടി.

2) സത്യം സമഗ്രമായിരിക്കണം.

സമൂഹത്തിലെ രണ്ട് പ്രധാന രംഗങ്ങളാണ് മതവും രാഷ്ട്രീയവും. കുടുംബനാഥന്മാരായ സാധാരണക്കാർക്ക് പൊതുവെ, ഈ രംഗങ്ങളിലെ പോരായ്മകളെക്കുറിച്ച് ഉറക്കെപ്പറയുക, ബുദ്ധിമുട്ടുള്ള കാര്യമാണ്. കാരണം, മതത്തിലായാലും രാഷ്ട്രീയത്തിലായാലും ഒറ്റപ്പെടും. അതു ചെറിയ പ്രശ്നമല്ല.

എന്നാൽ, തിരുത്തൽദൗത്യം ഏറ്റെടുത്തു മുമ്പോട്ടിറങ്ങുന്നവരുടെ കാര്യം അങ്ങനെയാകാൻ പാടില്ല. അവർ തിരുത്തൽ പറ്റുന്നത്ര സ്വയം ആരംഭിച്ച് മാതൃകയും പ്രചോദനവുമാകാൻ നല്ല പരിധിവരെ ചുമതലപ്പെടുന്നു. ടീം ആയി പ്രവർത്തിക്കുന്നവരെങ്കിൽ, ചില ബദൽ സംവിധാനങ്ങൾ ആരംഭിച്ചുതന്നെ തിരുത്തൽ ഫലപ്രദമാക്കാൻ ശ്രമിക്കേണ്ടതായും വരാം.

പക്ഷേ, 'ഞാനില്ലാതെ നീ' എന്ന മട്ടാണ് അവരെ സംബന്ധിച്ച് ഏറെയും കാണുക. "എല്ലാവരും മറ്റുള്ളവർ മാറുന്നതിനെക്കുറിച്ച് ചിന്തിക്കുന്നു, ആരും സ്വയം മാറുന്നതിനെക്കുറിച്ചുചിന്തിക്കുന്നില്ല' ' എന്ന ടോൾസ്റ്റോയിയുടെ നിരീക്ഷണവും മേൽപ്പറഞ്ഞ ഗാന്ധിനിർദ്ദേശത്തോട് ചേർത്തുവായിക്കാമെന്നു ചുരുക്കം.

അങ്ങനെവരുമ്പോൾ, എന്തോ ചൊരുക്കു തീർക്കുക എന്നവിധം പകയും വാശിയുമാണ് പലർക്കും വിമർശനം. സ്വന്തം തെറ്റുകൾ കാണാനും, കണ്ടാൽ തിരുത്താനും തയ്യാറല്ലെന്നും വരും.

മറ്റൊന്ന്, സത്യം സമഗ്രമായിരിക്കണം എന്നതാണ്. സ്ഥാപനവത്കരിക്കപ്പെട്ട പ്രസ്ഥാനങ്ങളിൽ, ബന്ധപ്പെട്ടവരുടെ മേലുള്ള നീരാളിപ്പിടുത്തം പലപ്പോഴും കട്ടിയാകാം, ആകുന്നുണ്ട്. അതിൽനിന്നു മോചനം ആവശ്യമെങ്കിലും, ഗുണവശങ്ങൾ, കൂടുതലും കഴിഞ്ഞകാലത്തേത്, കുറേയെല്ലാം തുടർന്നുള്ളതും, മറക്കാൻ പാടില്ല. പകയും വാശിയും മേൽക്കൈ നേടുന്ന വിമർശകർ തീരെ മറന്നുപോകുന്ന കാര്യമാണിത്. തങ്ങൾക്കുതന്നെയും ലഭിച്ചിട്ടുള്ളതും ലഭിക്കുന്നതുമായ ഗുണവശങ്ങളാണ് അവ പലപ്പോഴും എന്നത്, വൈരുദ്ധ്യാത്മകമെന്നതും ചിന്തിപ്പിക്കേണ്ടതാണ്.

കത്തോലിക്കാസഭയിൽ കാതലായ മാറ്റങ്ങൾ അനിവാര്യംതന്നെ. എന്നാൽ, സംസ്ഥാനവും രാജ്യവുമാകുന്ന രംഗങ്ങളിലെ വിശാലസമൂഹത്തെ സംബന്ധിച്ച് അടിയന്തിരമായി ആവശ്യമായ തിരുത്തലുകളുടെ നേർക്കും തിരിഞ്ഞ് മാറ്റത്തിന് മുൻകൈ എടുക്കാനും ചുമതലപ്പെട്ടവർ, അതിന്റെയൊക്കെ നേരെ സൗകര്യമായി കണ്ണടച്ച് തടിതപ്പുന്ന വഞ്ചനാത്മകനിലപാടാണ് കാണുക. പലപ്പോഴും, ഈ രംഗത്തെ ചൂഷണങ്ങളിൽ അവരും പങ്കുകാരും, ഫലത്തിൽ സ്വയം വഞ്ചിക്കുന്നവരും മറ്റുള്ളവരെ വഞ്ചിക്കുന്നവരുമായി പരിണമിക്കുകയും ചെയ്യുന്നു!

സഭയ്ക്കുള്ളതിൽ എത്രയോ മടങ്ങ് ധനമാണ് സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും പൊതു ഖജനാവുകളിലുള്ളത്. അവിടെ ഒരച്ചനും കന്യാസ്ത്രീയും ഭരണത്തിലില്ല. എത്ര കെടുകാര്യസ്ഥതയും അനീതിയുമാണ് അവിടെ നടക്കുക! സഭാസ്വത്തിന്റെ മേൽക്കോയ്മ അവകാശപ്പെടുന്നവർ, അതു പ്രയോഗത്തിലായാൽ ഇപ്പറഞ്ഞതുപോലെ താറുമാറാക്കുകയില്ലെന്ന് എന്തുറപ്പാണുള്ളത്? രാജ്യത്തിന്റെ പൊതുഖജനാവിൽ സംഭവിക്കുന്നതിലും എത്ര തുച്ഛമാണ്, പൊതുവേ സഭയിലെ ഖജനാവിൽ സംഭവിക്കുക എന്നതും ചിന്തിപ്പിക്കണ്ടേ? (അതുകൊണ്ട്, അതു ശരിയെന്ന് സമ്മതിക്കുകയല്ല) ദുരുപയോഗവും സ്വന്തം കീശകളിൽ പോകുന്നതും ഒക്കെ, രാഷ്ട്രീയരംഗവുമായി താരതമ്യപ്പെടുത്തുമ്പോൾ ചെറുതെന്നതിൽ സംശയമില്ലല്ലോ. കൈക്കൂലി പോലുള്ളവ എത്ര കുറവും!

പ്രതിദിനം ഇരുപത് രൂപ വരുമാനവുമായാണ് ജനസംഖ്യയിലെ 77% ജീവിക്കുന്നതെന്നും 50% ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്നതുംപോലുള്ള ആധികാരിക കണ്ടെത്തലുകളുടെ വെളിച്ചത്തിൽ (മലയാളം, ആഗസ്റ്റ്, 6, 2010), വെറും ന്യൂനപക്ഷത്തിന്റെ സുഖസൗകര്യങ്ങൾക്കുവേണ്ടി പൊതുഖജനാവു ചോരുന്ന സംവിധാനമായി ജനാധിപത്യം മാറുന്നതിലെ വൈരുദ്ധ്യം, 'സത്യജ്വാല' പോലുള്ളവയുടെ ഉജ്ജ്വലവക്താക്കൾക്ക് മനഃസാക്ഷിക്കടിയും തലവേദനയുമാകാത്തത്, സഭ നന്നാക്കൽ അനേകർക്കും പകപോക്കലും വാശിയുമാണ് എന്ന മേൽനിരീക്ഷണത്തിനു ബലമേകുകതന്നെ

ചെയ്യുന്നു.

സംസ്ഥാന റവന്യൂ വരുമാനത്തിന്റെ 93% ത്തിലധികം, ഉദ്യോഗസ്ഥരുടെ ശമ്പളത്തിനും പെൻഷനും മറ്റുമായി പോകുന്നുവെന്ന് മുൻ യു.ഡി.എഫ്. സർക്കാരും, അത് 75% ത്തിലധികമെന്ന് പിന്നത്തെ എൽ.ഡി.എഫ്. സർക്കാരും വെളിപ്പെടുത്തിയതാണ്. ഉദ്യോഗസ്ഥർ തിരിച്ചുചെയ്യുന്ന സേവനം ആനുപാതികമായി എത്ര അസന്തുലിതമെന്നതുകൂടി കണക്കിലെടുക്കുമ്പോഴാണ്, ഇവിടുത്തെ ജനാധിപത്യത്തിന്റെ ജീർണത ശരിയായി വ്യക്തമാവുക! കൈക്കൂലിക്കാര്യവും മറ്റും പറയുകയും വേണ്ട!!

സഭയിലെ ജനാധിപത്യക്കുറവിനെക്കുറിച്ചു ന്യായമായും വാചാലരാകുന്നവർക്ക്, അതിലൊക്കെ എത്രയോ വിശാലവും പ്രധാനവുമായ രാഷ്ട്രീയ രംഗത്തെ ജനാധിപത്യത്തെക്കുറിച്ച്, അതു ജനത്തിനുമേലുള്ള ആധിപത്യമാണ്, 'ജനാധിപൈത്യ' മാണ് എന്നതിനെക്കുറിച്ച് ഒന്നും പറയാനില്ലാത്തതും ലജ്ജിപ്പിക്കേണ്ടവിധം വൈരുദ്ധ്യമെന്നതിൽ സംശയം വേണമോ? രാഷ്ട്രീയമുതലെടുപ്പുകൾക്കും ചൂഷണത്തിനും ഇവരിൽത്തന്നെ പലരും പങ്കുകാരാണെന്നതും പലതും അവഗണിക്കാൻ കാരണമാകാം! സത്യത്തോടുള്ള പ്രതിബദ്ധതയെങ്കിൽ ഒരുമിച്ച് ചിലതു, വേണ്ടെന്നുവച്ചു മാതൃകയാകാനും ചുമതലപ്പെടുകയില്ലേ?

ഉദ്യോഗസ്ഥരാരും തങ്ങൾക്കു പണിയുന്നവർക്ക്, പണിയാത്ത ഒരു ദിവസത്തിനോ ഒരു മണിക്കൂറിനുപോലുമോ, വെറുതെ വേതനം നൽകുന്നില്ല. വീട്ടിലെ ആശുപത്രി പ്രശ്നംകൊണ്ടോ, മരണംകൊണ്ടോ ഉച്ചകഴിഞ്ഞ് അവധിയാക്കേണ്ടിവന്നാൽ, ഉച്ചവരെ മാത്രമല്ലേ വേതനം നൽകുന്നുള്ളൂ? 500 റബ്ബർ മരമുണ്ടെങ്കിൽ, ഏതെങ്കിലും ദിവസം 300 മരം വെട്ടിയാൽ കൂലി നൽകുന്നത് അതിനുമാത്രവും! ഇവർക്ക്, പണിയാത്ത എത്രയോ ദിവസങ്ങളിലും മണിക്കൂറുകളിലും ശമ്പളം! ഇവിടെയൊക്കെ ഒരു വൈരുദ്ധ്യവും കാണാത്തതും സത്യത്തിനുവേണ്ടിയുള്ള ജ്വലിക്കലിനേക്കാൾ അഗ്നിയുടെ നശിപ്പിക്കാനുള്ള ജ്വലിക്കൽ ആണെന്ന നിഗമനത്തിന് പ്രാബല്യമേകുന്നു. സഭയുടെ ആത്മീയ നന്മ കണക്കിലെടുത്തുള്ള രോഷം അല്ലെന്നതിന് വീണ്ടും തെളിവും? ആത്മീയതയും ദൈവവിശ്വാസവും ഒക്കെ അത്ര കാര്യമാക്കാത്തവരും സഭ നന്നാക്കലിൽ ജ്വലനാത്മകരാകുന്നത് മറ്റൊരു വൈരുദ്ധ്യവും!

ധാരാളം ആദായം, മക്കളെല്ലാംതന്നെ ജോലിക്കാരും. എന്നാലും, ഭർത്താവിനും ഭാര്യയ്ക്കും പെൻഷൻ എന്നതുപോലുള്ളവയിലെ അസത്യവും അനീതിയും കാണാത്തതും ചോദ്യചിഹ്നം ഉയർത്തുകതന്നെ ചെയ്യുന്നില്ലേ? പൊതുഖജനാവിന്റെ അസന്തുലിത ചോർച്ചകൾവഴി, പൊതുജനനന്മയ്ക്ക് ഭവിക്കുന്ന കോട്ടം നിസ്സാരമോ? തൊഴിലില്ലാവേതനം, തൊഴിലുറപ്പുപോലുള്ളവയും പലപ്പോഴും രാഷ്ട്രീയക്കളി ആകാതില്ല! കാട്ടിലെ തടി, തേവരുടെ ആന......

സത്യത്തോടുള്ള പ്രതിബദ്ധത, തങ്ങളിൽത്തന്നെ തിരുത്തൽ ആരംഭിക്കാനും, സത്യം സമഗ്രമാക്കാനും ബാദ്ധ്യസ്ഥരാക്കുമെന്നുകണ്ടാലേ സദുദ്ദേശ്യ ധാർമ്മിക പിൻബലമുള്ളതാകൂ എന്നു സാരം!

**ജെ. വലിയമംഗലം, പ്രാപ്പൊയിൽ**
കണ്ണൂർ–670511

*മറുപടി: ഞാനേറെ ആദരിക്കുകയും, കത്തോലിക്കാ വൈദികരിൽ ആത്മാർത്ഥതകൊണ്ടും മൗലികചിന്തകൊണ്ടും വേറിട്ടുനിൽക്കുന്നു എന്നു വിലയിരുത്തപ്പെടുകയും ചെയ്യുന്ന റവ. ഡോ. ജെ. വലിയമംഗലത്തിന്റെ ഈ വിമർശനകത്തുപോലും 'സത്യജ്വാല'യെ സംബന്ധിച്ച് ഒരംഗീകാരമാണ് എന്ന് ആദ്യമേ പറയട്ടെ. ഇനി വിമർശനങ്ങൾക്കു മറുപടി പറയേണ്ടിയിരിക്കുന്നു:*

*ഒറ്റപ്പെടൽസാഹചര്യമുള്ളതിനാൽ, മത-രാഷ്ട്രീയരംഗങ്ങളിലെ പോരായ്മകളെ വിമർശിക്കാൻ സാധാരണ കുടുംബനാഥന്മാർക്കു സാധിക്കാറില്ല എന്നദ്ദേഹം ആദ്യമേതന്നെ സമ്മതിക്കുന്നുണ്ട്. അതിൽനിന്നു മനസിലാകുന്നത്, അവരതിനു ധൈര്യപ്പെടുന്നപക്ഷം അദ്ദേഹം അതിനെ സ്വാഗതംചെയ്യുകയേയുള്ളൂ എന്നാണ്. അതുകൊണ്ടാണല്ലോ, 'എന്നാൽ തിരുത്തൽദൗത്യം ഏറ്റെടുത്ത് മുന്നോട്ടിറങ്ങുന്നവരുടെ കാര്യം അങ്ങനെയാകാൻ പാടില്ല', എന്നദ്ദേഹം ഉടനെതന്നെ എടുത്തുപറഞ്ഞിരിക്കുന്നത്. പക്ഷേ, സാധാരണ കുടുംബനാഥന്മാർചേർന്ന് കത്തോലിക്കാസഭയിലെ പോരായ്മകളെ വിമർശിക്കാൻ ഒരു പ്രസ്ഥാനത്തിനു രൂപം കൊടുത്തതിനെയും, മാസിക ആരംഭിച്ചതിനെയും സ്വാഗതംചെയ്യാൻ എന്തുകൊണ്ടോ അദ്ദേഹത്തിനു കഴിയുന്നില്ലതാനും! അപ്പോൾപ്പിന്നെ അദ്ദേഹത്തിന്റെ ഉപദേശം എന്തായിരിക്കുമോ അർത്ഥമാക്കുന്നത്? അദ്ദേഹം പറയുന്ന കുടുംബനാഥന്മാർ പിന്നെ എന്തുചെയ്യണം? ഒറ്റപ്പെടൽ പേടിച്ച് തുടർന്നും മൗനംപാലിക്കണമോ? അതോ, തങ്ങൾ സഭയിൽ കാണുന്ന പോരായ്കളെ തുറന്നുകാണിക്കാൻ ധൈര്യപ്പെടണമോ? അതിനുത്തരം തരാതെ, തന്റെ വാദമുഖംതന്നെ മാറ്റുകയാണദ്ദേഹം. 'സമഗ്രമായ സത്യം ഉൾക്കൊള്ളാതെയും സ്വയം മാറാതെയും ആരും മാറ്റത്തിനായി മുന്നിട്ടിറങ്ങാൻ പാടില്ല' എന്നതാണ് ആ വാദമുഖം!*

*സ്വയം മാറാതെ പള്ളികളിൽ ആദർശപ്രസം*

ഗങ്ങൾ നടത്തുന്ന വൈദികരെയും, സന്മാർഗ്ഗത്തെക്കുറിച്ച് ഇടയലേഖനങ്ങളിറക്കുന്ന മെത്രാന്മാരെയും, സഭയെ കച്ചവടശാലയാക്കുന്ന സഭാസംവിധാനത്തെയുമൊന്നും, ഈ വാദമുഖത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ജെ.വലിയമംഗലം കുറ്റപ്പെടുത്തിയിട്ടുള്ളതായി കേട്ടിട്ടില്ല. യേശുവിനെ പ്രതിനിധീകരിക്കുന്നു എന്നവകാശപ്പെടന്ന പുരോഹിതവിഭാഗത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ഈ വാദമുഖം കൂടുതൽ പ്രസക്തമായിരുന്നില്ലേ? അതോ, വേട്ടക്കാരനൊരുനീതി, ഇരകൾക്ക് മറ്റൊരു രീതി എന്ന ഇരട്ടത്താപ്പുനയമായിരിക്കുമോ ഇദ്ദേഹം സ്വീകരിച്ചിരിക്കുന്നത്? സാധാരണ വൈദികർ വേറൊരു ഭാഷയിൽ ജെ.വലിയമംഗലത്തിന്റെ ഇതേ വാദമുഖം അവതരിപ്പിച്ചുകേട്ടിട്ടുണ്ട്; 'ആദ്യം പോയി യേശുക്രിസ്തുവകാൻ നോക്ക്; എന്നിട്ടുമതി ഞങ്ങളെ വിമർശിക്കാൻ' എന്ന്! വൈദികരായ ആർക്കും, വൈദികവൃത്തി ഉപേക്ഷിച്ചിച്ചവർക്കുപോലും, തങ്ങളുടെ വർഗ്ഗബോധത്തിൽനിന്നും രക്ഷയില്ലെന്നുവേണോ നാം മനസിലാക്കാൻ?

സ്വയം വിമർശനം വേണ്ടെന്നോ, സ്വയം മാറേണ്ടെന്നോ, സത്യത്തെ സമഗ്രമായി ഉൾക്കൊള്ളേണ്ടെന്നോ ഒന്നും ഇവിടെ വാദമില്ല. അവിടെയൊന്നും മനുഷ്യന്, പൂർണത സാദ്ധ്യമായിക്കൊള്ളണമെന്നില്ല എന്ന വസ്തുത മനസിലാക്കി അംഗീകരിക്കുന്നു എന്നുമാത്രം. കാരണം, നാം കാണാനാഗ്രഹിക്കുന്ന, സൃഷ്ടിക്കാൻ ശ്രമിക്കുന്ന, ആ ഭാവിസമൂഹത്തിലല്ല, മനുഷ്യന് ഇന്നു ജീവിക്കേണ്ടിവരുന്നത് എന്നതാണ്. അതായത്, ഇന്നിന്റെ ഒഴുക്കിനെതിരെ തുഴയുന്നവരും ആയിരിക്കുന്നത് ഇന്നിന്റെ ഒഴുക്കിലാണ്. തീവണ്ടിയെ മുച്ചൂടും എതിർത്ത ഗാന്ധിജിക്കും, മൂന്നാം ക്ലാസിലാണെങ്കിലും ട്രയിൻയാത്ര ഒഴിവാക്കാനായില്ല. തങ്ങൾ നികുതി കൊടുക്കേണ്ടവരല്ലെന്നു തീർച്ചയുണ്ടായിരുന്ന യേശുവും നികുതിയടയ്ക്കാൻ ശിഷ്യരോടു നിർദ്ദേശിച്ചു. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തോടു എതിർപ്പുള്ളവർക്കും സ്വന്തം കുട്ടികളെ ആ സമ്പ്രദായത്തിൽത്തന്നെ പഠിപ്പിക്കേണ്ടിവരുന്നു. വിമർശിക്കുന്നവർ ആദ്യം സ്വന്തമായി ഒരു സ്കൂളുണ്ടാക്കട്ടെ എന്നാരെങ്കിലും പറഞ്ഞാൽ, അതെന്തു പറച്ചിലാണ്!

മറ്റൊന്ന്, എന്തെങ്കിലും ചെയ്യുന്നവർക്കെതിരെ, അവർ സമഗ്രസത്യമുൾക്കൊള്ളാതെയും സ്വയം മാറാതെയും പകപോക്കുന്നതിനും നശീകരണത്തിനുമായാണ് ഇറങ്ങിത്തിരിച്ചിരിക്കുന്നത് എന്നൊക്കെ വിധി കല്പിക്കാൻ ഇവിടെ ആർക്കാണധികാരം എന്നതാണ്. അതൊക്കെ അങ്ങനെയാണെന്നു തെളിയിക്കുന്ന യാതൊന്നും ചൂണ്ടിക്കാട്ടാതെ പടപ്പടച്ചുള്ള ഈ വെടിവയ്പിന് ബഹുമാന്യനായ ജെ. വലിയമംഗലത്തിന്റെ പക്കൽ എന്തെങ്കിലും നീതീകരണമുണ്ടാകുമോ എന്തോ?

എന്തുകൊണ്ട്, രാഷ്ട്രീയമേഖലയിൽ നടമാടുന്ന അഴിമതികളും ചൂഷണങ്ങളും കെടുകാര്യസ്ഥതയും കാണാൻ തയ്യാറാകാതെ മതരംഗത്തേക്കു കടന്നുപ്രവർത്തിക്കുന്നു എന്നതാണദ്ദേഹത്തിന്റെ ഒരു ചോദ്യം. 'സത്യജ്വാല'യ്ക്കു ചുക്കാൻ പിടിക്കുന്നവരും അതിലെഴുതുന്നവരും ഇതൊന്നും കാണുന്നില്ലെന്ന് ആരാണ് ജെ. വലിയമംഗലത്തോടു പറഞ്ഞത്? വേറെയും എന്തെല്ലാം കാണുന്നു! ആദിവാസികളുടെ യാതനകൾ, പോലീസ് മർദ്ദനങ്ങൾ, ജയിലിലെ പീഡനങ്ങൾ, സ്ത്രീ വിവേചനം, ആയിരംവിധത്തിലുള്ള മനുഷ്യാവകാശലംഘനങ്ങൾ, എത്യോപ്യയിലെ പട്ടിണിമരണങ്ങൾ.... ഇതിലെവിടെയാണു പ്രവർത്തിക്കേണ്ടതില്ലാത്തത്? പക്ഷേ, എല്ലായിടത്തും പ്രവർത്തിക്കാൻ ആർക്കാണു കഴിയുക? ഈ എല്ലാ രംഗങ്ങളിലും നടക്കുന്ന പ്രതിരോധപരവും സൃഷ്ടിപരവുമായ പ്രവർത്തനങ്ങളെ പിന്തുണച്ചുകൊണ്ട് സ്വന്തമായ ഒരു മേഖലയിൽ ഫോക്കസ് ചെയ്യുകയെന്നതേ, സാധാരണക്കാരായ ആർക്കും പറ്റൂ. ഊന്നൽ എവിടെയായിരിക്കണമെന്നു നിശ്ചയിക്കുന്നത് ഓരോരുത്തരുമാണ്.

ഞങ്ങളുടെ നോട്ടത്തിൽ, മനുഷ്യനെ സംബന്ധിച്ച് ഏറ്റവും അടിസ്ഥാനപരമായിട്ടുള്ളതു മതമാണ്. മതത്തെ അതിന്റെ പ്രാക്തനവിശുദ്ധിയിലേക്കു കൊണ്ടുവന്നാൽ, മറ്റു മേഖലകളും ശരിയായിക്കൊള്ളും. ' ആദ്യം ദൈവരാജ്യവും അവന്റെ നീതിയും തേടുക. എങ്കിൽ, മറ്റുള്ളവയുംകൂടി നിങ്ങൾക്കു നൽകപ്പെടും' എന്ന യേശുവചസ്സ് ചിന്തയുടെയും പ്രവർത്തനങ്ങളുടെയുമെല്ലാം പ്രഥമമേഖല ഏതായിരിക്കണം എന്നതിനെക്കുറിച്ച് ഞങ്ങൾക്ക് ഉൾക്കാഴ്ച നൽകുന്നുണ്ട്. മതനവോത്ഥാനമാണ്, സാംസ്കാരിക-രാഷ്ട്രീയരംഗങ്ങളിലെ ഗുണപരമായ മാറ്റങ്ങൾക്കു കാരണമാകുന്നതെന്ന് ചരിത്രം പരിശോധിച്ചാൽ ആർക്കും കാണാനാകും. കാരണം, അതാണടിത്തറ. അതുകൊണ്ടാണ്, ദൈവശാപവും പുരോഹിതശാപവും പേടിച്ച് ആരും അടുക്കാതിരിക്കുന്ന മതമേഖലതന്നെ ഞങ്ങൾ തിരഞ്ഞെടുത്തിരിക്കുന്നത്. പക്ഷേ, അതിന്റെ പേരിൽ ഞങ്ങൾ പ്രത്യേകമായിട്ടെന്തൊക്കെയോ ഉത്തരവാദിത്വഭാരം വഹിക്കേണ്ടവരാണെന്ന തോന്നലൊന്നും ഞങ്ങൾക്കില്ല. മറ്റാരെയുംപോലെ, വ്യക്തിപരമായ അല്പസ്വല്പ വ്യത്യാസങ്ങളോടെ, ഞങ്ങളും ഈ സഭയിലും സമൂഹത്തിലും ജീവിക്കുന്നു. സഭയിൽ നീതിക്കുവേണ്ടി കഴിയുന്നതുപോലെ പറയുകയും എഴുതുകയും പാടുപെട്ടു പ്രവർത്തിക്കുകയും ചെയ്യുന്നു. അത്രതന്നെ!

യേശുവിനെക്കുറിച്ചും കത്തോലിക്കാമതത്തെക്കുറിച്ചും സെമിനാരികളിലും തനതായ രീതിയിലും ആഴത്തിൽ പഠിച്ച ബഹു. ജെ. വലിയമംഗലത്തിന്, ഒരുപക്ഷേ രാഷ്ട്രീയരംഗത്തെ ശുദ്ധികലശപ്രവർത്തനങ്ങളിലായിരിക്കാം കൂടുതൽ കഴിവും താല്പര്യവും. അതിനുവേണ്ടി അദ്ദേഹം നടത്തുന്ന എല്ലാ ഉദ്യമങ്ങൾക്കും 'സത്യജ്വാല'യുടെ ഭാവുകങ്ങൾ!

**-ജോർജ് മൂലേച്ചാലിൽ**
(എഡിറ്റർ, സത്യജ്വാല)



# സീറോ മലബാർ സഭയിൽ
## 'സഭാസിനഡി'ന്റെ അടിയന്തിര പ്രസക്തി

**ഫാ. ഡേവീസ് കാച്ചപ്പള്ളി സി.എം.ഐ.**

സഭാനവീകരണം എന്ന സമുന്നത ലക്ഷ്യത്തോടെ രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രസിദ്ധീകരിച്ച പതിനാറ് പ്രമാണരേഖകളിലുടനീളം കാണുന്ന സഭാനവീകരണ അന്തർധാരയെ, സഭാകൂട്ടായ്മ, അധികാരവികേന്ദ്രീകരണം, അൽമായ ശാക്തീകരണം എന്നീ മൂന്നുപദങ്ങളിൽ ഒതുക്കാനാകും. കൗൺസിലിനുശേഷം അമ്പതുവർഷം കടന്നുപോയിരിക്കുന്നു; ഇത് (2013) കൗൺസിലിന്റെ 50 -ാം വാർഷികമാണ്. എന്നാൽ ഇന്നോളം മേല്പറഞ്ഞ മഹനീയ ആദർശങ്ങൾ സഭയിൽ കാര്യക്ഷമമായി നടപ്പിലാക്കാനായിട്ടില്ല. സഭാകൂട്ടായ്മയാണ് മറ്റു രണ്ടിന്റെയും അടിസ്ഥാനം. അതിലൂടെ അധികാരവികേന്ദ്രീകരണവും അത്മായശാക്തീകരണവും നടപ്പിലാക്കപ്പെടും. ആഗോളസഭയിൽ നാലാം നൂറ്റാണ്ടുവരെയും കേരളസൂറിയാനിസഭയിൽ 16 -ാം നൂറ്റാണ്ടുവരെയും നിലവിലുണ്ടായിരുന്ന സഭാകൂട്ടായ്മാസമ്പ്രദായം, ക്രിസ്തു പ്രഘോഷിച്ചതും മാതൃക നൽകിയതും സഭയോട് അനുവർത്തിക്കാൻ കല്പിച്ചതുമായ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രായോഗികരൂപമാണ്.

സഭയുടെ ആദിമചൈതന്യത്തിലേക്കും ശൈലിയിലേക്കും (മാർത്തോമ്മാ നിയമവും പള്ളിയോഗസമ്പ്രദായവും) തിരിച്ചുപോയി സഭയെ വിശ്വാസികളുടെ കൂട്ടായ്മയായി നവീകരിക്കണം എന്നതായിരുന്നു കൗൺസിലിന്റെ പ്രബോധനം. എന്നാൽ, കേരളസുറിയാനി സഭയുടെ തലപ്പത്ത് സഭാകൂട്ടായ്മ രൂപീകരിക്കപ്പെട്ടിട്ടില്ല. സീറോ-മലബാർ സഭയുടെ കാര്യങ്ങളെല്ലാം ചർച്ചചെയ്യുന്നതും തീരുമാനിക്കുന്നതുമായ വേദിയായി 1991-നു ശേഷം നിലകൊള്ളുന്നത് സഭയിലെ ഏകപക്ഷീയഘടകമായ മെത്രാന്മാരുടെ സിനഡാണ്. മെത്രാന്മാർ സഭയിലെ ഒരു ഘടകം മാത്രമാണല്ലോ. സഭയിലെ മറ്റ് അടിസ്ഥാനഘടകങ്ങളാണ് വൈദികരും സന്യസ്തരും അല്മായരും. സഭ വിശ്വാസികളുടെ കൂട്ടായ്മയാണ് എന്ന അടിസ്ഥാനത്തിൽ ഇവരുടെ പ്രതിനിധികളെയും സിനഡിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. അത്തരത്തിലുള്ള ഉന്നതാധികാരവേദിയെയാണ് സഭാസിനഡ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇതിലൂടെ മാത്രമേ സഭയിൽ അധികാരവികേന്ദ്രീകരണവും അല്മായശാക്തീകരണവും സാധ്യമാക്കി വിശ്വാസികളുടെ കൂട്ടായ്മയായി സഭയെ നവീകരിക്കാനും വളർത്താനും യേശുവിന്റെ സഭയാക്കാനും സാധിക്കുകയുള്ളൂ. അധികാരവികേന്ദ്രീകരണം അടിസ്ഥാനപ്പെടുത്തിയാണ് റോമാസഭ സീറോ-മലബാർ സഭയ്ക്ക് 1991-ൽ സ്വയംഭരണാവകാശം നൽകിയത്. പക്ഷേ, മാർത്തോമ്മാപാരമ്പര്യപ്രകാരം നസ്രാണിസഭയിൽ അല്മായർക്കുണ്ടായിരുന്ന സാതന്ത്ര്യവും അധികാരാവകാശങ്ങളും അവഗണിച്ചുകൊണ്ട് സഭാഭരണം മെത്രാന്മാരുടെമാത്രം അധീനതയിലാക്കുകയായിരുന്നു. അതാണ് മെത്രാൻ സിനഡിലൂടെ സംഭവിച്ചത്. അതിനുശേഷം സഭാകൂട്ടായ്മ ഇവിടെ നടപ്പിലാക്കാനായിട്ടില്ല.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പരമ്പരാഗതമായ കൂട്ടായ്മാശൈലിക്ക് അനുകൂലമായ സഭാസമ്പ്രദായമല്ല, മെത്രാൻ സിനഡിലൂടെ നിലവിൽ വന്നത്. മറിച്ച്, അത് സീറോ-മലബാർ സഭയെ നല്ലൊരളവോളം കോൺസ്റ്റന്റൈൻ പ്രൗഢിയുടെയും സ്വേച്ഛാധികാരത്തിന്റെയും പതിപ്പാക്കിത്തീർക്കുകയാണു ചെയ്തത്. 23-ാം യോഹന്നാൻ മാർപ്പാപ്പാ രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ ലക്ഷ്യംവച്ചത് കോൺസ്റ്റന്റൈൻ സഭാശൈലികളെ പൊളിച്ചുമാറ്റി സഭാഭരണത്തെ കൂട്ടായ്മയാക്കുക എന്നതായിരുന്നു. എന്നാൽ, മെത്രാൻ

സിനഡ് സഭാഭരണത്തെ കൂടുതൽ ഏകാധിപത്യപരമാക്കിത്തീർത്തു. കൗൺസിലിനുശേഷം ഉപരിപ്ലവമായ ചില നവീകരണങ്ങൾ വരുത്തിയെന്നല്ലാതെ സഭയെ കൂട്ടായ്മയായി വളർത്തുകയോ സ്ഥിരപ്പെടുത്തുകയോ ചെയ്തില്ല. സഭ കേവലമൊരു നൈയാമികസംഘടനയല്ല; മറിച്ച്, സ്നേഹക്കൂട്ടായ്മയാണ് എന്ന കൗൺസിൽ പ്രഖ്യാപനത്തിന് അനുസൃതമായ മാറ്റങ്ങൾ 1992-ലെ കാനോൻ നിയമപരിഷ്കരണത്തിൽ ഉണ്ടായിട്ടില്ലെന്നുമാത്രമല്ല, സഭയെ അതു കൂടുതൽ നൈയാമികവും ആധിപത്യപരവും ആക്കുകയും ചെയ്തു. തന്മൂലം, രൂപതകളിൽ ഇന്നും മെത്രാന്മാരുടെ ഏകാധിപത്യഭരണമാണ് നടമാടുന്നത്. അതിനുതെളിവാണ് തൃശൂർ ആർച്ച് ബിഷപ്പ് തലോർ ഇടവകയിൽ പ്രഖ്യാപിച്ച ഇടവക പുനഃസംവിധാനം. അതേക്കുറിച്ച് രൂപതയിലെ വൈദികസമിതിയുമായും ഇടവകക്കാരുമായും വികാരിയുമായും അയൽപക്ക വികാരിമാരുമായും ആലോചിക്കണമെന്ന കാനോൻ നിയമവും രൂപതാനിയമവും ഇടവകനിയമവും പൂർണ്ണമായി അവഗണിച്ചുകൊണ്ട് തീർത്തും ഏകാധിപത്യപരമായ പ്രഖ്യാപനമാണ് മാർ ആൻഡ്രൂസ് താഴത്ത് ചെയ്തത്. ഇത്രയും വലിയൊരു അധികാരദുർവിനിയോഗം കേരളസഭാചരിത്രത്തിൽ ഉണ്ടായിട്ടില്ല. കാനോൻ നിയമപ്രകാരം സ്ഥാപിക്കപ്പെട്ട മറ്റൊരു ഇടവകയും കേരളത്തിൽ ഇന്നോളം പ്രവർത്തനരഹിതമാക്കിയിട്ടില്ല.

ഇതിലെ മറ്റൊരു വിരോധാഭാസം, നാലു വർഷത്തോളമായി നിലനിൽക്കുന്ന ഈ അധികാരദുർവിനിയോഗം പിൻവലിപ്പിക്കാനോ തിരുത്തിക്കാനോ സീറോ-മലബാർ സഭയുടെ മെത്രാൻസിനഡിന് സാധിച്ചിട്ടില്ല എന്നതാണ്. തലോറിലെ അയ്യായിരത്തിലധികം വിശ്വാസികളുടെ കൂട്ടായ്മയാണ് ഇവിടെ തകർക്കപ്പെട്ടിരിക്കുന്നത്. ഭിന്നതകളും വഴക്കുകളും സംഘർഷങ്ങളും അവിടെ നിത്യസംഭവങ്ങളായിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് രൂപതാധികാരികളും വിശ്വാസികളും തമ്മിലുള്ള നിരവധി കേസുകൾ സിവിൽ കോടതിയിലും സഭാകോടതിയിലും നിലനിൽക്കുന്നുണ്ട്. തൃശൂർ മെത്രാന്റെ അനീതിക്കും നിയമലംഘനങ്ങൾക്കും മെത്രാൻ സിനഡ് കൂട്ടുനിൽക്കുന്നു എന്നതുകൊണ്ടാണ് തലോർ പ്രശ്നം നീതിപൂർവ്വം പരിഹരിക്കപ്പെടാത്തത്. എന്നാൽ, സഭയുടെ ഉന്നതാധികാരവേദിയായ ഇപ്പോഴത്തെ മെത്രാൻസിനഡിനു പകരം ഇവിടെ ശരിയായ ഒരു സഭാസിനഡ് - മെത്രാന്മാരും, വൈദികരും, സന്യസ്തരും, അല്മായരും ഉൾപ്പെടുന്ന കൂട്ടായ്മാസിനഡ്- ഉണ്ടായിരുന്നെങ്കിൽ, ഇത്തരം അധികാരദുർവിനിയോഗങ്ങൾ ഉണ്ടാകില്ലായിരുന്നു. ഉണ്ടായാൽത്തന്നെയും അവ എത്രയും വേഗം തിരുത്തപ്പെട്ടേനെ. ഇതുപോലെതന്നെ ഗൗരവമായ മറ്റൊരു പ്രശ്നമാണ് ഞാറയ്ക്കൽ സ്കൂൾപ്രശ്നം. മെത്രാന്മാരുടെ ഏകാധിപത്യത്തിലൂടെ സഭാകൂട്ടായ്മകൾ തകരുന്നു എന്നതിന് ഇത്തരം ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനാകും. കേരളസഭയിലിന്ന് ഗൗരവമായ പ്രശ്നങ്ങളില്ലാത്ത രൂപതകൾ ഉണ്ടെന്ന് പറയാനാകില്ല.

**ചുരുക്കത്തിൽ, സഭയുടെ ആധുനികസഭാനവീകരണപ്രബോധനം പ്രാവർത്തികമാക്കാനും ഏകപക്ഷീയ മെത്രാൻസിനഡിനെ കൂട്ടായ്മാസിനഡാക്കി ഉയർത്തി ശക്തിപ്പെടുത്താനും, സഭയെ കാലഹരണപ്പെടാൻ ഇടയാക്കാതെ കാലോചിതമായി വളർത്താനും, കൂട്ടായ്മയിലെ എല്ലാ ഘടകങ്ങളുടെയും നന്മകളും സിദ്ധികളും സഭയ്ക്കാകമാനം സംലഭ്യമാക്കാനും, സമവായ ചർച്ചകളിലൂടെയും തീരുമാനങ്ങളിലൂടെയും സഭയിലെ എല്ലാ ഘടകങ്ങൾക്കും നീതി ഉറപ്പിക്കാനും, ഏതൊരു വിഭാഗത്തിന്റെയും പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കപ്പെടാനും, സഭാപ്രവർത്തനങ്ങളിൽ എല്ലാ വിഭാഗങ്ങൾക്കും പങ്കാളിത്തം ഉറപ്പാക്കാനും, സുതാര്യതയും കർമ്മശേഷിയും വർദ്ധിപ്പിച്ച് സഭയെ സുസ്ഥിരമാക്കാനും എല്ലാവിഭാഗങ്ങൾക്കും പ്രാതിനിധ്യമുള്ള ശരിയായ ഒരു സഭാസിനഡ് അടിയന്തിരമായി രൂപപ്പെടുത്തേണ്ടതുണ്ട്. അതിനുള്ള എല്ലാ ശ്രമങ്ങളും സഭയുടെ എല്ലാ തലങ്ങളിലും ഉണ്ടാകേണ്ടിയിരിക്കുന്നു.**

(ഒരു അഭ്യർത്ഥന: ഈ ലേഖനവും കഴിഞ്ഞലക്കത്തിലെ 'രൂപതാദ്ധ്യക്ഷന്റെ തട്ടിപ്പ്' എന്ന ലേഖനവും തുടർന്നുള്ള ലേഖനങ്ങളും അവയ്ക്കു ലഭിക്കുന്ന പ്രതികരണങ്ങളുംകൂടി ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട്, താഴെകൊടുത്തിരിക്കുന്ന ഫോൺനമ്പരും, വിലാസവും ശ്രദ്ധിക്കണമെന്നും പ്രതികരണങ്ങൾ അയച്ചുതരണമെന്നും പ്രബുദ്ധരായ 'സത്യജ്വാല' വായനക്കാരോട് അഭ്യർത്ഥിക്കുന്നു - ലേഖകൻ)


ഫോൺ: 9497179433

**വിലാസം: ഫാ. ഡേവീസ് കാച്ചപ്പിള്ളി -സി.എം.ഐ, കാർമ്മൽഗിരി ആശ്രമം, കോർമല, കുറ്റിച്ചിറ പി.ഒ. തൃശൂർ - 680 724.**

## അറിയിപ്പ്

ഇപ്പൻ എഴുതുന്ന 'വിശുദ്ധ മറിയക്കുട്ടി' ഈ ലക്കത്തിലും തുടരാൻ കഴിഞ്ഞില്ല. അടുത്തലക്കം മുതൽ തുടരുന്നതാണ് - എഡിറ്റർ

# ധ്യാനം!



**സാമുവൽ കൂടൽ**

*[ലേഖകന്റെ ഈ ചെറുലേഖനത്തെത്തുടർന്ന് നമ്മുടെ 'അത്മായശബ്ദം' ബ്ലോഗിൽ ധ്യാനത്തെക്കുറിച്ച് വളരെ നല്ല ഒരു ചർച്ച നടക്കുകയുണ്ടായി. ഈ ലേഖനത്തിന് അനുബന്ധമായി ശ്രീ. സക്കറിയാസ് നെടുങ്കനാൽ എഴുതിയ ലേഖനം ചർച്ചയുടെ ആഴം ഒന്നുകൂടി വർദ്ധിപ്പിച്ചു. ധ്യാനത്തെക്കുറിച്ചുള്ള ഈ രണ്ടു ലേഖനങ്ങളും ഒന്നിച്ചു പ്രസിദ്ധീകരിക്കുന്നു. ബ്ലോഗിലെ ചർച്ച ഇതെഴുതുമ്പോഴും തുടരുകയാണ്-എഡിറ്റർ]*

**ഉ**പനിഷത്തുകൾ, മഹാഭാഗവതം, ഭഗവത് ഗീത എന്നിവ പഠിക്കുകയോ, കൃഷ്ണന്റെ മനസ്സറിയാൻ ഒരു നിമിഷമെങ്കിലും ജീവിതത്തിൽ ശ്രമിക്കുകയോ ചെയ്തിട്ടില്ലാത്ത ഗുരുവായൂരപ്പന്റെ കപടഭക്തരാണീ രാഷ്ട്രീയക്കാരാകമാനം! അതുപോലെ, മിശിഹായുടെ മനസ്സറിയാത്തവരാണ്, സ്വയം അറിയാത്തവരാണ്, ക്രൈസ്തവസഭകളിലെ പുരോഹിതവർഗമാകമാനം! ഇതൊന്നുമാത്രമാണീ ലോകത്തിന്റെ ശാപം, എക്കാലത്തും! കൃഷ്ണൻ കുരുക്ഷേത്രനായകനായി തൽക്കാലം ദുഷ്ടരെ ഇല്ലാതാക്കിയതുകൊണ്ടോ, പാവം കർത്താവ് കുരിശിൽക്കിടന്നു പിടഞ്ഞുമരിച്ചതുകൊണ്ടോ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. സ്വയം അറിഞ്ഞാൽ അറിവായി; സ്വയം അറിഞ്ഞാൽ മാത്രമേ അറിവാകൂ. 'ഇതു മനസ്സിലാക്കാൻ ഓരോ ആവറേജ് മനുഷ്യനും മനനത്തിലൂടെ കഴിയണം. എങ്കിൽ, മാത്രമേ ലോകം നന്നാവുകയുള്ളൂ. അതിനു കഴിഞ്ഞെങ്കിൽ, ഇവിടമാണിവിടമാണു സ്വർഗം!

ധ്യാനം ! വി.മത്തായി 6/5-ൽ, 'നീയോ, അറയിൽ കയറി വാതിലുകളടച്ചു രഹസ്യത്തിൽ നീ കാണുന്ന നിന്റെ പിതാവിനോടു പ്രാർഥിക്കുക' എന്ന മിശിഹായുടെ തിരുക്കുറൽ! തലമുറകളായി അന്യംനിന്നുപോയ ഏക ദൈവവചനം! കത്തനാരു സ്വയം ഇടയനും ജനം കാലക്രമേണ ആടുകളും ആയപ്പോൾ, പാസ്റ്റർ-പാതിരിമാരുടെ വാതോരാതുള്ള ജൽപ്പനങ്ങളുടെ നിലയ്ക്കാത്ത കുത്തൊഴുക്കിൽ അകപ്പെട്ട്, കാലമാം കടലിന്റെ അഗാധതകളിൽ ആഴ്ത്തപ്പെട്ട ധന്യമായ തിരുവചനമാണു ധ്യാനം ! സ്വന്തമായി ഒരു മനസ്സുണ്ട് എന്നഭിമാനിക്കുന്ന ഓരോ നരജന്മവും ദിനവും നിവർത്തിക്കേണ്ട സുപ്രധാനമായ ദിനചര്യയാണു ധ്യാനം. മനസിന്റെ ആഴങ്ങളിലേക്കുള്ള ഏകാന്തയാനമാണീ ധ്യാനം! സ്വയം മനസ്സിന്റെ ഉള്ളറയിൽ ദൈവത്തിന്റെ തിരുമുഖം കാണാനാകുന്ന യജ്ഞമാണീ ധ്യാനം! അവന്റെ സ്വരംകേട്ട് അവനോടൊന്നുരിയാടനാകുന്ന സ്വർഗ്ഗസമാനമായ പരമാനന്ദമാണീ ധ്യാനം! ആരെ അന്വേഷിക്കണം? എവിടെ അന്വേഷിക്കണം, എന്നീ ചോദ്യങ്ങൾക്കുള്ള ഏക ഉത്തരമാണ് ധ്യാനം! നാടായ നാടെല്ലാം പള്ളികൾ, ഫെയ്ത്ത്ഹോമുകൾ മുതലായവ പണിയുന്നതിനിടയിൽ വയ്ക്കാൻ മറന്നുപോയ മൂലക്കല്ലായിരുന്നു ഈ ധ്യാനം. ആത്മീതയുടെ അടിസ്ഥാനം ധ്യാനത്തിലാണെന്ന് യേശു പറഞ്ഞത് കാറ്റിൽപ്പറത്തിയ പ്രസംഗത്തൊഴിലാളികളുടെ പൈതൃകമോ നമുക്കുള്ളത്?

'അന്വേഷിപ്പിൻ കണ്ടെത്തും' എന്നു തമ്പുരാൻ മൊഴിഞ്ഞ, ആ അന്വേഷണം തുടങ്ങാം നമുക്കിനിയും. ആത്മാവിനെ സ്വയം അവനവന്റെ ഉള്ളിന്റെയുള്ളിൽ കണ്ടെത്തുവാനുള്ള അന്വേഷണം നമുക്കാരംഭിക്കാം.

ഹാ! മായ, മായ! സകലവും മായ! മായാത്തതൊന്നുമാത്രം-എന്റെ ഈ മനസ്സും മനസ്സിനെ ജീവിപ്പിക്കുന്ന നിത്യജീവനും! ആ നിത്യജീവനാണെന്റെ യേശു! 'ഞാൻതന്നെ വഴിയും സത്യവും ജീവനുമാകുന്നു' എന്ന തിരുവചനം ഉള്ളിലാക്കൂ! ഇതിനെന്തിന് പള്ളിയും പട്ടക്കാരനും? ഇതിനെന്തിന്, പിരിവും പാതിരിയുടെ പത്രാസും സിംഹാസങ്ങളും അരമനകളും കുരിശടികളും കാശുവീഴ്ത്താൻ കുരിശടയാളത്തിൽ കിഴുത്തകളും?

മാറ്റുവിൻ ശീലങ്ങളെ! ധ്യാനം ഇനിയെങ്കിലും ശീലമാക്കൂ...വിജയം നേരുന്നു! ●

# എന്താണ് ധ്യാനം?

**സക്കറിയാസ് നെടുങ്കനാൽ**



**അ**ഹംബോധത്തിൽനിന്ന് ആത്മബോധത്തിലേയ്ക്ക് എത്തിച്ചേരാനുള്ള ഏക മാർഗ്ഗം ധ്യാനമാണ്. മാനസാന്തരം എന്ന് ക്രിസ്തു പേരിട്ട ഈ അനുഭവമാണ് നമുക്കില്ലാത്തത്; ഒരു ക്രിസ്ത്യാനിക്കും ഇല്ലാത്തത്. അതുകൊണ്ടാണ് നമ്മൾ ക്രിസ്ത്യാനികൾ മാത്രമല്ല, എല്ലാ വിശ്വാസികളും മതത്തിന് അടിമപ്പണി ചെയ്തുകൊണ്ടിരിക്കുന്നത്. അടിമപ്പണി ഒരുവിധത്തിൽ സുഖവും സ്ഥിരതയും തരുന്നതിനാൽ സ്വന്തം അസ്തിത്വത്തിന്റെ ഉത്തരവാദിത്തം ഉൾക്കൊള്ളുന്ന സ്വാതന്ത്ര്യത്തെ സാധാരണ വിശ്വാസി ഒരിക്കലും ആഗ്രഹിക്കുന്നില്ല. വാസ്തവത്തിൽ നമ്മൾ ഗഹനമായി ചർച്ച ചെയ്യേണ്ട ഏക വിഷയം ധ്യാനമാണ്. നമ്മൾ ധ്യാനിക്കുന്നവരാകുമ്പോൾ ശണ്ഠകളെല്ലാംതന്നെ അനാവശ്യമായിക്കൊള്ളും. അതുകൊണ്ട് ആദ്യം നമുക്ക് മാനസാന്തരപ്പെടാം.

നിങ്ങൾക്കു ധ്യാനം എന്തെന്നറിയാമോ, ധ്യാനം നിങ്ങൾക്ക് ആവശ്യമാണോ എന്ന് എങ്ങനെ നിശ്ചയിക്കാം? അതിന്, ഓരോ ജീവിതകർമ്മത്തിലും നിങ്ങളുടെ മനസ്സ് സ്വസ്ഥമാണോ എന്നന്വേഷിച്ചാൽ മാത്രം മതി. ധ്യാനിക്കാനറിയാവുന്നവന് സ്വന്തം മനസ്സിനെ എളുപ്പത്തിൽ സ്വസ്ഥമാക്കാനറിയാം. എങ്ങനെ? ഈ ചോദ്യം, എന്താണ് ധ്യാനം എന്ന ചോദ്യം തന്നെയാണ്.

നിങ്ങളുടെ ജീവിതമാണെന്നു നിങ്ങൾ കരുതുന്നതിനുവേണ്ടി നിങ്ങളുടെ ജീവിതമല്ലാത്ത പലതും ചെയ്യേണ്ടിവരുന്നെങ്കിൽ നിങ്ങൾ ധ്യാനനിരതനല്ല. എല്ലാ ഉടയാടകളും അഴിച്ചു കളഞ്ഞാൽ ആരാണോ നിങ്ങൾ എന്നറിയുകയും അതേ സമയം നിങ്ങളല്ലാത്ത ഒരാളായി അഭിനയിക്കേണ്ടിവരികയും ചെയ്യാറുണ്ടോ? എങ്കിൽ നിങ്ങൾക്ക് ധ്യാനിക്കാനറിയില്ല. അരുതാത്തതെന്നും ഒഴിവാക്കേണ്ടതെന്നും നിങ്ങൾക്കറിയാവുന്ന പലതും അനിവാര്യമായി ചെയ്യേണ്ടിവരുന്ന ഒരു സാഹചര്യമാണ് നിങ്ങൾക്കുള്ളതെങ്കിൽ, ധ്യാനമെന്തെന്ന് നിങ്ങൾ മനസിലാക്കിയിട്ടില്ല. നിങ്ങൾ ചെയ്യുന്നത് എന്തുമാകട്ടെ, കിള, കുളി, വായന, വണ്ടിയോടിക്കൽ, അലക്ക്, ഭക്ഷണമുണ്ടാക്കൽ, കൃഷിപ്പണി, വഴിതൂപ്പ്, പ്രസവം, അദ്ധ്യയനം എന്നു തുടങ്ങിഎന്തും. അതു ചെയ്യുന്ന നേരത്ത്, അതു നിങ്ങളുടെ ജീവിതമാണെന്ന് ബോധ്യമുണ്ടെങ്കിൽ, അത് ധ്യാനം നിങ്ങളുടെ ജീവിതത്തെ ധന്യമാക്കുന്നു എന്നതിന്റെ തെളിവാണ്. പ്രകൃതിസഹജമായ അടക്കത്തിലൂടെ ജീവിതത്തെ സുന്ദരമാക്കുന്നത് ധ്യാനമാണ്. മണ്ണിൽനിന്നും പ്രകൃതിയിൽ നിന്നും അകന്നു നിൽക്കുന്നവർക്ക് ധ്യാനമൊരിക്കലും കൈവരില്ല. കാരണം, തന്നെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും ശരിയായ ധാരണയുണ്ടാകുമ്പോൾ മാത്രം സംഭവിക്കുന്നതാണ് ധ്യാനം.

തസ്യ നിശ്ചിന്തനം ധ്യാനം (constant awareness of that) എന്നാണ് ആത്മപൂജോപനിഷത്തിലുള്ളത്. എല്ലാ സത്തിന്റെയും സത്തായ, പരമമായ സത്തയെയാണ് 'തത്' എന്ന് ഇവിടെ പറയുന്നത്. ആ ശബ്ദത്തോട് സംബന്ധിക പ്രത്യയം ചേർന്നുണ്ടാകുന്ന വിഭക്തിരൂപമാണ് 'തസ്യ'. അതിന്റെ എന്നർത്ഥം. അപ്പോൾ, അതിന്റെ അനുസ്യൂതമായ സാന്നിദ്ധ്യബോധമാണ് ധ്യാനം. മറ്റു വാക്കുകളിൽ പറഞ്ഞാൽ, അത് (തത്) എല്ലായ്പ്പോഴും എല്ലാത്തിലും പ്രഥമസ്ഥാനത്തു നിൽക്കുന്നു എന്ന ചിന്താശീലം. അഹംബോധത്തെ ഓരോ തവണയും മനസ്സറിഞ്ഞ് മാറ്റി നിറുത്തിക്കൊണ്ട്, തൽസ്ഥാനത്ത് പരമമായ സത്തയെ പ്രതിഷ്ഠിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുക എന്നതു മാത്രമാണ് അതിലേയ്ക്കുള്ള ഒരേയൊരു വഴി. അതുതന്നെയാണ് ലക്ഷ്യവും.

കർമ്മങ്ങളെ നിയന്ത്രിക്കുന്നതു ചിന്തയാണ്. ഞാൻ ഈ പ്രവൃത്തി ചെയ്യുന്നു എന്ന ഭാവത്തെയാണ് ഗീത കർമ്മമെന്നു പറയുന്നത്. ഞാനല്ല അത് ചെയ്യുന്നത്, അതൊക്കെ അങ്ങനെയങ്ങു സംഭവിക്കുകയാണ് എന്ന ഭാവത്തിൽ അതിനെ കാണാനാകുന്നതാണ് അകർമ്മം. അകർമ്മത്തിൽ അഹം മാറ്റിനിറുത്തപ്പെടുന്നു. ചിന്തയുടെ

കാർമ്മികൻ അഹംബോധമാണ്. ഇത്രടംവരെ നമുക്കൊന്നും മാറ്റാനാവില്ല. എന്നാൽ, കർമ്മ ങ്ങളുടെ ഗുണഭോക്താവ് അഹമായിരിക്കണം എന്ന സ്വാഭാവികമായ സ്വാർഥതാത്പര്യത്തിൽ മനസ്സറിഞ്ഞ് തിരുത്തൽ വരുത്തി, അഹത്തെ അവിടെനിന്നു തുരത്താൻ നമുക്ക് സാധിക്കും. മാറ്റമില്ലാത്ത ഒരു കേന്ദ്രം നമുക്കുള്ളിലുണ്ടെന്നും, ഞാൻ അതാണെന്നും മനസ്സിന്റെ ചാഞ്ചല്യങ്ങൾ അതിനെ ബാധിക്കുന്നില്ലെന്നും ഉള്ള അവബോധ മാണ് നിതാന്തമായ ശാന്തിയിലേക്കുള്ള മാർഗ്ഗം. ഈ കേന്ദ്രത്തെ മറക്കാനിടവരുത്തുന്നത് അഹ ത്തിന്റെ തിക്കിക്കയറ്റമാണ്. ശ്രദ്ധ യഥാർത്ഥ സത്ത യിൽ കേന്ദ്രീകരിക്കുമ്പോൾ അഹത്തിനു അർത്ഥ മില്ലാതായിത്തീരുന്നു. ഈ ശ്രദ്ധയാണ് ധ്യാനം എന്ന് പറയുന്നത്. അപ്പോൾ, ചിന്തയും കർമ്മവും തുടങ്ങുന്നത് അഹത്തിലാണെങ്കിലും, അവയുടെ പരിസമാപ്തി പരമമായ സത്തയിൽ ആയിരിക്കും. എല്ലാ അർത്ഥത്തിലും സ്വാർത്ഥത വെടിഞ്ഞ ജീവിതരീതി എന്നേ ഇതിനർത്ഥമുള്ളു. ധ്യാനം എന്തെന്ന് വിശദീകരിക്കാൻ സാങ്കേതികമായ വാക്കുകളുടെയോ വിദ്യകളുടെയോ ആവശ്യമില്ല. മനസ്സിനെ ശുദ്ധീകരിക്കാനുള്ള താത്പര്യം, അഭിവാഞ്ഛ മാത്രമാണുവേണ്ടത്. ഇത്ര സമയ ത്തേക്ക്, ഒരു സവിശേഷ രീതിയിൽ ശരീരത്തിന്റെ നിലയുറപ്പിച്ചിരുന്ന്, ഇന്ന വിഷയത്തിൽ കേന്ദ്രീ കരിച്ച്, ഇന്നയിന്ന മന്ത്രങ്ങൾ ഉരുവിട്ട് എന്നൊ ക്കെയുള്ള നിബന്ധനകൾ ആവശ്യമില്ലാത്ത ഒരു പ്രക്രിയയാണ് ധ്യാനം. അതു പഠിച്ചെടുക്കാൻ ഒരു കോഴ്സിന്റെയും ആവശ്യമില്ല. ചിന്തയെയും പ്രവൃ ത്തിയെയും നിരന്തരം നിയന്ത്രിക്കുന്ന ഒരു സ്വാഭാവികതയായി മാറാത്ത ഒരു പരീക്ഷണവും ധ്യാനമല്ല.

ശരീരത്തെ നമ്മൾ ദിവസേന പലതവണ കഴുകി ശുദ്ധീകരിക്കാറുണ്ട്. അതുപോലെയൊരു ശുദ്ധീകരണം മനസ്സിനും ആവശ്യമാണ്. ശരീര ത്തിൽ പൊടിയും അഴുക്കുമെന്നപോലെ മനസ്സിലും അശുദ്ധികൾ അസൂയ, അഹങ്കാരം, വെറുപ്പ്, പക തുടങ്ങിയവ വന്നു നിറഞ്ഞുകൊണ്ടിരിക്കും. അതിന്റെ ലക്ഷണങ്ങളാണ് പിരിമുറുക്കങ്ങളും അസ്വസ്ഥതകളുംമറ്റും. ശരീരത്തെ കഴുകാൻ സോപ്പുപയോഗിക്കുന്നതുപോലെ, ആത്മാവിനെ കഴുകാൻ വേണ്ടത് ശ്രദ്ധയാണ്. മേൽപ്പറഞ്ഞ ഓരോ തരം അശുദ്ധിയും ആത്മാവിൽ കളങ്കമാ യിത്തീരുംമുമ്പ് അതിനെ തിരിച്ചറിയുക, തൽ ക്ഷണം അത് നീക്കംചെയ്യുക എന്ന ശീലമാണ് ഈ പറഞ്ഞ ശ്രദ്ധ.

എന്നാലും ധ്യാനം പരിശീലിക്കാൻ സഹായക രമാകുന്ന ചില കാര്യങ്ങളുണ്ട്. ശാന്തശീലരായ ആളുകളുടെ സഹവാസം, ഒച്ചപ്പാടില്ലാത്ത ചുറ്റു

ശരീരത്തെ നമ്മൾ ദിവസേന പലതവണ കഴുകി ശുദ്ധീകരിക്കാറുണ്ട്. അതുപോലെയൊരു ശുദ്ധീകരണം മനസ്സിനും ആവശ്യമാണ്. ശരീരത്തിൽ പൊടിയും അഴുക്കുമെന്നപോലെ മനസ്സിലും അശുദ്ധികൾ അസൂയ, അഹങ്കാരം, വെറുപ്പ്, പക തുടങ്ങിയവ വന്നു നിറഞ്ഞുകൊണ്ടിരിക്കും. അതിന്റെ ലക്ഷണങ്ങളാണ് പിരിമുറുക്കങ്ങളും അസ്വസ്ഥതകളുംമറ്റും.

പാടുകൾ, തമോജന്യമായ മാംസാഹാരത്തെക്കാൾ സ്വാത്വികമായ സസ്യഭക്ഷണം, പ്രകൃതിയുമാ യുള്ള അടുപ്പം എന്നിവ അവയിൽ പ്രധാനമാണ്. ജീവിതലാളിത്യം > ഹൃദയലാളിത്യം > ധ്യാനം.

ഇന്ദ്രിയനിയന്ത്രണം അതിപ്രധാനമാണ്. അവയുടെ ഉപയോഗം എത്ര കുറയുന്നുവോ, അത്രയും കുറഞ്ഞിരിക്കും അയഥാർത്ഥമായ ബാഹ്യലോകവുമായുള്ള നമ്മുടെ ബന്ധം. അത്ര യും കുറച്ച് അഴുക്കേ ഉള്ളിലേയ്ക്ക് കടന്നുവരൂ. ഒരുദാഹരണം പറയട്ടെ. നമ്മൾ ബസ്സിൽ യാത്ര ചെയ്യുന്നു. ഇരു വശങ്ങളിലും ആകർഷണീയമായ ചിത്രങ്ങളോടെ സ്വർണ്ണത്തിന്റെയും സിൽക്കിന്റെ യും കാറിന്റെയുമൊക്കെ കൂറ്റൻ പരസ്യങ്ങൾ കണ്ണുകളെ ക്ഷണിക്കുന്നുണ്ടാവും. ഒരാൾക്കവയെ നോക്കുകയോ അവഗണിക്കുകയോ ചെയ്യാം. അവയെ ശ്രദ്ധിക്കുകവഴി, നമ്മൾ അത്രയുമധികം അസത്യങ്ങളെ ഉള്ളിലേയ്ക്കു കടത്തുകയാണു ചെയ്യുന്നത്. പരസ്യങ്ങൾ പോതുവെതന്നെ തൊണ്ണൂറു ശതമാനം കള്ളമാണെന്നത് അഴുക്കി ന്റെ വ്യാപ്തിയെ ശതഗുണീഭവിപ്പിക്കും. വായന യുടെയും സംഭാഷണത്തിന്റെയും കേൾവിയുടെ യുമൊക്കെ കാര്യത്തിൽ ഇങ്ങനെയൊരു ശ്രദ്ധയി ല്ലെങ്കിൽ ധ്യാനം അപ്രാപ്യമായിത്തീരും.

അന്ധന്മാരെ ഭാരതത്തിൽ പ്രജ്ഞാചക്ഷു ക്കൾ എന്നു വിളിച്ചിരുന്നു. ജ്ഞാനദൃഷ്ടിയുള്ളവർ എന്നാണർത്ഥം. കണ്ണുകളിലൂടെ പുറത്തേയ്ക്കൊ ഴുകുന്ന ഊർജ്ജത്തെയെല്ലാം അകത്തേയ്ക്കു

തിരിച്ചുവിടാൻ അസ്ഥർക്കു സാധിക്കും എന്നതാണ് കാരണം. കണ്ണുകളെ നിയന്ത്രിക്കുക ഓരോരുത്തരുടെയും വ്യക്തിപരമായ കാര്യമാണ്. എന്നാൽ, ചെവികൾക്ക് അത്രതന്നെ സ്വാതന്ത്ര്യമില്ല. അതുകൊണ്ടാണ് ശബ്ദമലിനീകരണം കുറ്റകരമായ ഒരു കയ്യേറ്റമായി കണക്കാക്കേണ്ടി വരുന്നത്. പൊതുസ്ഥലങ്ങളിൽ മൈക്കിന്റെയുപയോഗം നിയന്ത്രിക്കാൻ പുതുതായി നിയമങ്ങൾ ഉണ്ടെങ്കിലും അവയെ കാറ്റിൽ പറത്താൻ മടിക്കാത്തവരുടെ കൂട്ടത്തിൽ പള്ളികളും പെടുന്നു എന്നത് ലജ്ജാകരമാണ്. അടിവാരം പള്ളിയിലെ വികാരി തദ്ദേശവാസികളെ അതിരാവിലെ ശല്യപ്പെടുത്താൻ തുടങ്ങിയിട്ട് കുറെയായി. നാട്ടുകാരുടെ സഹനശക്തിയെ ഇങ്ങനെ പരീക്ഷിക്കുന്നത് ലജ്ജാകരമാണ്. ധാരാളം അക്രൈസ്തവർ ചുറ്റുപാടും വസിക്കുന്നുണ്ട്. ഉഷസ്സന്ധ്യയിൽ ഉണർന്നിരുന്ന് ധ്യാനിക്കുന്നവരും ഈശ്വരനാമം ജപിക്കുന്നവരും ഈ ശല്യം സഹിച്ച് ജീവിക്കേണ്ടി വരുന്നു. ധ്യാനമെന്തെന്ന് ഒരു ധാരണയും വിചാരവുമില്ലാത്ത ഒരു മതത്തിന്റെ അതിക്രമങ്ങളായി വേണം ഇതിനെ കാണാൻ. ശിക്ഷാർഹമാണിത്.

ധ്യാനത്തിലേക്കു തിരിച്ചുപോകാം. നിങ്ങളുടെ ഉള്ളിലാണത് എന്ന് യേശു പറഞ്ഞ ആ സ്വർഗ്ഗത്തിലേയ്ക്കുള്ള വഴിയാണ് ധ്യാനം. നമ്മുടെ കേന്ദ്രത്തെ അറിയുക എന്നതാണ് അതിലെ ദൗത്യം. നിരന്തരം മാറിക്കൊണ്ടിരിക്കുന്ന ശരീരത്തിനപ്പുറം, ഇന്ദ്രിയങ്ങൾക്കപ്പുറം, മനസ്സിനപ്പുറം എന്തെങ്കിലുമുണ്ടെങ്കിൽ മാത്രമേ അതിനെ നമ്മുടെ കേന്ദ്രമെന്നു വിളിക്കാനാവൂ. ശരീരത്തെ ഒരു നദിയോട് ഉപമിക്കാം. നദി നിമിഷംപ്രതി പുതുതായിക്കൊണ്ടിരിക്കുന്നതുപോലെ, നമ്മുടെ ശരീരവും മാറിക്കൊണ്ടിരിക്കുന്നു. ഒരു മാസം കൊണ്ട് നമ്മുടെ ത്വക്ക് മുഴുവനായി മാറിയിരിക്കും. ഒരു വർഷംകൊണ്ട് തലച്ചോറിലെ കോശങ്ങളുൾപ്പെടെ ശരീരം മുഴുവൻ മാറിക്കഴിഞ്ഞിരിക്കും. മനസ്സാകട്ടെ, ഓരോ നിമിഷവും പുതിയ ചിന്തകളാൽ നവമായിക്കൊണ്ടിരിക്കുന്നു. എന്നാൽ, ഞാൻ എന്ന ബോധം തുടരുന്നു. അതിനർത്ഥം ഞാൻ എന്നത് എന്റെ ശരീരമോ മനസ്സോ ചിന്തകളോ അല്ലെന്നാണ്. അപ്പോൾ, ശരീരമനസ്സുകൾക്ക് പിന്നിലുള്ള സൂക്ഷ്മമായ ഒരസ്തിത്വമാണത് എന്ന് വ്യക്തമാണ്. എന്നാൽ, അതിനെ തിരിച്ചറിയാൻ ഒരാൾക്ക് സൂക്ഷ്മദൃഷ്ടി ആവശ്യമാണ്. സ്ഥൂലദൃഷ്ടി സ്ഥൂലമായതിനെ, മാറ്റമുള്ളതിനെ മാത്രം കാണുന്നു. സൂക്ഷ്മമായതിന് സ്ഥൂലമായതിലേയ്ക്ക് കടക്കാം. മനസ്സിന് ഇന്ദ്രിയങ്ങളുടെ വിഷയങ്ങളിലേയ്ക്ക് കടക്കാം; തിരിച്ച് ആവില്ല. ചലിച്ചുകൊണ്ടിരിക്കുന്ന മനസ്സിന് ചലനമില്ലാത്ത സത്തയെ അറിയാനാവില്ല. പ്രാർത്ഥനയ്ക്കും അതാവില്ല. കാരണം, പ്രാർത്ഥന മനസ്സിന്റെ വ്യാപാരമാണ്. ധ്യാനമാകട്ടെ, അതിലും സൂക്ഷ്മമായ ഒരു പ്രക്രിയയാണ്. അത് വെറും എകാഗ്രതയുമല്ല. ഏകാഗ്രത മനസ്സിനെ എന്തെങ്കിലുമൊന്നിൽ പിടിച്ചു നിറുത്തുന്ന അഭ്യാസമാണ്. മനസ്സവസാനിക്കുന്നിടത്താണ് ധ്യാനം തുടങ്ങുന്നത്.

ഓഷോയുടെ ഒരു നല്ല ഉപമയുണ്ട്. ഒരു ചുഴിയിൽ പെട്ടുപോകുന്നയാൾ അതിനൊത്ത് കറങ്ങിക്കൊണ്ടിരിക്കും. ചുഴിയുടെ പരിധിക്കപ്പുറം കടന്നാലേ അയാൾക്ക് കറക്കം നിറുത്താനാവൂ. അഹംബോധവും ആഗ്രഹങ്ങളും വികാരങ്ങളുമെല്ലാം മനസ്സിനോടൊപ്പമുള്ള ചലനങ്ങളാണ്. സമയവും ഇടവും പോലും ഈ ചലനത്തിന്റെ ഭാഗമാണ്. ഭൂതമെന്നത് കഴിഞ്ഞുപോയതും ഇപ്പോൾ ഓർമ്മയിലല്ലാതെ അസ്തിത്വം ഇല്ലാത്തതുമാണ്. ഭാവിയും അതുപോലെ തന്നെ, ഇപ്പോൾ അസ്തിത്വമില്ലാത്ത വെറും അനിശ്ചിതത്വമാണ്. നമ്മെ സംബന്ധിച്ചിടത്തോളം, സത്യത്തിൽ ഉള്ളത് ഈ നിമിഷത്തിന്റെ അതിസൂക്ഷ്മമായ ഒരു കണിക മാത്രമാണ്. അവിടെ മനസ്സിന് ചലിക്കാൻമാത്രം ഇടമില്ലാത്തതിനാൽ അതിന്റെ ശല്യമുണ്ടാവില്ല. അവിടെ മാത്രമേ ഞാനുള്ളൂ എന്ന സത്യത്തെപ്പറ്റിയുള്ള ബോധത്തിൽ ഉറച്ചു നിൽക്കുന്നതാണ് ധ്യാനം. അതായത്, ചലിക്കുന്ന എല്ലാറ്റിന്റെയും അപ്പുറം കടന്ന്, എന്റെ തനിമയിൽ അവക്കൊന്നിനും സാരമായ ഒരസ്തിത്വവുമില്ല എന്ന തിരിച്ചറിവ്. ചലനമില്ലാത്ത കേന്ദ്രമായി സ്വയം തിരിച്ചറിഞ്ഞ്, ചുറ്റും നടക്കുന്ന ചലനങ്ങളെ ഒരു സാക്ഷിയെപ്പോലെ വീക്ഷിക്കുക എന്നതാണ് അത്. മനസ്സിനെയും അഹവുമൊത്തുള്ള അതിന്റെ കളികളേയും തിരിച്ചറിയുന്ന അവബോധത്തിന്റെ അവസ്ഥയാണ് ധ്യാനം.


## സത്യജ്വാല

### പരസ്യങ്ങൾ സ്വീകരിക്കുന്നു!

**നിരക്കുകൾ താഴെ:**

| | |
|---|---|
| Cover Back Full -Colour | - 15000 |
| Cover Back Inside -Colour | - 10000 |
| Cover Front Inside-Colour | - 12000 |
| Inside Full -B/w | - 7000 |
| Inside Half -B/w | - 4000 |
| Inside Qtr. -B/w | - 2000 |



# മുരിങ്ങൂർ ധ്യാനകേന്ദ്രത്തെ സംബന്ധിച്ചു

## കേരളാ പോലീസ് അന്വേഷിച്ച് കോടതിയിൽ സമർപ്പിച്ച റിപ്പോർട്ട്

*[ഫെയിസ് ബുക്കിലൂടെ അനേകലക്ഷം ആൾക്കാർ ഇതിനകം വായിച്ചുകഴിഞ്ഞതായി കേൾക്കുന്ന ഒരു അന്വേഷണറിപ്പോർട്ടാണ് താഴെ കൊടുക്കുന്നത്. ഇതിന് അവലംബമായി കാണിച്ചിരിക്കുന്നത്, വിവരാവകാശ നിയമപ്രകാരം, അഡ്വ : ഡി ബി ബിനുവിന് T1/15285, Kerala police head quarters -ൽനിന്നും 04.12.2009 -ൽ ലഭിച്ച രേഖകളാണ്. ഇതിന്റെ നിജസ്ഥിതിയെക്കുറിച്ച് അറിവുള്ളവരിൽനിന്നും കൂടുതൽ വിവരങ്ങൾ പ്രതീക്ഷിക്കുന്നു- എഡിറ്റർ]*

**1990-ൽ** സ്ഥാപിതമായ ധ്യാനകേന്ദ്രത്തിൽ 1991 മുതൽ 2000 വരെ 33 പേരെ ദുരൂഹസാഹചര്യത്തിൽ കാണാതായി. 36 ദുരൂഹമരണങ്ങൾ പോലീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. 2 ലൈംഗിക പീഡനക്കേസുകൾ. സ്വാഭാവികമരണങ്ങൾ എന്നു പറയപ്പെടുന്ന 974 കേസുകൾ പോലീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

23/8/2000 -ൽ കാണാതായ സെലിൻ ലോപ്പസ് മുരിങ്ങൂരിൽനിന്നു കാണാതാവുമ്പോൾ അവിഹിതമായി ഗർഭിണിയായിരുന്നു. സെലിൻ ലോപ്പസിന് ധ്യാനകേന്ദ്രത്തിനകത്തുള്ള ആരോ ഒരാളുമായി ശാരീരികബന്ധം ഉണ്ടായിരുന്നതായി കേരളാ പോലീസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം കണ്ടെത്തി. ധ്യാനകേന്ദ്രത്തിലെ പലർക്കും സെലിൻ ലോപ്പസിന്റെ കാണാതാകലിനെക്കുറിച്ചുള്ള വിവരങ്ങൾ അറിയാമായിരുന്നിട്ടും, മനപ്പൂർവ്വം മറച്ചു വെക്കുന്നതിനാൽ, കേരളാപോലീസ് നാർക്കോ അനാലിസിസ് വേണം എന്നു പറഞ്ഞ കേസിൽ ഇപ്പോൾ എന്തായി എന്നു ഒരു അറിവുമില്ല.

വിദേശനാണ്യവിനിമയചട്ടങ്ങൾ ലംഘിച്ചു കോടികളുടെ ഇടപാട്, കേന്ദ്ര ഏജൻസി അന്വേഷിക്കേണ്ട വിഷയം ആണെന്നു പറഞ്ഞ് കേരള സർക്കാർ തടിയൂരി.

ക്രൈം നമ്പർ 337/2006 കൊരട്ടി പോലീസ് റജിസ്റ്റർ ചെയ്ത നീന ഗോവിന്ദൻ എന്ന പെൺകുട്ടിയുടെ മരണത്തിനിടയാക്കിയത് അശാസ്ത്രീയമായി ഉപയോഗിച്ച മാനസിക വിഭ്രാന്തിക്കുള്ള മയക്കുസ്വഭാവം ഉള്ള മരുന്ന് (stupefying drug).

ഹൈക്കോടതി നിർദ്ദേശപ്രകാരം കേരളാ പോലീസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിയ പരിശോധനയിൽ കണ്ടെത്തിയത്, അനധികൃതമായി രോഗികളെ പാർപ്പിച്ചിരുന്ന ഏകാന്തലോക്കപ്പുകൾ.

ക്രൈം നംബർ 265/2006: 26 വയസ്സുണ്ടായിരുന്ന രാമസ്വാമിയുടെ മകൻ കണ്ണൻ എന്ന തിരുവനന്തപുരം സ്വദേശി 15/6/2006-ൽ ധ്യാനകേന്ദ്രത്തിലെ ബോയിലറിൽ വീണു വെന്തു മരിച്ച സംഭവം, ഇപ്പോൾ കേരള പോലീസ് പുനരന്വേഷിച്ചു കൊണ്ടിരിക്കുന്നു....

crl.pp.57929/05: തലശ്ശേരി സ്വദേശിനി മിനി വർഗീസ് സംസ്ഥാന വനിതാ കമ്മീഷനിൽ നൽകിയ പരാതിയിൽ, 2003-നും 2005-നും ഇടയിൽ ധ്യാനകേന്ദ്രത്തിൽ താമസിച്ച സമയം ഫാദർ തടത്തിൽ, സിസ്റ്റർ നിർമല, വിലോമ്മ എന്നിവരുടെ സഹായത്തോടെ പല തവണ ബലാൽസംഗം ചെയ്തു എന്നു പറഞ്ഞിരുന്നു. ബലാൽസംഗം നടന്നോ എന്നു തെളിയിക്കാൻമാത്രം തെളിവുകൾ ഇല്ലായിരുന്നു.

മുരിങ്ങൂരിലെ അജ്ഞാതശവങ്ങൾ മറവു ചെയ്തിരുന്ന കാര്യവേലു 55 വയസ്സ് മരണപ്പെട്ട സാഹചര്യം അന്വേഷിക്കണം എന്ന പരാതിയിലും അന്വേഷണം നടന്നു. ദുരൂഹസാഹചര്യത്തിൽ ആശ്രമത്തിൽ പരിക്കുകളേറ്റു മരിച്ച ഒരു സ്ത്രീയുടെ ശരീരം മറവുചെയ്യാൻ വേലു വിസമ്മതിച്ചതാണ് മരണത്തിന് ഇടയാക്കിയത് എന്നായിരുന്നു നാട്ടുകാരിൽ ചിലർ പറഞ്ഞത്. തലച്ചോറിൽ ഉണ്ടായ ആന്തരിക രക്തസ്രാവത്തെത്തുടർന്ന്, 5/12/2002 മുതൽ 31/12/2002 വരെ വേലു ആശുപത്രിയിൽ ആയിരുന്നു.

ഫാദർ മാത്യു തടത്തിലിന്റെ വലംകൈ ആയിരുന്ന സിബിയുടെ അപകട മരണം സംബന്ധിച്ചു ലഭിച്ച പരാതിയിൽ അന്വേഷിച്ച പോലീസ് വേണ്ടത്ര തെളിവുകളുടെ അഭാവത്തിൽ ആരോപണം തെളിയിക്കപ്പെടാതെ അവസാനിപ്പിച്ചു.

'മരിയ പാലന സമിതി' എന്ന പേരിൽ ധ്യാനകേന്ദ്രത്തോട് അനുബന്ധിച്ച് റജിസ്റ്റർ ചെയ്ത ട്രസ്റ്റിന്റെ കോടികളുടെ സാമ്പത്തികഇടപാടുകൾ കേന്ദ്രീകരിച്ചും പരാതികൾ ലഭിച്ചു. അന്വേഷണത്തിന് ആവശ്യമായ പല ഫയലുകളും അന്വേഷണ ഉദ്യോഗസ്ഥർക്ക് ഡിപ്പാർട്ട്മെന്റുകളിൽനിന്നു ലഭ്യമായിട്ടില്ല.

തൃശ്ശൂരിലെ കണ്ണായ സ്ഥലങ്ങളിൽ ഏകദേശം 121 ഏക്കർ ഭൂമിയും അനുബന്ധസ്ഥാപനങ്ങളും ധ്യാന കേന്ദ്രത്തിന്റെ പേരിൽ ഉള്ളതായി പോലീസ് കണ്ടെത്തി. പല ഇടപാടുകളും രാജ്യാന്തര പണമിടപാടുകൾ ആയതിനാൽ FEMA നിയമത്തിന്റെ പരിധിയിൽ വരുന്നതാകയാൽ, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റെല്ലിജെൻസ് എന്ന ഏജൻസി അന്വേഷിക്കണം എന്നുപറഞ്ഞ് കേരളാ പോലീസ് കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചു.



# ആത്മാവിനു ശരിയെന്നു തോന്നുന്ന ചില കാര്യങ്ങൾ

**പ്രൊഫ. മാത്യു പ്രാൽ**

*[1998 ജനുവരി ലക്കം 'ഫെർമെന്റി'ൽ പ്രസിദ്ധീകരിക്കപ്പെട്ട ഈ ലേഖനഭാഗം, ഇംഗ്ലണ്ടിൽനിന്നുള്ള 'ബിലാത്തി മലയാളി' എന്ന ഇന്റർനെറ്റ് മാസികയിൽ ഈയിടെ പ്രസിദ്ധീകരിക്കുകയുണ്ടായി. 'ഫെർമെന്റി'നോടും 'ബിലാത്തി മലയാളി'യോടും കടപ്പാട് - എഡിറ്റർ]*

**റോ**മാ നമ്മുടെ സിരാകേന്ദ്രമാണ്. ഈ റോമാപുരിയിൽ വർഷങ്ങൾ താമസിച്ചു ബൈബിൾ പഠിച്ചു ഡോക്ടറേറ്റ് എടുത്തു നമ്മുടെ വൈദികർ വരുന്നുണ്ട്. അവർ സഭയുടെ സൗകര്യം ഉപയോഗിച്ചു അച്ചടിച്ച ബൈബിളിനു ഭാഷ്യങ്ങൾ ചമയ്ക്കുന്നുണ്ട്. ഇവയെല്ലാം എടുത്തൊന്നു വായിക്കുക. എന്തു വെളിപാടുകളാണ് ഈ പുസ്തകങ്ങൾ നല്കുന്നത്?

റോമിൽ ഒരു ദിവസംപോലും പോകാത്ത ഹിന്ദുവായ കെ.പി. അപ്പന്റെ അക്ഷരങ്ങളിൽ 'ബൈബിൾ വെളിച്ചത്തിന്റെ കവച' മായിത്തീരുന്നു. കെ.പി. കേശവമേനോൻ എത്ര ലളിതസുന്ദരമായി 'യേശുദേവ'നെ വെളിപ്പെടുത്തുന്നു! നിത്യചൈതന്യയതിയുടെ ചൈതന്യവത്തായ വചസ്സുകൾ ബൈബിളിൽ മുങ്ങിക്കുളിച്ചു കേറി വരുന്നതാണ്. സി.വി. ബാലകൃഷ്ണന്റെ 'ആയുസ്സിന്റെ പുസ്തകം', ടി.വി. കൊച്ചുബാവയുടെ 'വൃദ്ധസദനം' എന്നിവ ബൈബിൾ പ്രചോദിതമാണ്. ഇവരൊക്കെ ബൈബിൾ സിസ്റ്റമാറ്റിക്കായി പഠിക്കാത്ത ഹിന്ദു-മുസ്ലീം സഹോദരങ്ങളാണ്.

എല്ലാ ക്രിസ്ത്യാനികളും ഒന്നിച്ചിരുന്നെഴുതിയാലും വള്ളത്തോളിന്റെ 'മഗ്ദലനമറിയം' പോലൊരു കാവ്യം പിറക്കുമോ? ഡി. വിനയചന്ദ്രന്റെ 'മഗ്ദലനമറിയത്തിന്റെ വിശുദ്ധി' എത്ര ക്രിസ്ത്യാനികൾക്കു ബോധ്യപ്പെടും. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കാവ്യബിംബാവലികളാകെ പൂത്തുലയുന്നത് ബൈബിളിന്റെ വളക്കൂറിൽ നിന്നാണെന്ന് ഞാൻ പറയേണ്ടതുണ്ടോ? ഖലിൽ ജിബ്രാൻ എന്ന പേർഷ്യൻ കവിയുടെ 'മനുഷ്യപുത്രനായ യേശുവിനെ' അനുഭവിക്കുവാൻ എത്ര കത്തോലിക്കാ പണ്ഡിതന്മാർക്കു കഴിയും?

ഏതെങ്കിലും ഒരു ക്രിസ്ത്യാനി ഏതെങ്കിലും ഒരു കാലത്തു ബൈബിൾ തൊട്ടു ചില സത്യങ്ങൾ പറഞ്ഞാൽ അവൻ അതോടെ ഔട്ട്! കേരളസമുദായത്തിൽ മുണ്ടശ്ശേരിയും എം.പി. പോളും സി.ജെ. തോമസും സഭയ്ക്കകത്തു അധികനാൾ ആയുസ്സില്ലാത്തവരായിരുന്നു. അവരെ നിഷേധികളെന്നു വിളിച്ചു പുറത്തു നിർത്തിയപ്പോഴാണ് അവർ കേരളസമൂഹത്തിന്റെ, സംസ്കാരത്തിന്റെ രാജരാജന്റെ മാറ്റൊലികളായി മാറിയത്. ഇന്നു ബൈബിൾ തൊട്ടെഴുതുന്ന ഒരു നസ്രാണിയേ നമുക്കുള്ളൂ- സക്കറിയ. അയാളാകട്ടെ, വ്യവസ്ഥാപിതമതത്തിന്റെ അകത്തളങ്ങളിൽ പ്രവേശനമില്ലാത്തവനും.

●

# വിശ്വാസികളേ, ഉണരുവിൻ!

*(കഴിഞ്ഞ ലക്കത്തിൽനിന്നും തുടർച്ച)*

**–സൈമൺ ജോസഫ്**

**വൈ**ദികരേ, നിങ്ങൾക്കു ഹാ, കഷ്ടം! നിത്യമായ നരകം നിങ്ങളുടെ ചെയ്തികൾക്കുള്ള പ്രതിഫലമാണ്. ഹവ്വായെ ചതിച്ചതുപോലെ ഇവർ നിങ്ങളുടെ ഭാര്യമാരെയും ചതിക്കും. സ്ത്രീകളേ, പുരോഹിതരിൽനിന്ന് നിങ്ങൾ ഓടിമറയുവിൻ! എന്തെന്നാൽ ലൈംഗികത വിശുദ്ധമല്ലെന്നും നിങ്ങളുടെ സംഭോഗം പാപമാണെന്നും നിങ്ങൾ പാപികളാണെന്നും നിങ്ങളുടെ അരുമസന്താനങ്ങൾ പാപത്തിൽ ജനിച്ചവരാണെന്നും നിങ്ങളുടെ മുഖത്തുനോക്കി അറപ്പില്ലാതെ ഇവർ പറയും. ഞാൻ വീണ്ടും പറയുന്നു. യുവതികളേ, നിങ്ങൾ കുമ്പസാരക്കൂടിന്റെ നിഴലത്തുനിന്നുപോലും ഓടിയകലുവിൻ. അത് പിശാചിന്റെ ആലയമാണ്. പിശാചുക്കൾ സ്ഥിരം കുടികൊള്ളുന്ന ഇടമാണത്.

കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ച് നിങ്ങൾ സ്നേഹിക്കുന്ന, പുരമുറ്റത്തുകൂടി ചിത്രശലഭങ്ങളെപ്പോലെ ഓടിക്കളിക്കുന്ന, നിങ്ങളുടെ എല്ലാമെല്ലാമായ പെൺമക്കളെ മഠമാകുന്ന ശവക്കുഴിയിലേക്ക് നിങ്ങൾ തള്ളിവിടരുത്. പുരോഹിതകാട്ടാളന്മാർ അവരെ നശിപ്പിക്കാൻ ഓടിയെത്തും. അതിലും ഭേദം ആ കുരുന്നുകളുടെ കഴുത്തിൽ തിരികല്ലു കെട്ടി കയത്തിലേക്ക് എറിയുന്നതാണ്.

ഈ പുരോഹിതർ സത്യത്തിൽ കള്ളന്മാരാണ്. കാരണം, പുരോഹിതൻ 'കാർമ്മികൻ' എന്നു ഭാവിച്ച് വിവാഹം ആശീർവദിച്ചാലേ അതു സാധുവാകൂ എന്നു കള്ളം പറഞ്ഞ്, വിവാഹകർമ്മത്തിലെ കാർമ്മികർ വധുവും വരനുമാണെന്നുള്ള സത്യത്തെ ഇവർ മറച്ചുവയ്ക്കുന്നു. അപ്പോൾ ഇവർ കള്ളന്മാരല്ലേ? കാര്യലാഭത്തിനായി, ശ്വസിക്കുന്ന ലാഘവത്തോടെ ഇവർ കള്ളം പറയും. കത്തോലിക്കാസഭയ്ക്കു ഗുണമുള്ളതെങ്കിൽ മതനിന്ദാപരമായ കാര്യങ്ങൾ വരെ ഇവർ നടത്തിക്കൊടുക്കും. ഇവർ റോമിന്റെ ദല്ലാളന്മാരാണെന്ന കാര്യം നാം മറക്കരുത്. അതുകൊണ്ടല്ലേ, നോയമ്പുകാലത്തും കാശുമേടിച്ച് വിവാഹം നടത്തിക്കൊടുക്കുന്നതും, കസിൻസ് തമ്മിൽ വിവാഹം ചെയ്യാൻ അനുവദിക്കുന്നതും? പണം വാങ്ങിക്കൊണ്ട് സഭാനിയമങ്ങൾക്ക് ഇവർ ഇളവുനൽകുന്നു. യേശു പത്രോസിന് കെട്ടാനും അഴിക്കാനുമുള്ള അധികാരം നൽകി എന്ന വികലദൈവശാസ്ത്രത്തെ അംഗീകരിച്ചാൽ ത്തന്നെയും, ഇത്തരം പ്രവൃത്തികളെ എങ്ങനെ സാധൂകരിക്കും? ചിക്കാഗോ രൂപതയിൽ കല്യാണക്കുറിക്ക് മൂവായിരം ഡോളർ കൈക്കൂലി ചോദിച്ച സംഭവത്തിൽ അങ്ങാടിയത്ത് മെത്രാന്റെ പേരിൽ വക്കീൽനോട്ടീസ് അയച്ച കാര്യം ബന്ധപ്പെട്ടവർ പരസ്യമാക്കിയിരുന്നു. വിവാഹാവസരത്തിലും മരണക്കിടക്കയിലും കുഴിമാടത്തിലുംവരെ പ്രതികാരംതീർക്കുന്ന ഈ പുരോഹിതരെ നാം എങ്ങനെ വിശേഷിപ്പിക്കണം?

ലോകത്തിലെ സർവ്വമനുഷ്യരും പുരോഹിതരിൽനിന്ന് ഓടിയകലണം. കാരണം, ലോകത്തിലെ ഏറ്റവും വലിയ നിർഭാഗ്യവാന്മാരും അസന്തുഷ്ടരും അസഹിഷ്ണുതയുള്ളവരും സദാചാരവിരുദ്ധവ്രതം എടുത്തവരും കപടവേഷധാരികളുമായ ഇവർ കുരുടരായ വഴികാട്ടികളാണ്. രാജകീയ സിംഹാസനവും ത്രോണോസും ഇവർക്ക് ഒന്നിപ്പിക്കണം. ഏകാധിപതികളെപ്പോലെ ഇവർക്ക് ജീവിക്കണം.

കഴിഞ്ഞ പതിനാറു നൂറ്റാണ്ടുകൾ യൂറോപ്പിലെ ഏതെങ്കിലും ഒരു രാജ്യം സന്തോഷത്തിലും സമാധാനത്തിലും കഴിഞ്ഞതായി നിങ്ങൾ കേട്ടിട്ടുണ്ടോ? ജനങ്ങളെ തമ്മിൽത്തല്ലിക്കുന്ന വിദ്യയാണ് ക്രൈസ്തവ പൗരോഹിത്യം അഭ്യസിച്ചുവച്ചിരിക്കുന്നത്. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റുമാരെയും പ്രധാനമന്ത്രി ➔

മാരെയും പ്രസംഗപീഠത്തിൽ കയറി വിമർശിക്കുന്ന ഇവരുടെ അഹങ്കാരത്തിനൊരതിരുണ്ടോ? നികുതിയിളവു ലഭിച്ചിട്ടുള്ള ഇവർക്ക് അവരെ വിമർശിക്കാനെന്തവകാശം? അമേരിക്കയിൽ 'മതസ്വാതന്ത്ര്യം അപകടത്തിൽ' എന്ന മണ്ടത്തരം വിളിച്ചു പറഞ്ഞ പ്രവാസിമെത്രാനെ നിങ്ങൾ പുച്ഛിച്ചു തള്ളുവിൻ! ആ മനുഷ്യൻ നമുക്ക് നാണക്കേടാണ് വരുത്തിവയ്ക്കുന്നത്.

'വിശ്വാസപ്രചാരണസംഘം' എന്ന വത്തിക്കാന്റെ കള്ളസംഘടന പോപ്പിന്റെ നിർദ്ദേശമനുസരിച്ച്, ചിലന്തിവലപോലെ, ലോകംമുഴുവൻ രഹസ്യത്തിന്റെ കെണി തീർത്തുവച്ചിരിക്കയാണ്. വെട്ടിപ്പിടിച്ചെടുക്കലിന്റെ ചരിത്രമേ ഈ പൈശാചിക സ്ഥാപനത്തിനുള്ളൂ. ഈ സ്ഥാപനത്തിന്റെ രഹസ്യങ്ങൾ പൊന്തിഫിക്കൽ സീക്രട്ടാണ്. ഇവരുടെ ചെയ്തികൾ അതിരഹസ്യമാണ്. ആയിരക്കണക്കിന് നിഷ്ക്കളങ്കരായ കുട്ടികളെ ഈ പുരോഹിതവർഗം ബലാൽസംഗം ചെയ്തു. ആ ദുഷ്ടപുരോഹിതരെപ്പറ്റിയുള്ള ഫയലുകൾ നിമിഷങ്ങൾക്കകം അപ്രത്യക്ഷമായി. ദൈവത്തിന്റെ നീതിപാലകരാണിവർപോലും! ഈ കള്ളവിശ്വാസ പ്രചാരണസംഘം 19-ാം നൂറ്റാണ്ടിൽ അമേരിക്കയിലെ പ്രൊട്ടസ്റ്റന്റുകാരെ വസൂരി ബാധിച്ചവരെന്ന് മുദ്രകുത്തി അപമാനിച്ചു. 30 വർഷംകൊണ്ട് അവരെ നശിപ്പിക്കുമെന്ന് റോമാ വീമ്പിളക്കി. അതിനായി ഈ കള്ളസംഘം കോടികൾ മുടക്കി. അമേരിക്കൻ സ്വാതന്ത്ര്യത്തെയും ന്യൂനപക്ഷാവകാശങ്ങളെയും ദുരുപയോഗിച്ച് കരം കൊടുക്കാതെ കത്തോലിക്കാസഭ സാമ്പത്തികമായി വളർന്നു. എന്നാൽ, ഇന്നു യൂറോപ്പും അമേരിക്കയും ഈ പുരോഹിതപ്പിടിയിൽനിന്നു രക്ഷപ്പെട്ട് സ്വാതന്ത്ര്യം ശ്വസിക്കാൻ ആരംഭിച്ചിരിക്കുന്നു. അപ്പോഴാണ് സീറോ-മലബാർ എന്ന നഞ്ച് ലോകംമുഴുവൻ കലക്കി സീറോ-മലബാറുകാരെ അടിമകളാക്കാൻ ആരംഭിച്ചിരിക്കുന്നത്. സീറോ-മലബാർ പുരോഹിതർ ഒരു തുറന്ന യുദ്ധത്തിന് കോപ്പുകൂട്ടിക്കൊണ്ടിരിക്കുകയാണ്. മനുഷ്യവർഗത്തിന് യാതൊരു ഗുണവും ചെയ്യാത്ത വൃത്തികെട്ടവരും ദുർവൃത്തരും ദുഷിച്ചവരും അത്യാഗ്രഹികളും ബുദ്ധിഹീനരും തീറ്റക്കൊതിയന്മാരും മദ്യപരും വേലചെയ്യാതെ ഭൂമിക്കു ഭാരമായി ജീവിക്കുന്നവരും അധ്വാനിക്കുന്ന അല്മേനിയുടെ ചട്ടിയിൽ കൈയിട്ടുവാരുന്നവരുമായ ഈ കള്ളപ്പുരോഹിതർ ഇഴഞ്ഞുനീങ്ങുന്ന 'അനക്കോണ്ട' (Anaconda) കളാണ്. ഇവർ നമ്മെയും നമ്മുടെ കുടുംബത്തെയും വരിഞ്ഞുഞെരുക്കി ശ്വാസംമുട്ടിച്ച് ജീവനോടെ വിഴുങ്ങും.

യേശുപഠനങ്ങളെ നിങ്ങൾ സ്നേഹിക്കുന്നെങ്കിൽ, നിങ്ങൾ ജീവിക്കുന്ന രാജ്യത്തെ

ഇന്നു യൂറോപ്പും അമേരിക്കയും ഈ പുരോഹിതപ്പിടിയിൽനിന്നു രക്ഷപ്പെട്ട് സ്വാതന്ത്ര്യം ശ്വസിക്കാൻ ആരംഭിച്ചിരിക്കുന്നു. അപ്പോഴാണ് സീറോ-മലബാർ എന്ന നഞ്ച് ലോകംമുഴുവൻ കലക്കി സീറോ-മലബാറുകാരെ അടിമകളാക്കാൻ ആരംഭിച്ചിരിക്കുന്നത്. സീറോ-മലബാർ പുരോഹിതർ ഒരു തുറന്ന യുദ്ധത്തിന് കോപ്പുകൂട്ടിക്കൊണ്ടിരിക്കുകയാണ്.

നിങ്ങൾ സ്നേഹിക്കുന്നെങ്കിൽ, നിങ്ങളുടെ മക്കളെയും ഭാര്യയെയും നിങ്ങൾ സ്നേഹിക്കുന്നെങ്കിൽ, നിങ്ങൾ ഈ പുരോഹിതസർപ്പങ്ങളുടെ വിഷപ്പല്ലുകളിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുവിൻ! ഞാൻ മുകളിൽ വിവരിച്ച ഏതെങ്കിലും ഒരു കാര്യം നിങ്ങളെ സജീവരാക്കുന്നെങ്കിൽ, നമ്മുടെ രക്ഷകനും നാഥനുമായ യേശുവിനെ, അവിടുത്തെ വചനങ്ങളെ, പ്രഘോഷിക്കുവിൻ. ഈ പുരോഹിതപ്പടയോടു പൊരുതാൻ യുദ്ധക്കളത്തിലിറങ്ങുവിൻ. നിങ്ങളുടെ നിഷ്ക്കളങ്കമായ വിശ്വാസം യേശുവിൽ അർപ്പിക്കുവിൻ! പുരോഹിത പൈശാചികപ്രവർത്തനങ്ങളിൽനിന്നു നിങ്ങളുടെ വിശ്വാസത്തെയും രാജ്യത്തെയും രക്ഷിക്കുവിൻ! നിഷ്ഠൂര പീഡകരായ പുരോഹിതരുടെ അടിമത്തത്തിൽ നിന്നും നിങ്ങൾ രക്ഷ പ്രാപിക്കുവിൻ!

കുറെ അതിമോഹികൾ അവരുടെ കാര്യലാഭത്തിനായി ഈ പരിഷകളുടെകൂടെ കൂടുമെന്ന് നമുക്കറിയാം. പക്ഷേ, അത്തരക്കാർ യഥാർത്ഥ വിശ്വാസവും ഭക്തിയും കൂട്ടായ്മയും അച്ചടക്കവുമുള്ള വിശ്വാസികളാണെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ?

വിശ്വാസികളേ, ഉണരുവിൻ! യേശുക്രിസ്തു നമുക്കു സമ്പാദിച്ചുതന്ന സ്വാതന്ത്ര്യം ഈ പുരോഹിതവർഗത്തിന്റെ മുമ്പിൽ നിങ്ങൾ അടിയറവു വയ്ക്കരുത്. മയങ്ങിക്കിടക്കുന്ന വെസൂവിയൂസ് (Vesuvius) ആയ ഹിഡിംബിനി പൊട്ടിത്തെറിക്കട്ടെ! അവളുടെ അട്ടഹാസത്തിന്റെ നടുക്കം ഈ മ്ളേച്ഛന്മാരായ പുരോഹിതരുടെ ഹൃദയങ്ങളെ കിടിലംകൊള്ളിക്കട്ടെ! നിങ്ങൾക്ക് എല്ലാവിധ വിജയങ്ങളും നേരുന്നു! ●

# ഇടവകവികാരം



*[ശ്രീ.* **ബെർളി തോമസ്** *തന്റെ 'ബർളിത്തരങ്ങൾ' എന്ന ബ്ലോഗിൽ* (http://berlytharangal.com/?p=10646) *പ്രസിദ്ധീകരിച്ചത് - എഡിറ്റർ]*

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

**ജ**നസംഖ്യയിൽ 50 ശതമാനം വൃദ്ധൻമാരും 40 ശതമാനം പ്രവാസികളും ബാക്കി വരുന്ന 10 ശതമാനം അണ്ടനും അടകോടൻമാരുമായുള്ള പുത്തൻപള്ളി ഇടവകയിലെ കഴിഞ്ഞ 10 വർഷത്തെ വികസനപ്രവൃത്തികൾ ഒറ്റനോട്ടത്തിൽ:

ഈ ഇടവകയിലെ വിശ്വാസികളുടെ വികാരങ്ങളും ഇടവകവികാരിയുടെ വികസന അജൻഡകളും തമ്മിൽ ആർക്കെങ്കിലും എന്തെങ്കിലും താദാത്മ്യംതോന്നിയാൽ അത് തികച്ചും യാദൃച്ഛികം മാത്രമായിരിക്കും.

**ഫാ. കുര്യൻ കോൺട്രാക്ടറാങ്കൽ (2002-2005)**

പള്ളിയുടെ മുറ്റത്ത് തെക്കുഭാഗത്ത് കൂറ്റൻ കൊടിമരം - 5 ലക്ഷം രൂപ.

പള്ളിയുടെ മുറ്റംവരെ വാഹനം കയറ്റുന്നതിനുവേണ്ടി 50 വർഷം മുമ്പു പണിത നട പൊളിച്ച് റോഡ് പണിത് ഭിത്തി കെട്ടി ടാർ ചെയ്ത്, മുറ്റം കെട്ടിയ വകയിൽ - 10 ലക്ഷം രൂപ.

സെമിത്തേരിയുടെ വടക്കു ഭാഗത്തുള്ള ഗേറ്റ് അടച്ച് തെക്കുഭാഗത്ത് പുതിയ ഗേറ്റു പണിയാൻ - 2 ലക്ഷം രൂപ.

പള്ളി നവീകരണം, സൗന്ദര്യവൽക്കരണം 5 - ലക്ഷം രൂപ.

**ഫാ.ജോസഫ് തിരുത്തിമറ്റത്തിൽ (2005-2008)**

തെക്കുഭാഗത്തുള്ള കൊടിമരം നീക്കം ചെയ്ത് വടക്കുഭാഗത്ത് പുതുപുത്തൻ സ്വർണക്കൊടിമരവും കുരിശും - 7 ലക്ഷം രൂപ.

പരിശുദ്ധമായ പള്ളിമുറ്റം വാഹനങ്ങൾ കയറി നാശമാക്കാതിരിക്കുന്നതിനായി റോഡ് അടച്ച് ചുറ്റും നടകെട്ടുന്നതിനും അവശേഷിക്കുന്ന ഭാഗത്ത് പുല്ലു വച്ചുപിടിപ്പിക്കുന്നതിനും ചെലവായത് -15 ലക്ഷം രൂപ.

സെമിത്തേരിയുടെ തെക്കുഭാഗത്തുള്ള ഗേറ്റ് അടച്ച് പടിഞ്ഞാറുഭാഗത്ത് വലിയ ഗേറ്റും ലൈറ്റും - 5 ലക്ഷം രൂപ.

സൗന്ദര്യബോധമില്ലാത്ത പഴയ അച്ചന്റെ സൗന്ദര്യവൽക്കരണ ആഭാസങ്ങൾ പൊളിച്ചുനീക്കി തന്റെ സൗന്ദര്യബോധത്തിനനുസൃതമായുള്ള പുത്തൻ സൗന്ദര്യവൽക്കരണപരിപാടികൾക്ക് - 10 ലക്ഷം രൂപ.

**ഫാ.സെബാസ്റ്റ്യൻ പൊളിച്ചടുക്കിങ്കൽ (2008-2010)**

പള്ളിമുറ്റത്തുള്ള കൊടിമരം നീക്കം ചെയ്ത് അവിടെ പിയേത്താ ശിൽപവും ഇറ്റാലിയൻ ശൈലിയിലുള്ള ഗ്രോട്ടോയും നിർമിക്കാൻ ചെലവായത് - 25 ലക്ഷം രൂപ.

പള്ളിമുറ്റത്ത് അച്ചന്റെ കാറും ബൈക്കും അച്ചനെ കാണാൻ വരുന്ന വിഐപികളുടെ വാഹനങ്ങളും കയറ്റുന്നതിനു വേണ്ടി നടപൊളിച്ച് വിശാലമായ റോഡ് കെട്ടി ടൈൽ പതിക്കുന്നതിനും ഇരുവശങ്ങളിലും സോളാർ ലൈറ്റുകൾ സ്ഥാപിക്കുന്നതിനും - 15 ലക്ഷം രൂപ.

സെമിത്തേരിയിൽ വിഐപി കല്ലറകൾ പണിയുന്നതിനും സെമിത്തേരിയുടെ ഗേറ്റും മതിലും പൂർണമായി പൊളിച്ചു നീക്കി അവിടമൊരു പൂന്തോട്ടം പോലെ നവീകരിക്കുന്നതിനും ചെലവായത് - 25 ലക്ഷം രൂപ.

പള്ളിയുടെ പെയിന്റ് പൂർണമായും നീക്കി ക്രിസ്തുവിന്റെ പീഡാനുഭവം ചുവർചിത്രമായി ആലേഖനം ചെയ്യുന്നതിനും അൾത്താരയിൽ എഫക്ടിനു വേണ്ടി വിവിധതരം ലൈറ്റുകളും സൗണ്ട് സിസ്റ്റവും സ്ഥാപിക്കുന്നതിനും ചെലവായത് - 20 ലക്ഷം രൂപ.

**ഫാ. മാത്യു ലളിതനാനിക്കൽ (2010-2013)**

പള്ളിമുറ്റം വിശ്വാസികളുടെ മനസ്സിനു

ശാന്തിയും സമാധാനവും നൽകേണ്ട സ്ഥലമാണെന്നു തിരിച്ചറിഞ്ഞ് അവിടെയുള്ള ശിൽപവും ഗ്രോട്ടോയും കുണ്ടാമണ്ടികളും നീക്കംചെയ്ത്, ഒലിവ് മരവും കൃത്രിമ വെള്ളച്ചാട്ടവും സ്ഥാപിച്ച് വിശ്വാസത്തിന്റെ ലാളിത്യം പ്രകടമാക്കാൻ ചെലവായത് 30 ലക്ഷം രൂപ.

പള്ളിമുറ്റംവരെ വാഹനങ്ങൾ കയറുന്നത് ഒഴിവാക്കി, മുറ്റത്തിന്റെ അഞ്ചടി താഴെ വാഹനങ്ങൾ നിർത്തി വിശ്വാസികളെ ഇറക്കി പോകുന്നതിനു വേണ്ടി പ്രത്യേകം റോഡ് കെട്ടിയുയർത്തി ടാർ ചെയ്യുന്നതിനും താഴെ പാർക്കിങ് സൗകര്യം ഏർപ്പെടുത്തുന്നതിനും ചെലവായത് - 40 ലക്ഷം രൂപ.

പള്ളിയുടെ അടുത്തു തന്നെ സെമിത്തേരി നിലനിർത്തുന്നത് പഴയ സമ്പ്രദായമായതിനാലും സെമിത്തേരി പലരും ആർഭാടം പ്രകടിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതിനാലും നിലവിലുള്ള സെമിത്തേരി മതിൽകെട്ടി അടച്ച് ഒരു കിലോമീറ്റർ മാറി സെമിത്തേരിക്കു വേണ്ടി സ്ഥലം വാങ്ങാനും അവിടെ സെമിത്തേരി പണി തുടങ്ങാനും അതുമായി ബന്ധപ്പെട്ട് നാട്ടുകാർക്കെതിരെ കേസ് നടത്താനും ചെലവായത് - 8 കോടി രൂപ.

സൗന്ദര്യം എന്നത് ലാളിത്യത്തിലാണെന്ന പ്രപഞ്ചസത്യം വിശ്വാസികളെ ബോധിപ്പിക്കുന്നതിനുവേണ്ടി ചുവർചിത്രങ്ങളും ലൈറ്റുകളും സൗണ്ട് സിസ്റ്റവും മറ്റും പൊളിച്ചു നീക്കി നാടൻ കുമ്മായം പൂശാനും പള്ളിയുടെ മാർബിൾ തറ പൊളിച്ച് റെഡ് ഓക്സൈഡ് ഇടാനും ചെലവായത് - 10 ലക്ഷം രൂപ.

**പ്രത്യേക അറിയിപ്പ്:**

വിശ്വാസികൾ പള്ളിയിൽ നിന്നകലുന്നതിനു പ്രതിവിധി, വിശ്വാസികൾക്ക് പള്ളി ആകർഷകമായ ഒരു സ്ഥലമാക്കി മാറ്റുന്നതാണെന്നും, പള്ളിയിൽ പ്രാർഥനയ്ക്കു പുറമേ വിനോദോപാധികളും പാർക്ക് തുടങ്ങിയ സംഗതികളുമൊരുക്കി കുട്ടികളെ ആകർഷിക്കണമെന്നും വിശ്വസിക്കുന്ന പുതിയ അച്ചൻ ഇടവകയിലേക്കു സ്ഥലം മാറി വന്നിരിക്കുകയാണ്. അച്ചന്റെ പള്ളിനവീകരണ ഫണ്ടിലേക്ക് പണം സ്വരൂപിക്കുന്നതിനായി ഇടവകയിൽനിന്നും വിദേശത്തുള്ളവരിൽനിന്നും സംഭാവന സ്വീകരിക്കാൻ അച്ചൻ അമേരിക്ക, യൂറോപ്പ്, കാനഡ, യു.കെ തുടങ്ങിയ മേഖലകളിലേക്കുള്ള യാത്ര നാളെ ആരംഭിക്കുകയാണ്.

അച്ചൻ മടങ്ങിവരുന്നതുവരെയുള്ള മൂന്നു മാസം ഇടവകയിലെ നവീകരണപ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കുന്നത് അസിസ്റ്റന്റ് വികാരിയായ ഈ ഞാനായിരിക്കും.

●

### ഫ്രാൻസീസ് മാർപ്പാപ്പായ്ക്കു പിന്നാലെ, ഗീവർഗീസ് മാർ കൂറിലോസ് മാതൃകയാവുന്നു!

# പൊൻവെള്ളികുരിശുകളും സ്വർണക്കൊടിമരവും നിരോധിച്ചുകൊണ്ട് യാക്കോബായ സഭയിൽ ഇടയലേഖനം!

തിരുവല്ല : പള്ളികളിൽ നിന്നു പൊൻ-വെള്ളിക്കുരിശുകളും സ്വർണക്കൊടിമരവും ഒഴിവാക്കണമെന്നും ലാളിത്യത്തിന്റെ പ്രതീകമായ തടിക്കുരിശ് ഉപയോഗിക്കണമെന്നും യാക്കോബായ സഭ നിരണം ഭദ്രാസനത്തിന്റെ ഇടയലേഖനം.

ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ കൂറിലോസ് തയാറാക്കിയ ഇടയലേഖനം ഞായറാഴ്ച പള്ളികളിൽ വായിച്ചു. ക്രൈസ്തവർക്കിടയിലെ ആർഭാടവും ആഡംബരവും മദ്യപാന ശീലവും നിശിതമായി വിമർശിക്കുന്നതാണ് ലേഖനം.

ആർഭാടസംസ്കാരം ചെറുക്കാൻ പള്ളികളിൽ ആവശ്യമില്ലാത്തതും ധൂർത്തു നിറഞ്ഞതുമായ കരിമരുന്നു പ്രയോഗങ്ങൾ, ദീപാലങ്കാരങ്ങൾ എന്നിവ നിർബന്ധമായും ഒഴിവാക്കണമെന്നും സ്വർണക്കൊടിമരങ്ങൾ കർശനമായും നിരോധിക്കണമെന്നും. പൊൻ-വെള്ളിക്കുരിശുകൾ നിർത്തലാക്കി സുവിശേഷീകരണത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകണമെന്നും ലേഖനത്തിൽ പറയുന്നു.

കൂടാതെ, ഗതാഗതത്തടസ്സവും പൊതുജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുമുള്ള ദീർഘമായ റാസകൾ ഒഴിവാക്കാനും, പുതിയ ദേവാലയങ്ങൾ പണിയുമ്പോൾ ഇടവകാംഗങ്ങളുടെ എണ്ണം അനുസരിച്ചുള്ള വലുപ്പം മതിയെന്നു വെക്കാനും, കുരിശടികളുടെ നിർമാണത്തിൽ ലാളിത്യം പാലിക്കാനും ഇടയലേഖനം ആഹ്വാനം ചെയ്യുന്നു. മദ്യപർ ഇനിമുതൽ ഇടവക ഭരണ സമിതിയംഗങ്ങളായോ താക്കോൽസ്ഥാനികളായോ തെരഞ്ഞെടുക്കപ്പെടാൻ അയോഗ്യരായിരിക്കും എന്നും ഇടയലേഖനത്തിൽ പറയുന്നുണ്ട്.

**(കടപ്പാട് -** http://www.marunadanmalayali.com/index.php?page=newsDetail&id=13647).

സാരാംശം    അദ്ധ്യായം - 12

# ഭയപ്പെടുത്തരുത്



ജോസഫ് മറ്റപ്പള്ളി

[എന്തിനെയും യുക്തിയുടെയും സാദ്ധ്യതകളുടെയും കണ്ണാടിയിൽക്കൂടിമാത്രം കാണുന്ന നമുക്ക്, വി. ബൈബിളിനെ മനസ്സിലാക്കാനും ഇവയൊക്കെ ആവശ്യമാണ്. ബൈബിളിലെ ശാസ്ത്രീയതയും യുക്തിയും വിശകലനം ചെയ്യുന്ന ഈ പരമ്പര ബൈബിൾ പഠിക്കാനാഗ്രഹിക്കുന്നവർക്ക് ഒരു നല്ല മുഖവുരതന്നെയായിരിക്കും -എഡിറ്റർ]

**ഭ**യം ജീവിതത്തിൽ പാടില്ലായെന്നു പറഞ്ഞു; നിരുപദ്രവമെന്നു നാം കരുതുന്ന പല ചിട്ടവട്ടങ്ങളുടെയും നിയമങ്ങളുടെയുമൊക്കെ പിന്നിൽ, വിവിധ അളവിലുള്ള ഭയപ്പെടുത്തലുകളുണ്ട്. ദൈവത്തെ ഭയപ്പെടുവിനെന്ന് സുവിശേഷത്തിൽ പറയുന്നത്, ദൈവം എന്ന ശക്തി നാം കരുതുന്നതുപോലുള്ള ഒരു വസ്തുവല്ലെന്നോ, സാധാരണ കഴിവുകൾ മാത്രമുള്ള ഒരു ശക്തിയല്ലെന്നോ ഉള്ള അർത്ഥത്തിലായിരിക്കാനേ സാദ്ധ്യതയുള്ളൂ. നമ്മുടെ ഉള്ളിലുള്ള ഒന്നിനെ എപ്പോഴും ഭയന്നു ജീവിക്കുകയെന്നാൽ അതു മരണത്തിനു തുല്യം. പരീക്ഷയെ ഭയപ്പെടുകയെന്നതുകൊണ്ട് പരീക്ഷ നമ്മെ ഉപദ്രവിക്കുമെന്ന് അർത്ഥമില്ല. ദൈവം ഒരു ബോധതലമാണെന്നും സർവ്വചരാചരങ്ങളും ആ ബോധതലത്താൽ നിറയപ്പെട്ടിരിക്കുന്നുവെന്നുമാണ് ഏതൊരു മനുഷ്യനും ആദ്യം പഠിക്കേണ്ടത്? ഉതപ്പു കൊടുക്കുന്നവനുത്തമം മരണംതന്നെയാണെന്നും, പാപഹേതുവാകുന്നത് സ്വന്തം അവയവങ്ങൾ ആണെങ്കിലും അവ ഛേദിച്ചു കളയുകയാണു ഭേദമെന്നുമാണ് ബൈബിൾ സൂചിപ്പിക്കുന്നത്. മറ്റൊരുവൻ തെറ്റുചെയ്യാൻ സ്വന്തം വാക്കോ പ്രവൃത്തിയോപോലും കാരണമാകുമ്പോൾ അത് ഉതപ്പാണെങ്കിൽ, അതിനേക്കാൾ എത്ര വലിയ ഉതപ്പായിരിക്കും മറ്റൊരാളെ ഭയപ്പെടുത്തി തെറ്റ് ചെയ്യിക്കുന്നത്. വചനം ഗ്രഹിക്കേണ്ട ഒന്നാണെന്നും അതിനു അർത്ഥതലങ്ങൾ വ്യത്യസ്തമാവാമെന്നും പഠിപ്പിക്കുന്നതിനുപകരം, വചനം തെറ്റായി വ്യാഖ്യാനിക്കുകയും, അത് നിർബന്ധമായും എല്ലാവരും അംഗീകരിക്കണമെന്നു ശഠിക്കുകയും ചെയ്യുന്നവർ കൊടുക്കുന്ന ഉതപ്പ് മാപ്പർഹിക്കുന്നതാണോയെന്നു പോലും എനിക്ക് സംശയമുണ്ട്. യേശു ഏറ്റവും രൂക്ഷമായ ഭാഷയിൽ, നിയമജ്ഞരെയും പുരോഹിതരെയും സംബോധന ചെയ്തതിന്റെ കാരണവും മറ്റൊന്നായിരിക്കില്ല.

ഡോ. റൂപ്പെർട്ട് ഷെൽഡ്രേക്ക് എന്ന ശാസ്ത്രജ്ഞൻ ആവിഷ്കരിച്ച മോർഫിക് റെസൊണൻസ് സിദ്ധാന്തത്തിലൂടെ, തന്മാത്രാതലത്തിലാണെങ്കിൽപ്പോലും, ഈ പ്രപഞ്ചത്തിൽ ഉണ്ടാകുന്ന സർവ്വചലനങ്ങളും ആനുപാതികമായ പ്രത്യാഘാതങ്ങൾ പ്രപഞ്ചമാകെ സൃഷ്ടിക്കുന്നുവെന്നു പറഞ്ഞു. ഫലമില്ലാത്ത ഒരു കാരണവുമില്ല- അവ ഭൗതികമായാലും അഭൗതികമായാലും. വിതക്കുന്നവൻ വിതച്ചതു കൊയ്തേ തീരൂവെന്നും, വാളെടുക്കുന്നവൻ വാളാലെയെന്നും യേശു പറഞ്ഞത് ഓർമ്മിക്കുമല്ലോ. നാം സൃഷ്ടിച്ച കാരണങ്ങളുടെ ഫലം നാം തന്നെ അനുഭവിക്കണമെന്നല്ല ഇതിന്റെയർഥം. പക്ഷേ, ഫലം ആരെങ്കിലും (അല്ലെങ്കിൽ എന്തെങ്കിലും) അനുഭവിച്ചേ തീരൂവെന്നാണുതാനും. കുരിശുമരണംവഴി, മറ്റുള്ളവർ അനുഭവിക്കേണ്ടിയിരുന്ന ഫലങ്ങൾ സന്മനസ്സോടെ യേശു ഏറ്റെടുത്തു. ഇത്തരം ഏറ്റെടുക്കൽ യേശുവിനു മാത്രമല്ല ചെയ്യാവുന്നതെന്നും സദ്ഗുരുക്കന്മാരും സദ്സ്നേഹിതരും അങ്ങനെ ചെയ്തിട്ടുള്ള നിരവധി സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടെന്നും മറക്കരുത്. മറ്റുള്ളവരുടെ ദോഷഫലങ്ങൾ ഏറ്റെടുക്കുന്നതിനെപ്പറ്റി ചിന്തിക്കാത്ത സുഖലോലുപർ ഒരിക്കലും ഒരു മതത്തിന്റെയും രക്ഷകരായിരുന്നിട്ടില്ല.

എന്തുകൊണ്ട് നമ്മുടെ ജിവിതത്തിൽ, വ്യത്യസ്തങ്ങളായ ഫലമുളവാക്കുന്നതും ഏതാണ്ട് വ്യക്തിഗതങ്ങളുമായ സാഹചര്യങ്ങൾ രൂപംകൊള്ളുന്നു? ശാസ്ത്രവും മതവും ഇതിനെ അപഗ്രഥിക്കാൻ ശ്രമിച്ചെങ്കിലും യുക്തമായതോ പരസ്പരം യോജിക്കാവുന്നതോ ആയ നിഗമനങ്ങളിൽ ഇന്നേവരെ എത്തിയിട്ടില്ല. പക്ഷേ, കാരണത്തിന്റെയും ഫലത്തിന്റെയും പ്രാപഞ്ചികനിയമത്തിന്റെ കാര്യത്തിൽ ഇരുവരും വിയോജിക്കുന്നില്ലതാനും. താനറ്റോളജി (മരണത്തെ സംബന്ധിച്ചുള്ള പഠനം) പറയുന്നു, ജീവിതത്തിനു

സ്ഥൂലവും സൂക്ഷ്മവുമായ വ്യത്യസ്തതലങ്ങൾ ഉണ്ടെന്ന്. അവർ പക്ഷേ, പാപം, ശിക്ഷ എന്നൊരു ചിന്താസരണിയെപ്പറ്റി മിണ്ടുന്നില്ല. ഭാരതീയ തത്ത്വചിന്തകളിൽ കാണുന്ന, 'കർമ്മ' യെന്ന പദം സൂചിപ്പിക്കുന്ന, കാരണങ്ങളുടെയും ഫലങ്ങളുടെയും നീണ്ട ഒരു ചങ്ങലയിലൂടെ സാധിക്കുന്ന പരിണാമത്തെപ്പറ്റിയുള്ള വ്യാഖ്യാനം, ഇതിനെല്ലാം സ്പഷ്ടമായ മറുപടിയാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട് (കർമ്മയെ സംബന്ധിച്ച് ഈ ലേഖനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പൂർണ്ണമല്ല). ശാസ്ത്രം, ജീവിതത്തെ നാം കാണുന്നത്ര സമയ നീളം മാത്രമുള്ള ഒന്നായി പരിഗണിക്കുമ്പോൾ, 'കർമ്മ'ചിന്തകൾ അനുസ്യൂതം തുടരുന്ന ഒരു നീണ്ട ജനന-മരണ ശൃംഖലയുടെ ഭാഗമായി ഓരോ ജീവിതത്തെയും കാണുന്നു. കാര്യ-കാരണ തത്ത്വം ശരിയാണെന്നു പറയുന്ന പല മതങ്ങളും പക്ഷേ, 'കർമ്മ' പറയുന്ന പുനർജന്മത്തിന്റെ കാര്യത്തിൽ യോജിപ്പിലല്ല. വിതയ്ക്കുന്നവൻ വിതച്ചതു കൊയ്യും എന്ന വചനം ചേർത്തുവെച്ചാൽ ഓരോരുത്തർക്കും കിട്ടിയ പ്രത്യേക ജന്മങ്ങളും ജീവിതസാഹചര്യങ്ങളും ജനനത്തിനു വളരെ മുമ്പേ ഉണ്ടായ മറ്റു കാരണങ്ങൾകൊണ്ടാവാനേ വഴിയുള്ളൂതാനും.

പുനർജന്മം എന്ന ആശയം ക്രൈസ്തവസഭ പണ്ടേ തള്ളിക്കളഞ്ഞ ഒരു സിദ്ധാന്തമാണല്ലോ. ഇതിനു പുതിയ നിയമം എന്തു വ്യാഖ്യാനമാണ് നൽകുന്നതെന്ന് നോക്കിയാൽ, 'ഞാനാരാണെന്നാണ് മറ്റുള്ളവർ പറയുന്നതെ'ന്ന് സ്വന്തം ശിഷ്യന്മാരോട് യേശു ചോദിക്കുന്ന വചനഭാഗത്തേക്ക് പോവേണ്ടിവരും. നീ ക്രിസ്തുവാണ്, തിരുവവതാരമാണ്, ഏലിയാ പ്രവാചകന്റെ പുനർജനനമാണ്, സ്നാപകന്റെ ആത്മാവ് കുടിയേറിയതാണ് എന്നിങ്ങനെ നിരവധി സാദ്ധ്യതകൾ അപ്പോൾ ശിഷ്യന്മാർ പറയുന്നുണ്ട്. പാഷണ്ഡത നിറഞ്ഞ അഭിപ്രായങ്ങളായിരുന്നു അവയെങ്കിൽ യേശു അപ്പോൾത്തന്നെ അതു തിരുത്തുമായിരുന്നില്ലേ? സ്നാപകയോഹന്നാൻ ഏലിയാ പ്രവാചകന്റെ രണ്ടാം വരവാണെന്ന് ബൈബിൾ അസന്ദിഗ്ദ്ധമായി പറയുന്നുമുണ്ട്.

എന്തുകൊണ്ട് ആദം ശിക്ഷിക്കപ്പെട്ടുവെന്ന ചോദ്യവും, അതിനുള്ള തല്ജന്മ കാരണങ്ങൾ ആദാമിനു ണ്ടായിരുന്നില്ലല്ലോയെന്ന വാദഗതിയും തികച്ചും ന്യായം. ഇതിനു മറുപടി പറയുമ്പോൾ അൽപ്പം ശാസ്ത്ര സത്യങ്ങളും കൂടി പരിഗണിക്കാതെ വയ്യ. ദൈവത്തിന്റെ ഒരു ദിവസമെന്നു പറഞ്ഞാൽ അനന്തകോടി കോടി നക്ഷത്ര സമൂഹങ്ങളുള്ള ഈ പ്രപഞ്ചത്തിൽ വെറും ഒരു കണികയായ ഭൂമിയിൽ അനുഭവപ്പെടുന്ന ഇരുപത്തിനാല് മണിക്കൂർ മാത്രം ആയിരിക്കാൻ സാദ്ധ്യതയില്ലായെന്നു നേരത്തെ ഞാൻ പറഞ്ഞിരുന്നു. മനുഷ്യന് ചിന്തിക്കാനോ അളക്കാനോ സാദ്ധ്യമാവാത്ത അത്ര നീണ്ട ഒരു കാലമാണ് എല്ലാറ്റിന്റെയും അധിപനായ ദൈവത്തിന്റെ ഒരു ദിവസം എന്നും, ഡാർവ്വിൻ സൂചിപ്പിച്ച പരിണാമത്തിനു വേണ്ടത്ര സമയം മനുഷ്യൻ എടുത്തിരിക്കാം എന്നും ഞാൻ സൂചിപ്പിച്ചിരുന്നു. പ്രപഞ്ചം ഇവിടെ രൂപം കൊണ്ടിട്ട് (മഹാവിസ്ഫോടനം നടന്നിട്ട്) 1382 കോടി വർഷം ആയെന്നാണ് ശാസ്ത്രകാരന്മാർ കണ്ടെത്തിയിരിക്കുന്നത്. പ്രപഞ്ചം തുടങ്ങി എത്രയോ കോടി വർഷങ്ങൾ കഴിഞ്ഞാണ് മനുഷ്യൻ ഇവിടെ ഉണ്ടായത്. പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദു മനുഷ്യനായിരുന്നെങ്കിൽ അവനെ സൃഷ്ടിക്കാൻ എന്തേയിത്ര സമയമെടുത്തുവെന്ന ചോദ്യത്തിനുംകൂടി മറുപടി പറഞ്ഞുകൊണ്ടേ, പരമാവധി ആറായിരം വർഷംവരെ പിന്നോട്ട് പോകാവുന്ന ആദാമിന്റെ ജന്മകഥകളുമായി നമുക്കു മുന്നോട്ടു പോകാനാവൂ. ആദ്യമനുഷ്യനും, അതാരായിരുന്നാലും, പരിണാമത്തിലൂടെ നിരവധി കാരണങ്ങളുമായാണ് അവതരിച്ചതെന്നു ഞാൻ കരുതുന്നു. പറുദീസായിലെ ആദിപാപമെന്നതു കൊണ്ടുദ്ദേശിക്കുന്നത്, നാം നിർവ്വചിച്ചു വേർതിരിച്ചെടുത്ത ആദ്യത്തെ തെറ്റെന്ന അർത്ഥത്തിൽ ആയിരിക്കാനേ വഴിയുള്ളൂ. നാം ആരോപിക്കുന്ന തെറ്റാവട്ടെ, തെറ്റാണെന്ന് ആദത്തെ ശിക്ഷിച്ച സ്രഷ്ടാവുപോലും പറഞ്ഞിട്ടുമില്ല.

ദൈവം സ്രഷ്ടാവാണെങ്കിൽ സൃഷ്ടിതങ്ങളെല്ലാം സഹസ്രഷ്ടാക്കൾ ആയിരിക്കുമെന്നും നാം കണ്ടു കഴിഞ്ഞു. 'കർമ്മ'സിദ്ധാന്തം പറയുന്നത്, ഇവിടെ സംഭവിക്കുന്നതെല്ലാം നല്ലതിനാണെന്നും പൂർണ്ണതയിലേക്കു പോവാൻ ഓരോന്നിനും ആവശ്യമായ സാഹചര്യങ്ങളാണ് ഓരോന്നിനും ലഭിച്ചിരിക്കുന്നതെന്നുമാണ്. ഏതൊരു ജീവിതത്തിലുമുള്ള കൊച്ചുകൊച്ചു സംഭവവികാസങ്ങൾപോലും വളരെ മുന്നേ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഒരു പദ്ധതിക്കനുസരിച്ചാണ് ഉണ്ടാവുന്നതെന്നുതന്നെയാണ് ക്രിസ്ത്യാനികളും വിശ്വസിക്കുന്നത്. പ്രപഞ്ചത്തിന്റെ ഈ ചലനരീതിയെ ഒരു ദൈവികപദ്ധതിയെന്നു വിളിക്കുന്നതിനേക്കാൾ ഉചിതം, ദൈവികനിയമം എന്നു വിളിക്കുന്നതല്ലേയെന്നും ചിന്തിക്കേണ്ടതുണ്ട്. പാപി നരകത്തിൽ പോയേക്കാമെന്നല്ലല്ലോ, പോകുമെന്നല്ലേ നാം പറയുന്നത്?

ഭാരതീയ കർമ്മസിദ്ധാന്തപ്രകാരം, ക്രൂരദ്രോഹങ്ങൾ ചെയ്തു ജീവിച്ച ഒരു വ്യക്തി ചെയ്തതിനോളമെങ്കിലും പോന്ന പീഡനം സ്വയം സഹിക്കുമ്പോഴേ അവൻ സൃഷ്ടിച്ച കാരണങ്ങൾ ഇല്ലാതാവുന്നുള്ളൂ. അവന് ഒരു നീണ്ട സഹനപരമ്പരയാണ് വേണ്ടിയിരിക്കുന്നതെന്നു കരുതുക.സന്ദർഭവശാൽ, അവനു വരാൻ പോകുന്ന ദുർവ്വിധി മുന്നേ ദർശിച്ച മറ്റൊരാൾ, അയാളുടെ സ്വന്തം അഭീഷ്ടപ്രകാരം,

# രൂപതയുടെ അനുവാദത്തോടെ ആരംഭിച്ച സ്കൂൾ രൂപതയുടെ അനുവാദമില്ലാതെ നിർത്തലാക്കി




**ബെന്നി, പൈക്കാട്**

മണ്ണയ്ക്കനാട് (പൈക്കാട്) സെന്റ് സെബാസ്റ്റ്യൻസ് പള്ളിവക 'സെന്റ് ഡൊമിനിക്ക് സാവിയോ സ്കൂൾ' പുതുതായി ചാർജ്ജെടുത്ത വികാരി(ഫാ: ജോസ് മഠത്തിക്കുന്നേൽ) നിറുത്തലാക്കി.

പാലാ രൂപതയുടെ അംഗീകാരത്തോടെ 9 വർഷംമുമ്പാണ്, സി ബി എസ്സ് സി സിലബസ് പ്രകാരമുള്ള സ്ക്കൂൾ ആരംഭിച്ചത്. ഏതാണ്ട് ഒരു കോടി രൂപ ഇടവകക്കാരിൽനിന്നു പിരിച്ചെടുത്തു സ്ഥാപിച്ച് നല്ല നിലയിൽ നടത്തിക്കൊണ്ടിരുന്ന ഈ സ്ക്കൂൾ നിർത്തലാക്കുന്ന കാര്യം പള്ളിയോഗത്തിലോ പി ടി എ-യിലോ ആലോചിച്ചിട്ടില്ല എന്നാണറിയുന്നത്. സ്ക്കൂൾ നിർത്തലാക്കാൻ അനുവദിക്കണമെന്നഭ്യർത്ഥിച്ച് വികാരി രൂപതയെ സമീപിച്ചെങ്കിലും സ്കൂൾ നിർത്തലാക്കാതെ തുടർന്നും നടത്താനുള്ള നിർദ്ദേശമായിരുന്നുവത്രേ, രൂപതയിൽനിന്നും കൊടുത്തത്. എന്നാൽ, രൂപതാനിർദ്ദേശത്തിനു വിരുദ്ധമായി സ്കൂൾ നിറുത്തലാക്കുകയും സ്കൂൾവക വാൻ പത്രത്തിൽ പരസ്യം ചെയ്ത് (മനോരമ, മാർച്ച് 21) വിൽക്കുകയുമാണ് വികാരി ചെയ്തത്.

'അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു!' എന്നെഴുതിയ പരസ്യബോർഡുകൾ ഇപ്പോഴും കേടൊന്നുംകൂടാതെ നിൽപ്പുണ്ട്!

---

ഫലം അനുഭവിക്കേണ്ടവന് മുന്നറിയിപ്പുകൊടുക്കുകയും അയാൾ വേണ്ട മുൻകരുതലുകളെടുത്തു പലതും ഒഴിവാക്കിയെന്നും കരുതുക. ഇവിടെ, ഒന്നുകിൽ ഒരുവൻ അനുഭവിക്കേണ്ട ഫലം അനുഭവിക്കേണ്ടത് അത് ഒഴിവാക്കിയ വ്യക്തിയായി മാറും; അല്ലെങ്കിൽ, ഫലം വേറൊരു കാലത്തേക്കോ രീതിയിലേക്കോ മാറ്റപ്പെടും. മറ്റുള്ളവരുടെ ഭാവി പ്രവചിച്ച് അവരുടെ ജീവിതഗതി മാറ്റിയ വ്യക്തികൾ ബോധപൂർവ്വമാണ് അതു ചെയ്തതെങ്കിൽ അവർ അനുഭവിക്കേണ്ട ഫലം സ്വയം ഏൽക്കാൻ തയ്യാറുള്ളവരായിരുന്നിരിക്കണം. ഒരുവൻ സ്വന്തം ഇഷ്ടപ്രകാരമാണ് പ്രവചനങ്ങൾ സ്വീകരിക്കുന്നതെങ്കിൽ ഭാവിദർശകന് ഫലത്തിന്റെ വീതം പങ്കുവയ്ക്കേണ്ടി വരണമെന്നില്ല. പേരിനും പ്രശസ്തിക്കുംവേണ്ടി ദർശനവരം ദുരുപയോഗം ചെയ്തു ജീവിച്ചവരുടെ തുടർജീവിതയാത്ര ഒരിക്കലും സുഖകരമായിരുന്നിട്ടില്ല. അറിയുന്നവൻ പറയുന്നില്ല; പറയുന്നവൻ അറിയുന്നില്ല- അതാണ് പ്രവചനങ്ങളുടെ രഹസ്യം.

സ്വന്തം ഭാവി മുന്നേ അറിഞ്ഞതുകൊണ്ട് കർമ്മഫലം ഒഴിവാക്കാമെന്നു ഞാനേതായാലും വിശ്വസിക്കുന്നില്ല. സംഭവിക്കുന്നതെല്ലാം, അത് നല്ലതായാലും ചീത്തയായാലും, സ്വന്തം വളർച്ചയ്ക്ക് എന്നു കരുതാനാണ് എനിക്കിഷ്ടം. അങ്ങനെ ദൈവഹിതത്തിനു വിധേയമായ ജീവിതം വെറും പരിണാമത്തിലൂടെയല്ല; പകരം, വിപ്ലവകരമായ പരിണാമത്തിലൂടെയായിരിക്കും അവസ്ഥാന്തരം പ്രാപിച്ചുകൊണ്ടിരിക്കുന്നതും. ഭൗതിക രോഗശാന്തികൾക്കു പ്രാമുഖ്യം കൊടുക്കാത്ത, എന്നാൽ ആന്തരികവെളിച്ചം പകരാൻപോന്ന ശുശ്രൂഷകളാണ് ഇന്നിന്റെ ആവശ്യം. ●

# 'റോമൻ'സും 'ആമേ'നും നമ്മുടെ വിജയം




*(കഴിഞ്ഞ ലക്കത്തിൽനിന്നും തുടർച്ച)*

**- ഇപ്പൻ**

'**ആ**മ്മേ'നിൽ ആൾമാറാട്ടമൊന്നും ഇല്ല. ഒരു ഒറിജിനൽ വികാരിയച്ചൻതന്നെയാണ് വില്ലൻ. കണ്ണിൽ ചോരയില്ലാത്ത ഒരു ദുഷ്ടൻ! നായകൻ വട്ടോളിയച്ചന്റെ വേഷത്തിലെത്തുന്ന സാക്ഷാൽ ഗീവർഗീസ് പുണ്യവാളനും! മനുഷ്യരെ സ്നേഹിക്കുന്നതും സ്നേഹിക്കാൻ സഹായിക്കുന്നതും ദൈവത്തിനിഷ്ടപ്പെടുന്ന പ്രാർത്ഥനകളാണെന്ന് ഈ പടം ധ്വനിപ്പിക്കുന്നു. കൊച്ചച്ചൻ ഒരു മദാമ്മക്കൊച്ചിനെ സ്നേഹിക്കുന്നതും അവളുമൊത്ത് പള്ളിക്കകത്തുകയറി നൃത്തം ചെയ്യുന്നതുംവരെ ആസ്വദിക്കാൻ തക്കവണ്ണം സഹൃദയനാണു ദൈവം. ആ സ്നേഹം പ്രേമമാകുന്നതിനും ആ പ്രേമത്തിൽ കാമം കലരുന്നതിനും അവൾ പള്ളിമുറിയിൽ പെറ്റുകിടക്കുന്നതിനും അവരുടെ കുഞ്ഞുങ്ങൾ കിള്ളേ കിള്ളേന്നു തൊണ്ടകീറി കരയുന്നതിനുമൊന്നും ദൈവത്തിന് എതിർപ്പില്ല. ദൈവത്തെ ഭീകരനാക്കി ചിത്രീകരിച്ച് മനുഷ്യരെ അടിമത്തത്തിൽ തളച്ചിടുന്നവർക്കാണെതിർപ്പ്. മനുഷ്യരുടെ സ്നേഹസാന്ദ്രമായ ജീവിതത്തെ ബാധിക്കുന്ന തിന്മകളോട് ഏറ്റുമുട്ടുന്നതും ദൈവത്തിനേറ്റവും പ്രിയപ്പെട്ട പ്രാർത്ഥനയാണെന്ന് ഈ ചലച്ചിത്രം ധ്വനിപ്പിക്കുന്നു.

ഒരിടവകയിലെ കഥയാണു പറയുന്നതെങ്കിലും ആ ഇടവക ആഗോളസഭയുടെ പ്രതീകമായി പരിണമിക്കുന്നുണ്ട്. ആർഭാടങ്ങളുടെയും ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ഗോർഡിയൻ കുരുക്കിൽപ്പെട്ടു ശ്വാസംമുട്ടുന്ന ക്രൈസ്തവാദർശങ്ങളാണ് സിനിമ നിർമ്മിച്ചവരെ പ്രചോദിപ്പിച്ചിരിക്കുന്നത്. ഇന്നു കാണപ്പെടുന്ന വലിയൊരു ധൂർത്താണ്, പൗരാണികമൂല്യമുള്ള പള്ളികൾ പൊളിച്ച് പുതിയ പഞ്ചനക്ഷത്രപള്ളികൾ പണിയുന്നത്. മരാമത്തു വിഷയത്തിൽ മത്തുപിടിച്ചവരാണ് പല വികാരിയച്ചന്മാരും. 'മരാമത്തച്ചന്മാർ' എന്നറിയപ്പെടുന്ന ഇവർ രണ്ടുതരക്കാരുണ്ട്. 'ആ പള്ളീം ഈ പള്ളീമൊക്കെ ഞമ്മളാ പണിഞ്ഞ' തെന്നു മേനി പറഞ്ഞാൽ മതി ഒരു കൂട്ടർക്ക്. മറ്റേ




ക്കൂട്ടർക്ക് കമ്മീഷനിനത്തിൽ തടയുന്ന ഇടലാഭത്തിൽത്തന്നെയാണ് കണ്ണ്. 'ആമ്മേ'നിലെ വില്ലനായ വികാരിയച്ചൻ ഈ ഗണത്തിൽപെടുന്നു.

പാവപ്പെട്ട മനുഷ്യരെ ഇടിച്ചുപിഴിഞ്ഞു പിരിച്ച് പള്ളി പണിയുന്നവർ ഒരിരുപത്തഞ്ചുകൊല്ലം കഴിയുമ്പോൾ ഈ പള്ളികളിൽ കയറാൻ ആളുകളെ കിട്ടുമോ എന്നാലോചിക്കേണ്ടതുണ്ട്. നല്ലതിനാണെങ്കിലും ചീത്തയ്ക്കാണെങ്കിലും നമ്മുടെ ആളുകൾ അനുകരിക്കുന്നത് യൂറോപ്പിനെയാണ്. യൂറോപ്പിലിന്ന് പള്ളിയിലാളുകിട്ടാൻ പള്ളി പിരിഞ്ഞതിനു ശേഷം കോക്ടെയ്ൽ പാർട്ടികൾവരെ ഓഫർ ചെയ്യു

ന്നു! 'ആമ്മേ'നിൽ പൗരാണികമൂല്യമുള്ള പള്ളി പൊളിക്കാനുള്ള ആദ്യത്തെ മുട്ടു തുടങ്ങുമ്പോഴേ ഗീവർഗീസുപുണ്യാളച്ചന്റെ കുതിരക്കുളമ്പടി കേട്ടു തുടങ്ങുന്നു. പുതിയ ആത്മീയതയുടെ പാദപതന ഘോഷമായി സിനിമ കണ്ടിറങ്ങുമ്പോഴും അതു പ്രേക്ഷകരെ പിന്തുടരുന്നു. സിനിമയെന്ന കലാരൂപത്തിന്റെ സമസ്തസാദ്ധ്യതകളും ഉപയോഗിക്കാൻ ശ്രമിച്ചിട്ടുള്ള സിനിമയാണിത്. ഏതുതരം പ്രേക്ഷകർക്കും കൊടുത്ത കാശു മുതലായി എന്ന സന്തോഷത്തോടെ കണ്ടിരിക്കാവുന്ന പരീക്ഷണചിത്രം. ബുദ്ധിജീവി ജാടകളൊന്നുമില്ലെന്നു ചുരുക്കം. എന്നാൽ ആദ്യന്തം പുതുമ അനുഭവപ്പെടുകയും ചെയ്യുന്നു.

ഉപസംഹരിക്കുന്നതിനുമുമ്പ് 'റോമൻ'സിന്റെയും 'ആമ്മേ'ന്റെയും അണിയറയിലും മണിയറയിലും പ്രവർത്തിച്ച കലാകാരന്മാരെ അഭിനന്ദിക്കുന്നു! അവരുടെ ധൈര്യത്തിനുമുമ്പിൽ ശിരസു നമിക്കുന്നു! ഒപ്പം, ഇതു നമ്മുടെ വിജയമാണെന്ന് ലേശം ധാർഷ്ട്യത്തോടെ ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയും ചെയ്യുന്നു. ഈ നമ്മളിൽ ആരെല്ലാംപെടും? യൂദന്മാർ ഒരിക്കൽമാത്രം കൊന്ന കർത്താവിന്റെ ആദർശങ്ങളെ രണ്ടായിരംകൊല്ലമായി കൊല്ലാക്കൊല ചെയ്തുകൊണ്ടിരിക്കുന്ന കത്തോലിക്കാ മതമാഫിയായ്ക്കെതിരെ ചെറുവിരലെങ്കിലും അനക്കിയവരെല്ലാവരും പെടും. പൊൻകുന്നംകാരൻ വർക്കിയുടെ കത്തനാർ കഥകൾ, പുലിക്കുന്നേലിന്റെ 'ഓശാന'കൾ, സിസ്റ്റർ ജസ്മിയുടെ 'ആമ്മേൻ' (സിനിമയുടെ പേരും ആമ്മേൻ!), ഷിബുവച്ചന്റെ 'ഒരു വൈദികന്റെ ഹൃദയമിതാ' എന്ന ആത്മകഥ (റോമൻസിലെ ഒരച്ചന്റെ പേര് ഷിബുവെന്നാണ്), നമ്മുടെ എണ്ണമറ്റ ലഘുലേഖകൾ, ചർച്ചകൾ, പൊതുസമ്മേളനങ്ങൾ, 'സത്യജ്വാല' മാസിക, 'അത്മായശബ്ദം' ബ്ലോഗ് എന്നിവയൊക്കെ കത്തോലിക്കാ കരിങ്കൽക്കോട്ടയുടെ കടയ്ക്കൽ ചെന്നുപൊട്ടുന്ന മിസൈലുകളാണ്. ഒരു കന്യാസ്ത്രീക്കൊച്ചിന്റെ ദുർമരണത്തിൽ 20 വർഷമായി കടിച്ചുതൂങ്ങിക്കിടന്ന് ഒറ്റയ്ക്കങ്കംവെട്ടുന്ന, പെണ്ണുകെട്ടാൻപോലും മറന്ന, ജോമോൻ എന്ന ഒരു ചെറുപ്പക്കാരന്റെ ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും കുറച്ചൊന്നുമല്ല മതമാഫിയായെ വെള്ളം കുടിപ്പിച്ചത്. 'ജോയിന്റ് ക്രിസ്ത്യൻ കൗൺസി'ലും ഘടകസംഘടനകളും നടത്തിയ സമരങ്ങൾ, പ്രത്യേകിച്ച് ജെ.സി.സി.യുടെ പിന്തുണയിൽ മോണിക്കാ തോമസ് നയിച്ച രൂപതാമാർച്ചുകൾ, ലുബ്ധിച്ചാണെങ്കിലും ആ സമരങ്ങൾ ജനങ്ങളുടെ മുമ്പിലെത്തിച്ച മാധ്യമങ്ങൾ, 'ചർച്ച് ആക്ടി'നെ സംബന്ധിച്ച് നമ്മൾ മാധ്യമങ്ങളിൽ കൊടുത്ത പരസ്യപരമ്പരകൾ - ഇതെല്ലാംകൂടി സൃഷ്ടിച്ച നിർഭയമായ അന്തരീക്ഷമാണ്, യൂത്തുഫ്രണ്ടന്മാരും യുവദീപ്തിക്കാരും കെ.സി.വൈ.എം.കാരും കിടന്നു മുരളുകയും മുറുമുറുക്കുകയും ഗർജ്ജിക്കുകയും ചെയ്യുമ്പോഴും പടം പകിടപന്ത്രണ്ടായി ഓടാൻ കാരണം. അതുകൊണ്ടാണു പറഞ്ഞത് ഇതു നമ്മുടെ വിജയമാണെന്ന്. പടം ഓടിക്കാതിരിക്കാൻ അവർ യൂത്ത് ഫ്രണ്ടന്മാരെയും കെ.സി.വൈ.എംകാരെയും തെരുവിലിറക്കിയാൽ, പടം ഓടിക്കാൻവേണ്ടി നമ്മളും തെരുവിലിറങ്ങുമെന്ന്, മോണിക്കാസമരംകൊണ്ട് പതിന്മടങ്ങു ശക്തരായിരിക്കുന്ന നമ്മളെ ഇനിയും വളർത്തുന്നത് ബുദ്ധിയല്ലെന്ന്, മെത്രാന്മാർക്കുമാത്രമല്ല, മാണിസാറിനും അറിയാം. 'സെന്റ് ഡ്രാക്കുള' എന്ന സിനിമയുടെ അണിയറപ്രവർത്തകർ കെ.സി.വൈ.എം. കാരുടെയും യൂത്ത് ഫ്രണ്ടന്മാരുടെയും ഭീഷണിയുണ്ടായപ്പോൾ, ഡി.വൈ.എഫ്.ഐ.യെയോ, ആർ.എസ്.എസിനെയോ യൂത്ത് കോൺഗ്രസിനെയോ അല്ല അഭയം പ്രാപിച്ചത്; പകരം, മാമോദീസാ വെള്ളം വീണ 'ജോയിന്റ് ക്രിസ്ത്യൻ കൗൺസി'ലിന്റെ പ്രവർത്തകരെയാണ് എന്നത് നമുക്കഭിമാനിക്കാവുന്ന സംഗതിയാണ്. നമ്മുടെ ഞാണൊലി കേട്ടാൽത്തന്നെ ശത്രുക്കൾ ഞെട്ടിവിറയ്ക്കുമെന്നായിട്ടുണ്ട്. അമ്പയച്ചാൽ അപ്പോൾ എന്തായിരിക്കും കഥ?!

ഇങ്ങനെയൊരു തിരുത്തൽശക്തിയായിരിക്കാൻ, ആളുകൾ തെറ്റിദ്ധരിക്കുന്നതുപോലെ വലിയ സന്നാഹങ്ങളുടെയൊന്നും ആവശ്യമില്ല. എന്താവശ്യമുണ്ടായാലും യേശുവിന്റെ ആദർശങ്ങൾക്കുവേണ്ടി മരിക്കാൻ തയ്യാറുള്ള പത്തുപേരെങ്കിലും തെരുവിലിറങ്ങാനുണ്ടാവുക. 'സത്യജ്വാല'യും 'ഓശാന'യുംപോലുള്ള മാസികകൾ അകാലചരമം പ്രാപിക്കാതെ നോക്കുക. മാസത്തിലൊരിക്കലെങ്കിലും യേശുവിന്റെ ആദർശങ്ങളെക്കുറിച്ചു ചർച്ചചെയ്യുവാൻ ഒത്തുചേരുക. അതെ, ഞാൻ ശുഭാപ്തിവിശ്വാസിയാണ്. ചെഗുവേര പറഞ്ഞതുപോലെ, കൊല്ലാനേ പറ്റൂ; തോല്പിക്കാനാവില്ല.

ഫോൺ: 9446561252

## വരുന്നു, സഭാപ്രശ്നവുമായി മറ്റൊരു മലയാളസിനിമ – 'തോംസൺ വില്ല'

**റോമ**ൻസിനും ആമ്മേനും സെന്റ് ഡ്രാക്കുളയ്ക്കും പിന്നാലെ, സഭാധികാരികളുടെ പ്രഷർ കൂട്ടിയേക്കാവുന്ന മറ്റൊരു സിനിമ ഇതാ റിലീസിനൊരുങ്ങിയിരിക്കുന്നു! ക്നാനായ കത്തോലിക്കാ പശ്ചാത്തലത്തിൽ ഒരുക്കിയിരിക്കുന്ന 'തോംസൺ വില്ല', ക്നാനായ സമുദായത്തിനുപുറത്ത് വിവാഹംകഴിക്കുന്നവരെ സമുദായഭ്രഷ്ടരാക്കുന്ന അനാചാരത്തെയും, വംശശുദ്ധിയുടെപേരിൽ ഇന്ത്യൻ ദത്തെടുക്കൽ നിയമം ലംഘിക്കപ്പെടുന്ന സാഹചര്യത്തെയും തുറന്നു കാണിക്കുന്നതാണെന്ന് അറിയുന്നു.

അബിൻ ജേക്കബ്–ഡെന്നീസ് ജോസഫ് ടീമാണ് സിനിമ അണിയിച്ചൊരുക്കിയിരിക്കുന്നത്. (ഈ സിനിമയുടെ പ്രിവ്യൂ കണ്ടതിനുശേഷം പ്രശസ്ത എഴുത്തുകരി ഷീലാ മോൻസ് മുരിക്കൻ എഴുതിയ നിരൂപണം വായിക്കാൻ മെയ് 12–ലെ 'അൽമായശബ്ദം' ബ്ലോഗ് സന്ദർശിക്കുക.

# പുന്നയ്ക്കൽ
# സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ പ്രശ്നം
## താമരശ്ശേരി രൂപതാ മെത്രാന് 'കാത്തലിക് ലേമെൻസ് അസ്സോസിയേഷ'ന്റെ കത്ത്

**കാ**ത്തലിക് ലേമെൻസ് അസ്സോസിയേഷനുവേണ്ടി കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസിഡന്റ് വിൻസന്റ് മാത്യു, താമരശ്ശേരി രൂപതയുടെ മെത്രാൻ റെമീജിയോസ് പോൾ ഇഞ്ചനാനിയെ ബോധ്യപ്പെടുത്തുന്നത്:

യേശുവിൽ പ്രിയ സഹോദരാ,

താങ്കൾ ക്രൈസ്തവ വിശ്വാസവർഷത്തിലെ നോമ്പുകാലസന്ദേശമായി 2013 ഫെബ്രുവരി 10-ാം തീയതി ഞായറാഴ്ച താമരശ്ശേരി രൂപതയിലെ എല്ലാ ഇടവക പള്ളികളിലും വിശുദ്ധകുർബാനമദ്ധ്യേ വായിക്കുന്നതിനു നൽകിയ ലേഖനം വായിച്ചുകേട്ടു. ഈ ലേഖനത്തിൽ "ക്രിസ്തുവിന്റെ ദാസനായ താമരശ്ശേരി രൂപതാമെത്രാൻ" എന്ന് താങ്കളെക്കുറിച്ച് താങ്കൾതന്നെ സംബോധന നടത്തിയിട്ടുണ്ട്. എന്നാൽ ദാസൻ എന്ന സംബോധന മെത്രാന്മാരായ നിങ്ങളുടെ ജീവിതത്തിൽ എത്രത്തോളം പ്രാവർത്തികമാണ് എന്നതിൽ അൽമായരായ ഞങ്ങൾക്ക് തികച്ചും സംശയമുണ്ട്. ദാസൻ ആകണമെങ്കിൽ വിധേയത്വം അനിവാര്യമാണ്. പ്രത്യേകിച്ച് ക്രിസ്തുവിന്റെ ദാസനാകണമെങ്കിൽ കൂടുതൽ വിധേയത്വം ആവശ്യമാണ്. ക്രിസ്തു ഇന്നു ജീവിക്കുന്നത് സഭയിലൂടെയാണ്. ക്രിസ്തുവിന്റെ മണവാട്ടിയെന്നാണ് സഭയെക്കുറിച്ച് പറയുന്നത്. ക്രിസ്തുവിനു വിധേയപ്പെടുക എന്നത് സഭയ്ക്കു വിധേയപ്പെടുക എന്നതാണ്. ഈ വിധേയത്വമാണ് ദാസന്റെ രൂപം ധരിക്കുന്നത്. ചുരുങ്ങിയ ദശാബ്ദങ്ങളായി താങ്കൾ ഉൾപ്പെടെ മെത്രാന്മാർ ആരും ക്രിസ്തുവിന്റെ ദാസരല്ല. യേശുക്രിസ്തു മെത്രാന്മാരുടെ ദാസനായിരിക്കണം എന്ന രീതിയിലാണ് നിങ്ങളുടെ പ്രമാണങ്ങളും ശൈലിയും പ്രവൃത്തികളും. നിങ്ങളുടെ അധികാരത്തിനും നേട്ടങ്ങൾക്കുംവേണ്ടി യേശുക്രിസ്തുവിനെ അപഹാസ്യനാക്കുകയാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ക്രിസ്തുവിന്റെ വചനം പറയുന്നത് നിങ്ങൾ ഭൂമിയിൽ ആരെയും പിതാവെന്നും പരിശുദ്ധരെന്നും അഭിസംബോധന ചെയ്യരുതെന്നാണ്. നിങ്ങൾക്ക് പിതാവ് ഒന്നേയുള്ളൂ. അവൻ മാത്രമാണ് പരിശുദ്ധൻ (മത്തായി 23:8-12 കാണുക). എന്നാൽ, നിങ്ങൾ പിതാവെന്നും പരിശുദ്ധ പിതാവെന്നും സ്വയം നാമധേയത്വം സ്വീകരിച്ച് യേശു വചനങ്ങളെ അവഹേളിക്കുന്നു. അതുപോലെ വി.ബൈബിളിനും ഇൻഡ്യൻ ഭരണഘടനയ്ക്കും ജനാധിപത്യവ്യവസ്ഥിതിക്കും സന്മാർഗത്തിനും എതിരായ അനീതി നിറഞ്ഞതും ഒന്നിനൊന്ന് എതിരായതുമായ നിയമങ്ങൾ സൃഷ്ടിച്ച് സഭയിൽ പ്രാബല്യത്തിലാക്കുവാൻ ശ്രമിച്ച് നിങ്ങൾ ദൈവവചനത്തെ ലംഘിക്കുന്നു. ബൈബിൾ പ്രമാണമല്ലെന്നും, സഭയും സഭാസ്ഥാപനങ്ങളും ജീവകാരുണ്യപ്രവർത്തനത്തെ മുൻനിർത്തിയുള്ളതല്ലെന്നും, മതപരമായ പൊതു ആവശ്യാർത്ഥമുള്ളതല്ലെന്നും, ദൈവജനത്തിന് (സഭാംഗങ്ങൾക്ക്) ഇവകളിന്മേൽ യാതൊരുവിധ നിയന്ത്രണ അവകാശാധികാരങ്ങളോ ഇല്ലെന്നും, ട്രസ്റ്റോ ട്രസ്റ്റിന്റെ നിർവചനത്തിൽപോലുമോ വരുന്നവയല്ലെന്നും കാണിച്ച് വിവിധ കോടതികളിൽ കളവായി സത്യവാങ്മൂലങ്ങൾ നൽകി ഒന്നര ദശാബ്ദമായി സഭയുടെ നേർച്ചപ്പണം ഉപയോഗിച്ച് സഭയ്ക്കെതിരെ വ്യവഹാരം നടത്തിക്കൊണ്ടിരിക്കുന്ന നിങ്ങൾ എങ്ങനെ, ഏതുപ്രകാരം യേശുവിന്റെ ദാസന്മാരായിത്തീരുന്നുവെന്ന്, ഇടവകപ്പള്ളികൾവഴി ദൈവജനത്തെ ബോധ്യപ്പെടുത്തണം. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാനാണ് സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ പുത്രനായ യേശുവിനെ നിയോഗിച്ചത്. ഈ നിയോഗത്തിൽ ദാസന്റെ സമ്പൂർണ്ണ സമർപ്പണമാണുള്ളത്. യേശുക്രിസ്തു സ്വതന്ത്രമാക്കിയവരെ ബൈബിൾവിരുദ്ധ കാനോൻ നിയമവും രൂപതാനിയമങ്ങളുംമറ്റും ഉപയോഗിച്ച് വീണ്ടും ബന്ധിതരാക്കി അവരുടെ സ്വാതന്ത്ര്യം ഹനിച്ച് സഭയെ നിങ്ങളുടെ അടിമത്വത്തിലാക്കിയിരിക്കുന്നു.

താങ്കൾ ഉൾപ്പെടെയുള്ള രൂപതാമെത്രാന്മാർ സഭയുടെ പിതാക്കന്മാരാണെന്ന് നിങ്ങളുടെ നിയമംവഴി സ്വയം അവകാശപ്പെടുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെയെങ്കിൽ യേശുക്രിസ്തുവും മെത്രാന്മാരായ നിങ്ങളും തമ്മിൽ ആത്മീയമായോ നിയമപരമായോ നിലവിലുള്ള ബന്ധം എങ്ങനെയാണെന്ന് സഭയിൽ വ്യക്തമാക്കണം.

ദൈവത്തിന്റെ വലതുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്ന ക്രിസ്തു വസിക്കുന്ന ഉന്നതത്തിലുള്ളവയെ അന്വേഷിക്കുന്നതിന് സത്യപ്രതിജ്ഞയെടുത്ത നിങ്ങൾ ഭൂമിയിലുള്ള ഭൗതികവസ്തുക്കളെ

Late News

# മോണിക്കാ തോമസിന്റെ സ്ഥലം ധ്യാനകേന്ദ്രമാക്കുന്നതിനെതിരെ ഹിന്ദുഐക്യവേദി രംഗത്ത്!




**ആ**വേ മരിയാ ഭൂമിതട്ടിപ്പുകേസ് പുതിയ വഴിത്തിരിവിലേക്ക്!

ശ്രീമതി മോണിക്കാ തോമസിനെ കബളിപ്പിച്ച് ആവേ മരിയാ വൈദികർ തട്ടിയെടുത്ത സ്ഥലം ധ്യാനകേന്ദ്രമാക്കാൻ അനുവദിക്കില്ല എന്ന നിലപാട് ആദ്യംമുതലേ ഹിന്ദുഐക്യവേദി പുലർത്തിയിരുന്നു. അതിനാവശ്യമായ താല്ക്കാലിക സ്റ്റേ ഓർഡർ അവർ നേടിയിട്ടുമുണ്ട്. പൊൻകുന്നം അദാലത്ത് കോടതിയിൽ പുരോഹിതർ നൽകിയ മൊഴികളിൽനിന്നും, പ്രശ്നത്തിലിടപെട്ട ജെ.സി.സി.യുടെ പിന്തുണയിൽ മോണിക്കാ നടത്തിയ രൂപതാമാർച്ചുകൾക്കുശേഷവും തുടരുന്ന മൗനത്തിൽനിന്നും, മോണിക്കായ്ക്ക് സ്ഥലം വിട്ടുകൊടുക്കുകയില്ല എന്ന പുരോഹിത പിടിവാശി ബോധ്യപ്പെട്ടതാണ്, മാറിനിന്നിരുന്ന ഹിന്ദു ഐക്യവേദി രംഗത്തെത്താൻ കാരണം. മോണിക്കായും ജെ.സി.സിയും സമരത്തിന്റെ അടുത്ത ഘട്ടത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരുന്ന വേളയിലാണ് മറ്റൊരു വശത്തുനിന്നും ഇപ്രകാരം നമ്മുടെ നിലപാടിന് അനുകൂലമായ ഒരു നീക്കമുണ്ടായിരിക്കുന്നത്. അതിനു തുടക്കമായി, 2013 മെയ് 14-ന് എരുമേലി ടൗണിൽ സംസ്ഥാന നേതാവ് ശ്രീ. കുമ്മനം രാജശേഖരന്റെ അദ്ധ്യക്ഷതയിൽ ഹിന്ദു ഐക്യവേദിയുടെ പ്രതിഷേധയോഗം നടത്തുന്നു. ഈ യോഗത്തിൽ അവരുടെ പ്രത്യക്ഷസമരപരിപാടികൾ പ്രഖ്യാപിക്കുമെന്ന് അറിയുന്നു.

ഈ വിഷയത്തിലുള്ള ഹിന്ദു ഐക്യവേദിയുടെ സമാധാനപരമായ എല്ലാ സമരപരിപാടകൾക്കും 'സത്യജ്വാല' വിജയംനേരുന്നു! ●

അന്വേഷിക്കുകവഴി യേശുവിന്റെ ദാസ്യത്വം വെടിഞ്ഞ് അന്തിക്രിസ്തുവിന്റെ ദാസ്യത്വം സ്വീകരിച്ചിട്ടുള്ളവരായിമാറി. അതിനു തെളിവാണ്, പുന്നയ്ക്കൽ സെന്റ്സെബാസ്റ്റ്യൻസ് ഇടവക ഹൈസ്കൂൾ താമരശ്ശേരി കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസിക്ക് വിട്ടുകൊടുക്കേണ്ടതില്ലെന്നുള്ള ഇടവക പൊതുയോഗതീരുമാനങ്ങൾ മറച്ചുവച്ചും നിയമനങ്ങളെ മുന്നിൽ കണ്ട് കോടികൾ കരസ്ഥമാക്കാമെന്ന വ്യാമോഹത്തോടെയും ഈ സ്കൂൾ താമരശ്ശേരി കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയിൽ ലയിപ്പിക്കാൻ ഇടവക പൊതുയോഗ തീരുമാനമുണ്ടെന്ന് താങ്കൾ വ്യാജരേഖകൾ ഡി.ഇ.ഒക്ക് നൽകിയിട്ടുള്ളത്.

നിലവിലുള്ള ഇടവകപ്പള്ളി പൊതുയോഗങ്ങളെ അട്ടിമറിക്കുന്നതിനുവേണ്ടി താങ്കളുടെ കാനോൻ നിയമങ്ങളും രൂപതാനിയമങ്ങളും പ്രാബല്യത്തിലാക്കി, സഭാരംഭംമുതൽ നിലനിന്നുപോരുന്നതും വിശ്വാസാധിഷ്ഠിതവും ഭരണഘടനാവിധേയവും മൗലികാവകാശസംരക്ഷണാർത്ഥവുമായ പള്ളിപ്പൊതുയോഗത്തിന്റെ അവകാശാധികാരങ്ങളെ ഹനിക്കുന്നതിനുവേണ്ടി താങ്കൾ നടത്തിവരുന്ന ശ്രമങ്ങളിൽനിന്നും പിന്തിരിയണം. താങ്കൾ ഏകപക്ഷീയമായി പ്രഖ്യാപിച്ചു രൂപംകൊടുത്തുവരുന്ന പാരീഷ് കൗൺസിലും അൽമായരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പാസ്റ്ററൽ കൗൺസിലും റദ്ദാക്കണം. പാരീഷ് കൗൺസിലിൽനിന്നും ഇടവക ട്രസ്റ്റിമാരായി നോമിനേറ്റ് ചെയ്തിട്ടുള്ളവരെ താങ്കൾ പിൻവലിക്കണം. അല്ലാത്തപക്ഷം ഇടവകപൊതുയോഗത്തിന്റെ (അൽമായരുടെ) അവകാശസംരക്ഷണാർത്ഥം ഇടവകപ്പൊതുയോഗങ്ങൾ നിലനിർത്തുന്നതിനുവേണ്ടി താങ്കൾക്കും മറ്റുമെതിരെ 'കാത്തലിക് ലേമെൻസ് അസ്സോസിയേഷ'ന്റെ നേതൃത്വത്തിൽ നിയമനടപടികൾ ആരംഭിക്കുവാൻ നിർബന്ധിതരാകുമെന്ന വിവരം ഈ കത്തുവഴി താങ്കളെ അറിയിച്ചുകൊള്ളുന്നു.

11-02-2013 **വിൻസന്റ് മാത്യു** -9846177221
(പ്രസിഡന്റ്, കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ), കൂടരഞ്ഞി പോസ്റ്റ്, കോഴിക്കോട് - 673604 ●

ചുമ്മാ!

# നിങ്ങൾക്കും ആകാം യോഗീശ്വരൻ! (3-ാം ഭാഗം)

*(പന്ത്രണ്ടു ചോദ്യങ്ങൾ. മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകുന്നവർക്ക് 'സഭാചന്ദ്രൻ' പദവി!)*

**റോഷൻ ഫ്രാൻസിസ്**

**ചോദ്യം 1** :പോലീസ് അന്വേഷണവും, പാർലിമെന്ററി കമ്മിറ്റി അന്വേഷണവും ദേശീയ അന്വേഷണവും ഒരുപോലെ നേരിടുന്ന ഈ നൂറ്റാണ്ടിലെ ഒരു പ്രമുഖ സംഭവം?

***ഉത്തരങ്ങൾ:*** *അ) ഓസ്ട്രേലിയയിൽ കത്തോലിക്കാ വൈദികർ നടത്തിയ ബാലപീഡനം, ആ) സ്പെക്ട്രം അഴിമതി, ഇ) ആവേ മരിയാ തട്ടിപ്പുകേസ്, ഈ) റ്റി. പി. ചന്ദ്രശേഖരൻ വധക്കേസ്.*

**ചോദ്യം 2:** ക്ലാവർക്കുരിശ്-ക്രൂശിതരൂപ 'കുരിശുയുദ്ധം' ഒന്നിനൊന്നു ശക്തിപ്രാപിക്കുന്നു. ഇനി ഇതിനെ നേരിടാൻ താഴെപ്പറയുന്നതിൽ ഏതു മാർഗ്ഗമായിരിക്കും കൽദായവാദികളായ മെത്രാന്മാർ സ്വീകരിക്കുക?

***ഉത്തരങ്ങൾ:*** *അ) സീറോ- മലബാർ സഭ 'റോട്ടറി ക്ലബ്ബ്'പോലെത്തെ ഒരു സംഘടനയാണെന്നു പ്രഖ്യാപിക്കുക, ആ) മറുഭാഗത്തുള്ളവർ പണ്ട് കുമ്പസാരിച്ചപ്പോൾ പറഞ്ഞ പാപങ്ങൾ പരസ്യപ്പെടുത്തുമെന്നു ഭീഷണിപ്പെടുത്തുക, ഇ) വിശ്വാസികൾക്ക് ക്ലാവർ കുരിശ് തുന്നിച്ചേർത്ത യൂണിഫോം നിർബന്ധമാക്കുക. ഈ) ക്രൂശിതരൂപവാദികൾക്ക് കല്യാണക്കുറി നിഷേധിക്കുക*

**ചോദ്യം 3:** വരിക്കാർ പരസ്പരം മത്സരിച്ച് കൂടുതൽ വായനക്കാരെ ചേർക്കുന്നതുകൊണ്ട് അതിവേഗം വളരുന്ന ഏക കത്തോലിക്കാ പ്രസിദ്ധീകരണം?

***ഉത്തരങ്ങൾ:*** *അ) 'ദീപിക',കോട്ടയം, ആ) 'കത്തോലിക്കാസഭ', തൃശ്ശൂർ, ഇ) 'ദർശകൻ', കാഞ്ഞിരപ്പള്ളി, ഈ) 'സത്യജ്വാല', പാലാ.*

**ചോദ്യം 4:** മാർ പൗവ്വത്തിലിന് മുമ്പ് ഉണ്ടായിരുന്നതും കത്തോലിക്കർക്ക് ഇപ്പോൾ ഇല്ലാത്തതുമെന്ത്?

***ഉത്തരങ്ങൾ:*** *അ) സമാധാനം, ആ) അഭിമാനം, ഇ) വിശ്വാസം, ഉ) തൂങ്ങപ്പെട്ട രൂപം.*

**ചോദ്യം 5:** ആലഞ്ചേരി പിതാവിനു പറ്റിയ ഏറ്റവും വലിയ അബദ്ധം?

***ഉത്തരങ്ങൾ:*** *അ) സ്പീക്കർ കാർത്തികേയനെ കണ്ടപ്പോൾ കത്തോലിക്കാ സഭയെ അടിമുടി വിമർശിക്കുന്ന 'ഏകം സത്' എന്ന പുസ്തകം ഉപഹാരം കൊടുത്തത്, ആ ) ഇറ്റാലിയൻ നാവികരെ രക്ഷിക്കാൻ ഇന്ത്യയിലെ മന്ത്രിമാരെ വിളിച്ചു പറഞ്ഞിട്ടുണ്ടെന്നു ഇറ്റലിയിൽ പത്രസമ്മേളനം നടത്തി പറഞ്ഞത്, ഇ) റോമിൽ സീറോ -മലബാർ റസ്റ്റ് ഹൗസിന് കെട്ടിടം വാങ്ങിക്കാൻ സ്വയം ഇറങ്ങിത്തിരിച്ചത്, ഈ) കർദ്ദിനാളായി ഒന്ന് മിനുങ്ങാമെന്നു കരുതി കാക്കക്കൂട്ടിൽ ചെന്നു തലയിട്ടത്.*

**ചോദ്യം 6:** കേരളത്തിലെ കത്തോലിക്കാ മെത്രാന്മാർ ഇന്നു നേരിടുന്ന ഏറ്റവും വലിയ ഭീഷണി?

***ഉത്തരങ്ങൾ:*** *(അ) ഫ്രാൻസീസ് മാർപ്പാപ്പാ, (ആ) ചർച്ച് ആക്റ്റ്, ഇ) നഷ്ടപ്പെട്ട സുവിശേഷങ്ങൾ, (ഈ) സ്വർണ്ണ-വെള്ളിക്കുരിശുകൾ നിരോധിച്ചു കല്പനയിറക്കിയ ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ.*

**ചോദ്യം 7:** ഭൂതവും ഭാവിയും കേൾക്കുവാനും കാണുവാനും അനുഭവിക്കുവാനുമുള്ള ഒരു ഇന്ദ്രിയംകൂടി മെത്രാന്മാർക്കുണ്ടെങ്കിൽ എന്തു സംഭവിക്കുമായിരുന്നു?

***ഉത്തരങ്ങൾ:*** *(അ) മോണിക്കായുടെ ഭൂമി തിരിച്ചു കൊടുപ്പിക്കുമായിരുന്നു, (2) ഫാ. ബെനഡിക്ടിനെ വധശിക്ഷയ്ക്കു വിധിച്ച കുഞ്ഞിരാമൻ വൈദ്യരെ ശപിക്കുകയില്ലായിരുന്നു, (ഇ) വിദേശനിർമ്മിത ആഡംബര കാറുകൾ ഇറക്കുമതി ചെയ്യില്ലായിരുന്നു, (ഈ) പള്ളി പൊളിച്ചുപണി എന്ന ഹോബിയിൽനിന്നു അച്ചന്മാരെ വിലക്കിയേനെ.*

**ചോദ്യം 8:** 'ആമ്മേൻ' എന്നു കേൾക്കുമ്പോൾ ഓർമ്മവരുന്നത്?

***ഉത്തരങ്ങൾ:*** *(അ) ഒരു കന്യാസ്ത്രീയുടെ സഭാവിമർശനപരമായ ആത്മകഥ, (ആ) വികാരിയച്ചന്റെ ഇംഗിതങ്ങൾക്ക് പള്ളിക്കമ്മറ്റിക്കാരുടെ മറുപടി, (ഇ) പണ്ടത്തെ വിശ്വാസജീവിതം, (ഈ) കഠിനഹൃദയനായ വികാരിയച്ചനെതിരെ ഗീവർഗീസ് വെല്ലിച്ചനെ അവതരിപ്പിക്കുന്ന പുതിയ മലയാളസിനിമ.*

**ചോദ്യം 9:** സഭയെ വിമർശിക്കുന്നവരെ പുറത്താക്കാൻ സഭ തീരുമാനിച്ചാൽ എന്തു സംഭവിക്കും?

***ഉത്തരങ്ങൾ:*** *(അ) പള്ളികൾ കാലിയാകും, (ആ) മദ്യഷാപ്പുകളുടെ എണ്ണം കൂടും, (ഇ) മെത്രാന്മാർ മര്യാദ പഠിക്കും, (ഈ) പരിശുദ്ധാത്മാവ് പുറത്തു പോകും.*

**ചോദ്യം 10:** കേരളത്തിൽ പള്ളികളുടെ മേൽക്കൂര കത്തുന്നു, മുഖവാരം ഇടിയുന്നു, വാർത്തു തീരുന്നതിനു മുമ്പേ ഇടിവെട്ടേൽക്കുന്നു.... കാരണമെന്ത്?

***ഉത്തരങ്ങൾ:*** *((അ) നിർമ്മാണപ്പിശക്, (ആ) ദൈവകോപം, (ഇ) തട്ടിപ്പിനുള്ളിലെ തട്ടിപ്പ്, (ഈ) ഇടവകക്കാരുടെ പ്രാക്ക്.*

**ചോദ്യം 11:** തോമ്മാശ്ലീഹായുടെ ശവകുടീരം വാസ്തവത്തിൽ എവിടെയാണ്?

***ഉത്തരങ്ങൾ:*** *(അ) മാർക്കോ പോളോയുടെ യാത്രാക്കുറിപ്പുകളിൽ പറയുന്നതുപോലെ കൊടുങ്ങല്ലൂരിൽ, (ആ) പോർട്ട്ഗീസുകാർ പ്രചരിപ്പിച്ചതുപോലെ മൈലാപ്പൂരിൽ, (ഇ) റോമൻസഭാചരിത്രം അനുസരിച്ച് അഫ്ഗാനിസ്ഥാനിലെങ്ങോ, (ഈ) ചങ്ങനാശ്ശേരിക്കടുത്തു പായിപ്പാട്ട്.*

**ചോദ്യം 12:** കുമ്പസാരം നിർത്തലാക്കിയാൽ എന്തു സംഭവിക്കും?

***ഉത്തരങ്ങൾ:*** *(അ) പാപമോചനം കിട്ടാനിനി വഴിയില്ലെന്നറിയുമ്പോൾ പാപം ചെയ്യാനുള്ള പ്രേരണ കുറയും, (ആ) വൈദികർക്കു മനഃസമാധാനം കിട്ടാതാകും, (ഇ) പകരം, മറ്റെന്തെങ്കിലുമൊരു സൂത്രം പുരോഹിതർ കണ്ടുപിടിക്കും, (ഈ) യൂദാസ് അപ്പസ്തോലൻ കാണിച്ചതുപോലെ വിശ്വാസികൾ പോയി ആത്മഹത്യ ചെയ്യും.*



# ‘കേരളനസ്രാണികൾ തങ്ങളുടെ അഭിമാനം വീണ്ടെടുക്കണം’ - വർഗീസ് പാംബ്ലാനി

**പോ**ർട്ടുഗീസുകാരുടെ ബലാൽസംഗത്തിനുവിധേയമായി 1599-ൽ പിറന്നുവീണ കേരള കത്തോലിക്കാസഭയ്ക്ക് നസ്രാണിപൈതൃകമില്ലെന്നും, നമ്മുടെ നസ്രാണിവ്യക്തിത്വം കേരളസഭയിൽ പുനഃസ്ഥാപിച്ചുകൊണ്ടേ, ഒരു ജനതയെന്നനിലയിൽ അഭിമാനത്തോടെ നമുക്ക് മുന്നോട്ടുപോകാനാവു എന്നും റിസർവ്വ് ബാങ്ക് മുൻ ജനറൽ മാനേജർ ശ്രീ. വർഗീസ് പാംബ്ലാനി K.C.R.M-ന്റെ പ്രതിമാസ ചർച്ചയുടെ ഭാഗമായി പ്രസ്താവിച്ചു. 2013 ഏപ്രിൽ 27-ാം തീയതി, പാലാ ടോംസ് ചേമ്പർ ഹാളിൽ ‘കേരളത്തിൽ കത്തോലിക്കാസഭയുടെ സാംഗത്യം’ എന്ന വിഷയം അവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പാശ്ചാത്യരാജ്യങ്ങൾ ക്രൈസ്തവപാരമ്പര്യത്തെ, പ്രത്യേകിച്ച് കത്തോലിക്കാ പാരമ്പര്യത്തെ, തിരസ്കരിച്ചുകഴിഞ്ഞുവെന്നും, സഭാനേതൃത്വം എത്ര കിണഞ്ഞു പരിശ്രമിച്ചിട്ടും യൂറോപ്പിന്റെ പൈതൃകം ക്രിസ്തീയമാണെന്നംഗീകരിക്കാൻ യൂറോപ്യൻ യൂണിയൻ വിസമ്മതിക്കുകയാണുണ്ടായതെന്നും അദ്ദേഹം പറഞ്ഞു. അതിന്റെ ഭാഗമായി കലണ്ടറിൽ ക്രിസ്തുവർഷമെന്ന വിശേഷണം പോലും മാറ്റി. ADയ്ക്കു പകരം CE (Common Era) എന്നും, BC യ്ക്കു പകരം BCE (Before the Common Era) എന്നുമാക്കി. അങ്ങനെ, പ്രഭവസ്ഥലങ്ങളിൽനിന്നുതന്നെ നിഷ്കാസിതനായിക്കൊണ്ടിരിക്കുന്ന ഈ റോമൻ ആധിപത്യ മതസമ്പ്രദായത്തെ കേരളത്തിലെ നസ്രാണിക്രൈസ്തവർ ഇനിയും ചുമലിലേറ്റി നടക്കേണ്ട കാര്യമില്ല.

നസ്രാണിസഭയിൽ, ‘മാർ’ (പ്രഭു) എന്നോ, ‘പിതാവ്’ എന്നോ, ‘അച്ചൻ’ എന്നോ സ്വയം സ്ഥാനം നൽകി ഞെളിഞ്ഞു നടക്കുന്ന മെത്രാന്മാരോ പുരോഹിതരോ ഇല്ലായിരുന്നെന്നും, പകരം, പ്രായവും പക്വതയുള്ളവരും ധനമോഹികളല്ലാത്തവരുമായ മൂപ്പന്മാരായിരുന്നു നസ്രാണികളുടെ മാർഗ്ഗദർശികൾ എന്നും അദ്ദേഹം ചരിത്രഗ്രന്ഥങ്ങളുദ്ധരിച്ചു സമർത്ഥിച്ചു. നമ്മുടെ ആ സമ്പ്രദായമായിരുന്നു കൂടുതൽ ക്രൈസ്തവം, അതു പുനഃസ്ഥാപിക്കാൻ നാം ധീരമായി യത്നിക്കണം അദ്ദേഹം പറഞ്ഞു.

K.C.R.M വൈസ് ചെയർമാൻ പ്രൊഫ. ജോസഫ് വർഗ്ഗീസ് (ഇപ്പൻ) ആദ്ധ്യക്ഷ്യം വഹിച്ചു. സെക്രട്ടറി ശ്രീ. കെ.കെ. ജോസ് സ്വാഗതമാശംസിക്കുകയും, ‘സത്യജ്വാല’ എഡിറ്റർ ജോർജ് മൂലേച്ചാലിൽ വിഷയാവതാരകനെ സദസ്യർക്കു പരിചയപ്പെടുത്തി സംസാരിക്കുകയും ചെയ്തു. സർവ്വശ്രീ എം.കെ. തോമസ് മുട്ടപ്പള്ളിൽ, നാരായണപിള്ള എന്നിവരെകൂടാതെ കെ.സി.ആർ.എം-ന്റെ ഏതാനും ഭാരവാഹികളും വിഷയത്തോടു പ്രതികരിച്ചു സംസാരിച്ചു. ശ്രീ. വർഗീസ് പാംബ്ലാനിയുടെ മറുപടി പ്രസംഗത്തോടെ, പരിപാടി പര്യവസാനിച്ചു.

**കെ.കെ. ജോസ് കണ്ടത്തിൽ** (സെക്രട്ടറി, K.C.R.M)



Regd. No: M2-14438/12 **Sathyajwala** Price Rs. 15.00 May 2013

# 'സത്യജ്വാല' വിതരണംചെയ്യുന്ന പുസ്തകങ്ങൾ

| പുസ്തകം | ഗ്രന്ഥകാരൻ | വില |
|---|---|---|
| നഷ്ടപ്പെട്ട സുവിശേഷങ്ങൾ (പരിഭാഷ: എൻ.മൂസ്സാക്കുട്ടി) | എഡി: ഒ.വി.ഗോപാൽ | Rs.170 |
| അപ്രിയയാഗങ്ങൾ (138 ഗാനങ്ങളുടെ 2 സി.ഡി.സഹിതം) | സാമുവൽ കൂടൽ | Rs.150 |
| പരിപാവനങ്ങളായ അസംബന്ധങ്ങൾ | സേവ്യർ വില്യം (വിവ.സദാശിവൻ എം.പി.) | Rs.130 |
| ചരിത്രസത്യങ്ങളെ ഭയപ്പെടുന്ന സഭ | ഒരു സെയ്ഫ് പ്രസിദ്ധീകരണം | Rs.40 |
| പുതിയലോകം പുതിയവഴി | ഡി.പങ്കജാക്ഷൻ | Rs.70 |
| ആസ്തിക്യവാദം | എം.പി.പോൾ | Rs.60 |
| ശാസ്ത്രയുഗത്തിലെ വേദാന്തപഠനം | വയലാർ മൈക്കിൾ | Rs.80 |
| നസ്രായനും നാറാണത്തുഭ്രാന്തനും | ഇപ്പൻ | Rs.20 |
| അവബോധത്തിലേക്ക് (ഭാഗം I: ചിന്താപഥം) | സക്കറിയാസ് നെടുങ്കനാൽ | Rs.100 |
| അവബോധത്തിലേക്ക് (ഭാഗം II: ഭാവ്യതാപഥം) | സക്കറിയാസ് നെടുങ്കനാൽ | Rs.100 |
| മതാധിപത്യം കത്തോലിക്കാസഭയിൽ | ചാക്കോ കളരിക്കൽ | Rs.80 |
| ലൈംഗികതയും പൗരോഹിത്യവും | ചാക്കോ കളരിക്കൽ | Rs.80 |
| ഇടയൻ (നോവൽ) | ചാക്കോ കളരിക്കൽ | Rs.110 |
| മോചനകാഹളം (കവിത) | റവ. ഡോ.ജയിംസ് ഗുരുദാസ് CMI | Rs.90 |
| മതങ്ങളും പുരോഹിതമേധാവിത്വവും | പ്രൊഫ.കെ.എം.എബ്രാഹം | Rs.80 |
| കുപ്രസിദ്ധരായ മാർപ്പാപ്പാമാർ | പ്രൊഫ. കെ.എം. എബ്രഹാം | Rs.80 |
| ആദ്ധ്യാത്മികത ഉണർത്തുന്ന ചോദ്യങ്ങൾ | ജോർജ് മൂലേച്ചാലിൽ | Rs.50 |
| നവോത്ഥാനം നവനാഗരികതയിൽ | ജോർജ് മൂലേച്ചാലിൽ | Rs.90 |
| യേശുവും സഭയും | ജോർജ് മൂലേച്ചാലിൽ | Rs.80 |

**ഓശാനയിൽനിന്നുള്ള ഗ്രന്ഥങ്ങൾ:**

| | | |
|---|---|---|
| വർത്തമാനപ്പുസ്തകം (ആധുനികഭാഷാന്തരം-പ്രൊഫ.മാത്യു ഉലകംതറ) | പാറേമ്മാക്കൽ ഗോവർണ്ണദോർ | Rs.125 |
| മാനിക്കേയൻ കുരിശുവിവാദം - | വിവിധ ലേഖകർ | Rs.50 |
| ഉദയംപേരൂർ സൂനഹദോസ്- ഒരു ചരിത്രവിചാരണ | വിവിധ ലേഖകർ | Rs.50 |
| കേരളക്രൈസ്തവചരിത്രം - വിയോജനക്കുറിപ്പുകൾ | ജോസഫ് പുലിക്കുന്നേൽ | Rs.70 |
| കാനോൻ നിയമത്തിലെ കാണാച്ചരടുകൾ | ജോസഫ് പുലിക്കുന്നേൽ | Rs.80 |
| Identity of Nazrani Church of Kerala | ജോസഫ് പുലിക്കുന്നേൽ | Rs.75 |
| ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ | ജോസഫ് പുലിക്കുന്നേൽ | Rs.125 |
| പേപ്പസി- ചരിത്രപരമായ ഒരു പഠനം | ജോസഫ് പുലിക്കുന്നേൽ | Rs.50 |
| The Liturgy, Hierarchy & Spirituality of St.Thomas Christians in the Pre-Portuguese period- a study | ജോസഫ് പുലിക്കുന്നേൽ | Rs.25 |

(ആവശ്യമുള്ള ഗ്രന്ഥങ്ങളുടെ ലിസ്റ്റ് അറിയിച്ചുകൊണ്ട്, തുക 'സത്യജ്വാല'യുടെ സർക്കുലേഷൻ മാനേജർക്ക് അയയ്ക്കുക. സാധാരണ തപാലിൽ, പുസ്തകം അയച്ചുതരുന്നതാണ്. പോസ്റ്റേജ് സൗജന്യം. 500 രൂപയിൽ കൂടിയ തുകയ്ക്ക് പുസ്കങ്ങൾ വാങ്ങുന്നവർക്ക് വിലയിൽ 10% ഡിസ്ക്കൗണ്ട് ഉണ്ടായിരിക്കും)

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement, (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.